
# സാമൂഹ്യനാൾ വഴിയും ചാലയിൽ കുടുംബവും

വേലായുധപ്പണിക്കർ കാവാലം



# സാമൂഹ്യ നാൾ വഴിയും
# ചാലയിൽ കുടുംബവും

വേലായുധപ്പണിക്കർ
കാവാലം

Aryagayathri

ആര്യഗായത്രി പബ്ലിക്കേഷൻ
കോട്ടയം

**Samoohyanalvazhiyum Chalayilkudumbavum**

(Family Hisdtory)

By : Velayudha Panicker Kavalam

First Edition : 2009 December

Total pages : 92

Copies : 500

Cover Design : Harisheek Raja

Alla Rights Reserved

Printing : Learners' Offset Press

Published by

Arayagayathri Publications, Kottayam

Price Rs. 55

ISBN 81-7726-043-X

AGPM48D2009FID



# സമർപ്പണം

എന്റെ അടുത്ത തലമുറയുടെ അഞ്ചാം കണ്ണിയായ ഹരികൃഷ്ണൻ, കാവാലം 4-10-2009 ന് ഞങ്ങളോട് വിടപറഞ്ഞു.

കാവാലത്തിന്റെ നാടകപ്രസ്ഥാനത്തിന്റെ സംഘാടകനെന്ന നിലയിൽ കഴിഞ്ഞ ഒന്നരപതിറ്റാണ്ടോളം സ്തുത്യർഹമായി പ്രവർത്തിച്ചിരുന്നു ഹരികൃഷ്ണൻ.

കഴിഞ്ഞ നാലു കൊല്ലത്തോളമായി കാവാലത്തെ കുരുന്നു മനസ്സുകളുടെ കൂട്ടയ്മയ്ക്ക്, വേനലവധിക്കാലത്ത് കളമൊരുക്കുന്നതിന് ഹരികൃഷ്ണന്റെ സംഘാടകശേഷിയായിരുന്നു മുഖ്യ ബലം.

കുടുംബനാൾവഴിയുടെ പേരേടിൽ തീരാനാവാത്ത നഷ്ടംവരുത്തി ഞങ്ങളോടു വിട ചൊല്ലിയ ഹരിയുടെ സ്മരണയ്ക്കായി ഈ പുസ്തകം സമർപ്പിച്ചുകൊള്ളട്ടെ!

# ഉള്ളടക്കം


അവതാരിക - പി. നാരായണക്കുറുപ്പ്

വ്യക്തി, കുടുംബം, സമൂഹം - കാവാലം നാരായണപ്പണിക്കർ

അദ്ധ്യായം 1 - ഒരു പൂർവ്വകാലചരിത്രം

അദ്ധ്യായം 2 - മദ്ധ്യകാല ചരിത്രം

അനുബന്ധം

അദ്ധ്യായം 3 - ഒരു ആധുനിക ചരിത്രം

നഖചിത്രങ്ങൾ

ഒന്നുമൊന്നുമൊന്ന്

നീർമാതളച്ചോട്ടിൽ

അക്ഷരത്തിളക്കത്തിലെ കുട്ടനാടത്തം

## വേലായുധപ്പണിക്കർ കാവാലം

വേലായുധപ്പണിക്കർ 1939 സെപ്റ്റംബർ ഒന്നാം തീയതി (കൊ.വ 1115 ചിങ്ങം ഉത്രാടം) ചാലയിൽ കുഞ്ഞുലക്ഷ്മി അമ്മയുടെയും; ചേർത്തല മാളികയിൽ കോവിലകം ശ്രീ. ഗോദവർമ്മയുടെയും മകനായി കാവാലത്ത് ജനിച്ചു. സ്ക്കൂൾ വിദ്യാഭ്യാസം കാവാലം എൻ.എസ്.എസ്. ഹൈസ്ക്കൂളിലും, ഇന്റർമീഡിയേറ്റ് പഠനം ആലപ്പുഴ എസ്.ഡി. കോളേജിലും കഴിച്ച ശേഷം, പിലാനി ബിർലാ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്ക്നോളജി ആന്റ് സയൻസിൽ നിന്നും ബീ.ഫാം, എം.ഫാം ഡിഗ്രികൾ കരസ്ഥമാക്കി. പിന്നീട്, മെഡിക്കൽ കോളേജിൽ അദ്ധ്യാപകനായി കോഴിക്കോടും, തിരുവനന്തപുരത്തും പ്രവർത്തിച്ചു. 1995-ൽ പ്രൊഫസറായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും വിരമിച്ചു. പല ഫാർമസി ഗവേഷണ പ്രസിദ്ധീകരണങ്ങളും, മലയാളം ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കവിതകളും ഗ്രന്ഥകർത്താവിന്റേതായിട്ടുണ്ട്.

ഭാര്യ: ഉഷാപ്പണിക്കർ

മക്കൾ : ഡോ. ശംഭുപ്പണിക്കർ, വിഷ്ണു പാർവ്വതി

മരുമക്കൾ : ദീപാലി, പാർവതി, സതീഷ് സദാശിവൻ

പേരക്കിടാങ്ങൾ : ശാംഭവി പണിക്കർ, ദേവനാരായണൻ, അനന്ദനാരായണൻ.

## അവതാരിക

# വാലടിക്കാവ് എന്ന സാക്ഷാൽക്കാരം

വിജ്ഞാനവും അതിനാസ്പദമായ മനുഷ്യപ്രതിഭയും കാലത്തിന്റെ നേർവരയിലൂടെ അങ്ങനെ മുന്നേറുന്നു എന്ന ധാരണ ആധുനികരുടെ ഒരു അന്ധവിശ്വാസമാണെന്ന് വിദ്വാന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മൊത്തത്തിൽ എവിടെയും പുരോഗമനമാണു കാണുന്നത് എന്ന ഈ ധാരണ അപൂർണ നിരീക്ഷണത്തിലൂടെ കൈവന്ന ഒരു താർക്കികപ്രമാദമാണ്. നമ്മുടെ പ്രാചീനരെക്കാൾ കേമന്മാരാണ് എന്ന ഈ ധാരണക്കു ഇംഗ്ലീഷിന്റെ കടന്നേറ്റം ആക്കം കൂട്ടിയിട്ടുണ്ട്. ഭൗതികശാസ്ത്രത്തിലെ സാങ്കേതിക പദാവലി പ്രയോഗിച്ചു വിരട്ടിയാണ് എല്ലാരംഗത്തും ഉൽഗതിയാണെന്ന വിശ്വാസം അടിച്ചേൽപ്പിച്ചത്. സത്യത്തിൽ, മറ്റുരംഗങ്ങൾ പലതിലും ഇപ്പോഴും നമ്മൾ ബാലപാഠം ഉരുവിടുമ്പോൾ, പ്രാചീനർ ശൃംഗാഗ്രത്തിൽ കുതിച്ചെത്തിയിരുന്നു. ഇതിനു ദാർശനികമായ കാരണവും ചിലർ കണ്ടെത്തിയിട്ടുള്ളത്, ചുരുക്കത്തിൽ ഇതാണ്. പ്രാചീനത കുറഞ്ഞവർക്കു ആധികാരികത്വം കുറയാൻ കാരണം, അവർ ദൈവത്തിൽ നിന്ന് അകുന്നു; മനുഷ്യന്റെ ആത്യന്തികമായ അപചയത്തോട് കൂടുതൽ അടുത്തു നിൽക്കുന്നു. പ്രാചീനരുടെ ചില ആശയങ്ങൾ ഇന്നുനഷ്ടപ്പെട്ടുപോയ അമൂല്യ സത്യങ്ങളാകാം. നാട്യശാസ്ത്രത്തിലും, ധ്വനിസിദ്ധാന്തത്തിലും, വൈദിക(ഭാരതീയ) മതത്തിലും ഇതിന് ഉദാഹരണം എത്ര വേണമെങ്കിലുമുണ്ട്. പ്രത്യുദാഹരണമായി ഇതും പറയാം. ആധുനിക കലാശാലാപണ്ഡിതന്മാരുടെ പല നിഗമനങ്ങളും അബദ്ധജടിലമായ അന്ധവിശ്വാസമാണെന്ന്നാളെയൊരിക്കൽ വന്നു കൂടാം. അങ്ങനെ എത്രയോ തിയറികൾ കുഴിച്ചുമൂടപ്പെട്ടു കഴിഞ്ഞു.

ഈ വസ്തുതയെപ്പറ്റി ഓർമ വന്നത് കുട്ടനാട്ടിലെ ഒരു പ്രാചീന കുടുംബത്തിന്റെ ചരിത്രം ആ കുടുംബത്തിലെ ഒരംഗം എഴുതിയത്. വായിച്ചപ്പോഴാണ്. "സാമൂഹ്യനാൾവഴിയും ചാലയിൽ കുടുംബവും"എന്ന ഈ കൃതി എഴുതിയ പ്രൊഫസർ കാവാലം വേലായുധപ്പണിക്കർ കേരളീയ ജീവിതത്തിന്റെ തനിമയാണ് തുറന്നുകാട്ടുന്നത്. നമുക്ക് മനശാസ്ത്രപരമായ ഒരു ചികിത്സയാണിത്. വേണ്ടവർക്കു വ്യക്തിത്വം വീണ്ടെടുക്കാൻ ഒരു വഴി, ഒരു തരം സ്വയം തോന്നിപ്പിക്കൽ (ആട്ടോസജസ്റ്റ്യൻ) എന്നുപറയാം. ചരിത്രരേഖയും തലമുറയുടെ അനുഭവവും ആണ് ഇതിലെ ഓഷധി. ഉൽക്കർഷഹേതുകമായ ഇത്തരം ഭാവമൊന്നും തന്റെ ഈ കുറിപ്പുകൾക്കുള്ളതായി ലേഖകൻ എങ്ങും സൂചിപ്പിക്കുന്നതേ ഇല്ല. ഉൽബോധിപ്പിക്കപ്പെടുന്നു എന്ന വിചാരം നമുക്കും ഉണ്ടാവില്ല. എല്ലാം സത്യസന്ധമായ മനുഷ്യാനുഭവത്തിന്റെ കഥനം ആയതിനാൽ വന്നുകൂടിയതാണ് ലഘുലേഖ എന്നപേരിൽ ബൃഹദ്കഥ.

ഒരു കുടുംബകഥയിൽ നിന്നോ.? അതെങ്ങിനെ എന്നുപറയാം. സമഷ്ടി അല്ലെങ്കിൽ "മാക്രോകോസം", വ്യക്തി എന്ന 'മൈക്രോകോസ'ത്തിന്റെ ഘടനയും സ്വഭാവവും തന്നെയാണ് വിപുലമായ തോതിൽ ഉൾക്കൊള്ളുന്നത്. അതൊരു പ്രപഞ്ചസത്യമാണ്. കണത്തിൽ(ആറ്റം) ബ്രഹ്മാണ്ഡം (പ്രപഞ്ചം) തന്നെ അടങ്ങിയിരിക്കുന്നു എന്ന അന്തർദർശനം വിവേകാനന്ദ സ്വാമി ഉൽഘോഷിച്ചത്, അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ മുഴങ്ങി കേൾക്കാം. പിന്നീട് ഈ വെളിപാടിന് ആധുനിക ഭൗതികശാസ്ത്രം തെളിവുകൾ നൽകി. ഈ തത്ത്വം ചരിത്രരംഗത്തുദൃശ്യമാകുന്നത് രാഷ്ട്രത്തിന്റെ സമ്പൂർണചരിതം ഒരു ഗ്രാമത്തിന്റെ "ഒരു കുടുംബത്തിന്റെ" ചരിത്രത്തിൽ അതേപടി നിഴലിക്കുന്നതിലാണ്. ജീവിതത്തിന്റെ ആന്തരികവും ബാഹ്യവും ആയ അരങ്ങുകളിൽ മേളക്കൊഴുപ്പിന്റെ ചൈതന്യം പകർന്നതാണ് പ്രസ്തുത കുടുംബമെന്ന് അറിയാവുന്നവർ ഇന്നും ഉള്ളതിനാൽ ഇതിലൂടെ ദേശചരിത്രബോധം സൃഷ്ടിക്കാൻ ആരും പാടുപെടേണ്ടതില്ല. അങ്ങനെ പാടുപെട്ടാൽ, അത് ഉല്പാദനക്ഷമമല്ലാത്ത ഒരുതരം പറഞ്ഞു സമർഥിക്കലാവും എന്ന് അറിയാവുന്നത് കൊണ്ടാകാം പ്രൊ.വേലായുധപ്പണിക്കർ ഏതാണ്ടു ശുഷ്കമെന്നു തോന്നിക്കുന്ന ചുരുക്കെഴുത്തിൽ ചരിത്രം പറഞ്ഞിട്ട് ഒഴിഞ്ഞുമാറുന്നത്. സമുദ്രനിരപ്പിലും താഴെയുള്ള നിലത്ത്, വൈക്കംകായലിന്റെയും പമ്പാനദിയുടെയും തീരത്ത്,

ചളികുത്തിപ്പൊക്കി വരമ്പുകെട്ടി നെൽകൃഷിക്കു വിളഭൂമിതീർത്ത ആ വിരുതന്മാരായ പിതാമഹന്മാരുടെ ധീരോദാത്തതയെപ്പറ്റി നാട്ടുകാർ പറഞ്ഞ് (അതിൽ തകഴി ശിവശങ്കരപ്പിള്ളയും ചമ്പക്കുളം പാച്ചുപിള്ളയും ഒക്കെ ഉൾപ്പെടും) എനിക്കറിയാം. അതൊന്നും പ്രൊ.പണിക്കർ വിസ്തരിക്കുന്നില്ല - നാം ഊഹിക്കയേ വേണ്ടു. അതുപോലെ, എത്രയോ രംഗങ്ങളിൽ പാരംഗതൻ എന്നുതീർത്തും പറയാവുന്ന ഒരു അത്ഭുതവ്യക്തിത്വമാണ് സർദാർകെ.എം പണിക്കരുടേത്.നേരെ അനന്തിരോനായത് കൊണ്ടാവാം, പ്രൊ.പണിക്കർ അവിടെയും നിശ്ശബ്ദനാണ്.

മനുഷ്യൻ നേർവരയിലൂടെ മുന്നേറുന്നില്ല എന്നും, “പുരോഗമനം” എന്നു മുറവിളികൂട്ടി അധോലോകത്തേക്കു നിഷ്ക്രമിക്കുന്ന കാഴ്ചയും ചരിത്രത്തിലുണ്ട് എന്നും, ആദ്യമേ പറഞ്ഞതിന് ഒരു ഉദാഹരണമാണ് കുട്ടനാട്. മനുഷ്യപ്രയത്നം പൂവണിഞ്ഞതിന്റെ വിജയം, ജോലി ചെയ്യുന്നവനും, ചെയ്യിക്കുന്നവനും തമ്മിലുള്ള ഉറ്റസൗഹൃദം,ഇതിന്റെ ഫലമായി സമ്പൽസമൃദ്ധിയിലും, കലാസിദ്ധിയിലും, വിദ്യാതല്പരതയിലും മുന്നിട്ടു നിന്ന കുട്ടനാട്. ഇന്ന് ചെന്ന്നോക്കിയാലോ രാഷ്ട്രീയക്കാർ “പുരോഗമി” പ്പിച്ചതിന്റെ ദയനീയത കണ്ട് കണ്ണീരൊഴുക്കാം. കൃഷി ചെയ്യാൻ ആളില്ല- ഭൂനിയമംവന്നു. ജോലിചെയ്യാൻ ആളില്ല- യൂണിയൻ വന്നു. വിതക്കാനും കൊയ്യാനും യന്ത്രങ്ങൾകൊണ്ടുവന്നാൽ പാടത്തേക്കു അവയെ അടുപ്പിക്കില്ല-കമ്യൂണിസം വന്നു. കുട്ടനാട്ടിലെ ഈ കുടുംബാംഗമായ അയ്യപ്പപ്പണിക്കർ ‘വെയ്സ്റ്റ് ലാൻഡ്’ എന്ന ഇംഗ്ലീഷ്കൃതി തർജമചെയ്തതും, ‘കുരുക്ഷേത്രം’ എന്ന കവിത രചിച്ചതും മഹായുദ്ധം കൊണ്ടു തകർന്ന പാശ്ചാത്യരെ കണ്ടിട്ട് ആവണമെന്നില്ല. അങ്ങനെയാണെന്ന് ഏറെപ്പേർ ധരിച്ചിരിക്കുന്നു! നെല്ലിന്റെ സ്ഥാനത്ത് പുല്ലുകയറി, ധാതുസമ്പുഷ്ടമായ മണ്ണിന്റെ സ്ഥാനത്ത് ചുട്ട് അടുക്കിവെച്ച ഇഷ്ടിക കയറി, കൊയ്ത്തു പാട്ടിന്റെ സ്ഥാനത്ത് കൂട്ടായ വിലപേശൽ (കളക്റ്റീവ് ബാർഗെയ്നിംഗ്) കയറി! തരിശുനില സങ്കല്പത്തെ അങ്ങനെ യാഥാർത്ഥ്യമാക്കിമാറ്റിയ കുട്ടനാട് മുന്നിൽ കിടക്കുമ്പോൾ എന്തിന് പാശ്ചാത്യത്തിൽ പോണം?.

ആറ്റിലെ ഒഴുക്കു നിലച്ചപ്പോൾ ജീവിതത്തിന്റെ ചലനാത്മകതയും നിലച്ചു. ആറ്റിന്റെ അടിയൊഴുക്ക് താരാട്ടിന്റെ ഈണത്തിൽ കുട്ടനാടിന്റെ മനസ്സിലുണ്ട്. കുടുംബകഥകളിലും, ചക്രം ചവിട്ടുപാട്ടിലും ഇന്നും

കേൾക്കാം. അതിൽ താളം മാത്രമല്ല, താളത്തിനപ്പുറം ജീവിതവ്യാകരണമുണ്ട്. മടവീണെന്നു കേട്ടപ്പോൾ സാഹിത്യയോഗം ഉടൻ നിർത്തിവെച്ച്, എല്ലാവരും കൂടി മടകെട്ടാൻ ഓടുന്ന രംഗം ലോകത്തുമറ്റെവിടെ കാണാം? കുട്ടനാടൻനാടകം, മേൽപത്തുരിനെ ക്ഷണിച്ചുവരുത്തി പ്രക്രിയാസർവസ്വം എഴുതിക്കാനൊരു ചെമ്പകശ്ശേരിയും ഉണ്ടായിരുന്നു. ഒപ്പം തീപ്പെട്ടിവാങ്ങാൻ അടുത്ത കടയിലേക്കു കൊതുമ്പുവള്ളം തുഴഞ്ഞടുക്കുന്ന സ്കൂൾക്കുട്ടി. ജലദേവതയോ, വരുണനോ ഇവിടുത്തെ കുലദൈവം? അതുകൊണ്ടാവുമോ കേംബ്രിജിൽ നിന്നു തിരിച്ചുകപ്പലിൽ നാട്ടിലേക്കു പോന്ന സർദാർ കെ.എം പണിക്കർക്കു ലൈഫ്ബെൽറ്റിനെ ആശ്രയിച്ച്, അറ്റ് ലാന്റിക് സമുദ്രത്തിൽ നാലു നാൾ കിടന്നിട്ടും മനോബലം നഷ്ടപ്പെടാഞ്ഞത്. രണ്ടാം ലോകയുദ്ധകാലത്ത് ജർമൻ അന്തർവാഹിനിക്കപ്പൽ മുക്കിയതായിരുന്നു ആ യാത്രാക്കപ്പലിനെ. ഇതെപ്പറ്റി സർദാർ തന്നെ എഴുതിയ വിവരണം ഈ ഗ്രന്ഥത്തിന് അനുബന്ധമായി വായിക്കേണ്ടതാണ്. അതുപോലെതന്നെ മറ്റൊരു അനുബന്ധമായി വായിക്കേണ്ടതാണ് സർദാർ പണിക്കരെപ്പറ്റിമറ്റൊരനന്തരവൻ കവി അയ്യപ്പപ്പണിക്കർ എഴുതിയ 'ചരിത്രം സൃഷ്ടിച്ചു, ചരിത്രം രചിച്ചു' എന്ന ലേഖനം. സർദാറിനെക്കുറിച്ച് ഇന്നു ലഭ്യമായഗ്രന്ഥംഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധം ചെയ്ത 'കെ.എം പണിക്കർ സ്മരണ' ആണെന്നു തോന്നുന്നു. പലരുടെയും ലേഖനങ്ങളുണ്ടിതിൽ. എന്നിട്ടും അത്ഭുതകരമായ ആ വ്യക്തിത്വം സമഗ്രമായി പ്രതിപാദിക്കപ്പെട്ടില്ല. അത് എളുപ്പം സാദ്ധ്യമല്ല. കല, വേദാന്തം, നിരൂപണം, മാനവചരിത്രം, ഭാരതചരിത്രം,രാഷ്ട്രതന്ത്രം, കവിത, നോവൽ, പത്രാധിപത്യം എന്നിങ്ങനെ എല്ലാരംഗത്തും ആഴത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചതിന്റെ കഥയാണല്ലോ അത്.

പൂർവിക മഹിമാവർണനയിൽ നിന്ന് മാറി നിൽക്കണം എന്ന ശാഠ്യം എഴുത്തുകാരനുള്ളത് ഈ രചനയിൽ ഒട്ടേറെ ശൂന്യവേളകൾ സൃഷ്ടിക്കാനിടയായി. എങ്കിലും പിഴവില്ലാത്ത ചരിത്രദർശനം സാധിച്ചിരിക്കുന്നു എന്നതാണ് ശ്രദ്ധേയമായ നേട്ടം. വേണാടു മുതൽ വടക്കുംകൂർ വരെയുള്ള നാട്ടുരാജ്യങ്ങൾ തമ്മിൽ 18-ാം ശതകം മുതൽ നടന്ന യുദ്ധങ്ങൾ, മന്ത്രിമാരുടെയും, സേനാനായകന്മാരുടെയും കൂറുമാറ്റം ഉൾപ്പെടെ നടന്ന അന്നത്തെ അട്ടിമറികൾ, വിദേശികളോടു കൂട്ടുചേരുന്നിടത്ത് എത്തിച്ച തൊഴുത്തിൽകുത്ത്, എന്നിങ്ങനെയുള്ള വിധ്വംസകവൃത്തികളുടെ തുടർക്കഥ ഇവിടെയുണ്ട്. ലേഖകന് അടിവരയിട്ടു

കേൾക്കാം. അതിൽ താളം മാത്രമല്ല, താളത്തിനപ്പുറം ജീവിതവ്യാകരണമുണ്ട്. മടവീണെന്നു കേട്ടപ്പോൾ സാഹിത്യയോഗം ഉടൻ നിർത്തിവെച്ച്, എല്ലാവരും കൂടി മടകെട്ടാൻ ഓടുന്ന രംഗം ലോകത്തുമറ്റെവിടെ കാണാം? കുട്ടനാടൻനാടകം, മേൽപത്തൂരിനെ ക്ഷണിച്ചുവരുത്തി പ്രക്രിയാസർവസ്വം എഴുതിക്കാനൊരു ചെമ്പകശ്ശേരിയും ഉണ്ടായിരുന്നു. ഒപ്പം തീപ്പെട്ടിവാങ്ങാൻ അടുത്ത കടയിലേക്കു കൊതുമ്പുവള്ളം തുഴഞ്ഞടുക്കുന്ന സ്കൂൾക്കുട്ടി. ജലദേവതയോ, വരുണനോ ഇവിടുത്തെ കുലദൈവം? അതുകൊണ്ടാവുമോ കേംബ്രിജിൽ നിന്നു തിരിച്ചുകപ്പലിൽ നാട്ടിലേക്കു പോന്ന സർദാർ കെ.എം പണിക്കർക്കു ലൈഫ്ബെൽറ്റിനെ ആശ്രയിച്ച്, അറ്റ് ലാന്റിക് സമുദ്രത്തിൽ നാലു നാൾ കിടന്നിട്ടും മനോബലം നഷ്ടപ്പെടാഞ്ഞത്. രണ്ടാം ലോകയുദ്ധകാലത്ത് ജർമൻ അന്തർവാഹിനിക്കപ്പൽ മുക്കിയതായിരുന്നു ആ യാത്രാക്കപ്പലിനെ. ഇതെപ്പറ്റി സർദാർ തന്നെ എഴുതിയ വിവരണം ഈ ഗ്രന്ഥത്തിന് അനുബന്ധമായി വായിക്കേണ്ടതാണ്. അതുപോലെതന്നെ മറ്റൊരു അനുബന്ധമായി വായിക്കേണ്ടതാണ് സർദാർ പണിക്കരെപ്പറ്റിമറ്റൊരനന്തരവൻ കവി അയ്യപ്പപ്പണിക്കർ എഴുതിയ 'ചരിത്രം സൃഷ്ടിച്ചു, ചരിത്രം രചിച്ചു' എന്ന ലേഖനം. സർദാറിനെക്കുറിച്ച് ഇന്നു ലഭ്യമായഗ്രന്ഥംഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധം ചെയ്ത 'കെ.എം പണിക്കർ സ്മരണ' ആണെന്നു തോന്നുന്നു. പലരുടെയും ലേഖനങ്ങളുണ്ടിതിൽ. എന്നിട്ടും അത്ഭുതകരമായ ആ വ്യക്തിത്വം സമഗ്രമായി പ്രതിപാദിക്കപ്പെട്ടില്ല. അത് എളുപ്പം സാദ്ധ്യമല്ല. കല, വേദാന്തം, നിരൂപണം, മാനവചരിത്രം, ഭാരതചരിത്രം,രാഷ്ട്രതന്ത്രം, കവിത, നോവൽ, പത്രാധിപത്യം എന്നിങ്ങനെ എല്ലാരംഗത്തും ആഴത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചതിന്റെ കഥയാണല്ലോ അത്.

പൂർവിക മഹിമാവർണ്ണനയിൽ നിന്ന് മാറി നിൽക്കണം എന്ന ശാഠ്യം എഴുത്തുകാരന്നുള്ളത് ഈ രചനയിൽ ഒട്ടേറെ ശൂന്യവേളകൾ സൃഷ്ടിക്കാനിടയായി. എങ്കിലും പിഴവില്ലാത്ത ചരിത്രദർശനം സാധിച്ചിരിക്കുന്നു എന്നതാണ് ശ്രദ്ധേയമായ നേട്ടം. വേണാടു മുതൽ വടക്കുംകൂർ വരെയുള്ള നാട്ടുരാജ്യങ്ങൾ തമ്മിൽ 18-ാം ശതകം മുതൽ നടന്ന യുദ്ധങ്ങൾ, മന്ത്രിമാരുടെയും, സേനാനായകന്മാരുടെയും കൂറുമാറ്റം ഉൾപ്പെടെ നടന്ന അന്നത്തെ അട്ടിമറികൾ, വിദേശികളോടു കൂട്ടുചേരുന്നിടത്ത് എത്തിച്ച തൊഴുത്തിൽകുത്ത്, എന്നിങ്ങനെയുള്ള വിധ്വംസ കവൃത്തികളുടെ തുടർക്കഥ ഇവിടെയുണ്ട്. ലേഖകന് അടിവരയിട്ടു

പറയാനുള്ളതാകട്ടെ ഇക്കഥയല്ല, നാടൻ കലയുടെയും, തുള്ളലിന്റെയും പരിണാമത്തെപ്പറ്റിയാണ്. "കല സാധാരണ ജീവിതവുമായി സംവേദിക്കുന്ന അമ്പലപ്പുഴ കുട്ടനാടൻ ശീലം ബാക്കിരാജ്യങ്ങൾക്ക് ആ കാലഘട്ടത്തിൽ തുലോം അന്യമായിരുന്നു" എന്ന കണ്ടെത്തൽ കലാന്വേഷകർക്ക് വിലപ്പെട്ടതാണ്. 'കുഞ്ചൻനമ്പ്യാരുടെ സുവർണകാലം' ഉചിതമായ വികാരോഷ്മളതയോടാണ് വിവരിക്കപ്പെടുന്നത്. കുട്ടനാടൻതനിമയുള്ളവേഷവും,താളവും, ഭാഷയും എങ്ങനെ കലാരൂപത്തിന് ചടുലതയും വശ്യതയും ഉണ്ടാക്കിയെന്ന് നാം ഇവിടെ കണ്ടറിയുന്നു.

ഈഗൗരവതയുടെ ഇടയ്ക്കൊരു നേരംപോക്കു പറയട്ടെ. കുടുംബകോടതികളും മറ്റും ഇല്ലാതിരുന്ന അക്കാലത്ത് സങ്കീർണമായൊരു പ്രശ്നം ഒതുക്കിത്തീർത്തത് തെങ്ങിന്റെ കള്ള് ആയിരുന്നത്രേ. അയ്യപ്പപ്പണിക്കരുടെ ഒരു കവിതയെ വിശ്വസിക്കാമെങ്കിൽ 'ഗോത്രയാനം' എന്ന മനുഷ്യപുരോഗതിയുടെ ചിത്രീകരണത്തിലും 'കുടുംബപുരാണം' എന്ന കേരളഗ്രാമജീവിത ശൈലിയിലും കുട്ടനാടൻ തനിമ ആവാഹിച്ച കവിയാണ് ഇദ്ദേഹം. മുതുവേലിപാപ്പച്ചന്റെ വീട്ടിലായിരുന്നുവത്രേ വഴക്കെല്ലാം ഒതുക്കിത്തീർത്ത് കുടുംബാംഗങ്ങൾ ചേർന്ന് ഇങ്ങനെ കോറസ് പാടിയത്.

"പതയെട പതയെട നുരയെട
പതനുര പതനുര പതനുര
എടയെട പതയെട നുരയെട പതയെട"

"പണമെടടാ പാപ്പച്ച. എന്റപ്പച്ചാ, അപ്പാപ്പച്ചാ" എന്ന ഡിമാന്റ് "പതയെടനുരയെട"യിൽ ഒതുങ്ങിയത് ഗ്രാമീണതയുടെ ഒരു ശിശുസ്വഭാവം തന്നെ! വാശിയിലും നിഷ്കളങ്കത, അല്ലേ?

അയ്യപ്പപ്പണിക്കരുടെ കുടുംബപുരാണത്തിൽ, ളാച്ചിയമ്മയുടെ ശാഖയായി ഓലിക്കൽ വീട്ടിൽ താമസമാക്കിയവർ പ്രത്യക്ഷപ്പെടുന്നു. (ലക്ഷ്മി എന്ന സംസ്കൃത സംജ്ഞക്കു ളാച്ചി എന്ന അപഭ്രംശം വന്നത് ശ്രദ്ധിക്കുക). കായൽകുത്തിന്റെ ആദ്യസംരഭകനായ ഇരവികേശവപ്പണിക്കരുടെ വിവരണത്തിന് സർദാർ പണിക്കരെ ഉദ്ധരിച്ചിരിക്കുന്നു., പ്രൊ. വേലായുധപ്പണിക്കർ ഈ കൃതിയിൽ. ആറിന്റെ ഗതിമാറ്റുന്ന ഭഗീരഥയത്നമാണിത് എന്നത് മറക്കരുത്. അതിന്റെ മുദ്രയുണ്ട് ഈ കൃതിയുടെ ഒടുവിൽ കൊടുത്തിരിക്കുന്ന അനുബന്ധത്തിന്. കവിതാരംഗം ജേഷ്ഠനായ കാവാലത്തിനു വിട്ടുകൊടുത്തിട്ട്

അനുജൻ പണിക്കർ പിൻവാങ്ങിയതാണെന്നേ തോന്നു ഇരുവരുടെയും രചനകൾ ചേർത്തു വായിക്കുമ്പോൾ. തുഴ ജീവിതമാണ്, നദിയുടെ സ്വപ്നമാണ്. ഈ കവിതകൾ അങ്ങനെ പ്രാധാന്യമർഹിക്കുന്നു.

ഭാഗം വയ്ക്കലും ഭാഗം പിരിയലും വന്നു. കാർഷിക ബന്ധബിൽ 'കൃഷിബന്ദി'ൽ അവസാനിച്ചു. ഭാഗം വച്ചുകഴിഞ്ഞ അവസ്ഥയെപ്പറ്റി വേലായുധപ്പണിക്കർ ഹൃദയസ്പൃക്കായി പറയുന്നു."ഒരു കാര്യം പറയാതെവയ്യ . ഈ കുടുംബങ്ങളെല്ലാം തന്നെ വാലടിക്കാവിലെ കളരി പരദൈവങ്ങൾ വഴി ഇന്നും ആത്മീയമായ ബന്ധം പുലർത്തിവരുന്നുണ്ട്". നോക്കു-ഈ ബന്ധംതന്നെയല്ലേ നാനാത്വം നിറഞ്ഞ ഭാരതത്തിന്റെ ഏകത്വവും! വാലടിക്കാവ് കാവാലം നാരായണപ്പണിക്കരുടെ അവനവൻ കടമ്പയിലൂടെ മലയാള തനതുനാടകവേദിയിൽ ചിരപ്രതിഷ്ഠിതമാണല്ലോ. അവിടുത്തെ ഉത്സവത്തിനു പോകുന്ന ആട്ടപ്പണ്ടാരവും പാട്ടുപരിഷയും ഒക്കെയാണല്ലോ 'അവനവൻ കടമ്പ' ചാടിക്കടപ്പാൻ പൊല്ലാപ്പാടുപെടുന്നത്. നാടകവേദിയിലെ ആധുനികകാലത്തെ ഇതിഹാസമായ ഈ നാടകത്തിലെ വാലടിക്കാവ് കുട്ടനാട്ടിലെ ചാലയിൽ കുടുംബ ക്ഷേത്രത്തിന്റെ സ്ഥാനത്തു നിന്ന് വളർന്ന് കേരളീയ ശബ്ദതാളലതാഗൃഹങ്ങളുടെ അതിവിസ്തൃതമായ പടർപ്പായി, കേരളകലയുടെ മനോവീര്യത്തെ പുഷ്പങ്ങളായി മാറ്റി, കേരളകവിതയുടെയും നാടകത്തിന്റെയും സ്പന്ദതാളമാക്കി. കളരി പരദൈവങ്ങൾ ഭാരതാംബയായി. അവിടുത്ത ചിലമ്പൊലി ഭാരതഭൂമിയും കടന്ന് സമഷ്ടിയിലേക്കു ചേരുന്നു. ആധുനികത കൂടുതൽ പാശ്ചാത്യമായപ്പോൾ 'വാലടിക്കാവ്' ഒരു 'അശ്ലീഷപദ'മായി ഇന്നത്തെ പാട്ടുപരിഷക്കു തോന്നാം. ആ തോന്നൽ നിലനിൽക്കുകയില്ല എന്നാണ് നമുക്കുള്ള ചരിത്രപാഠം.

തിരുവനന്തപുരം — പി.നാരായണക്കുറുപ്പ്

14-01-2009

# വ്യക്തി, കുടുംബം, സമൂഹം

## (കാവാലം നാരായണപ്പണിക്കർ)

വ്യക്തി, കുടുംബം, നാട്, രാജ്യം, ലോകം ഇവയാണ് സാമൂഹ്യ ബന്ധത്തിന്റെ വികസനഘട്ടങ്ങൾ. ഇവയെല്ലാം തമ്മിൽ തമ്മിൽ നില നിൽക്കുന്ന ഘടന സമൂഹഗതിയെ ബാധിക്കുന്നുണ്ടെന്നു മാത്രമല്ല. അവയിൽ ആദ്യത്തെ ഘടകത്തിനു മറ്റുള്ളവയുടെ അന്യോന്യതയിൽ ചെലുത്താവുന്ന സ്വാധീനം ഒട്ടും കുറച്ചുകാണേണ്ട ഒന്നല്ലെന്നും ഓർമ്മിക്കണം. ഒരു കുടുംബം നാടിന്റേയും, സമൂഹത്തിന്റേയും സമ ഗ്രവികസനത്തിൽ നടത്തിയ ഇടപെടലുകൾ സാമൂഹ്യ 'നാൾവഴി' യാകുമ്പോൾ, അത് കാലത്തിന്റെ "പേരേടി" ലും സ്വന്തമുദ്രപതിപ്പി ക്കും. അങ്ങനെ കേവലകുടുംബാനുഭവങ്ങൾ ഒരു കുടുംബ-സമൂഹ കഥയായിത്തീരുന്നു. കുട്ടനാടിനെ നാടിന്റെ തന്നെ നെല്ലറയാക്കി ത്തീർക്കാൻ, കഴിഞ്ഞ തലമുറകളിൽ നടന്ന മഹത്തായ യജ്ഞം ഒരു കുടുംബനാഥന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണെങ്കിലും ,അതിന് സാമൂഹികമായ വ്യാപ്തി കൈവന്ന്, ഒരു ജനതയുടെ മുഴുവൻ സക്രി യമായ കർമ്മവിപാകമായി മാറുന്നു. രഹസ്യസ്വഭാവം പുലർത്തുന്ന ഇപ്പോഴത്തെ അണുകുംടുംബ ബന്ധത്തിൽ നിന്നും തികച്ചും വ്യത്യ സ്ഥമായ കാഴ്ച്ചപ്പാടായിരുന്നു പഴയകൂട്ടുകുടുംബത്തിനുണ്ടായിരുന്ന ത്. പ്രത്യേകിച്ചും കേരളത്തിൽ നിലനിന്ന മരുമക്കത്തായ വ്യവസ്ഥ യിൽ കുടുംബം എന്നത് അതിലെ അംഗങ്ങളുടെ ഇടയിൽ വിശ്വ സ്തത പുലർത്തുന്ന ദൃഢമായ കൂട്ടായ്മയായിരുന്നു. ട്രസ്റ്റ് എന്ന ഇംഗ്ലീ ഷുവാക്ക് ഇതിനുപാകമായിരുന്നു. ഇങ്ങിനി വരാത്തവണ്ണം മാഞ്ഞു പോയ, വംശനാശം സംഭവിച്ച, ഒരു സാമൂഹ്യാചാരം എന്ന് ആദായ ക്രമത്തെ പുതിയ തലമുറയ്ക്ക് ആലോചിച്ചെടുക്കാം.

കുടുംബവും സമൂഹവും വന്ന വഴികളിലൂടെ മടക്കയാത്ര നട ത്തുമ്പോൾ ഒരിക്കലെങ്കിലും കണ്ട മുഖങ്ങളെ മറക്കാൻ കഴിയുമോ

എന്നു ചിന്തിച്ചുപോകാറുണ്ട്. കാരണം അത്തരം ഗ്രാമീണമുഖങ്ങളിൽ ഓർമ്മകളെ തഴുകിയെത്തുന്ന പരമ്പരകൾ പടുത്ത ബന്ധബന്ധനങ്ങളുടെ ഛായാസാമ്യവും, ശബ്ദസാദൃശ്യവും, പെരുമാറ്റവഴക്കങ്ങളും തിരഞ്ഞു പിടിക്കാൻ കഴിയുന്നു. പക്ഷെ, ജീവിച്ചിരിക്കുന്ന മൂപ്പെത്തിയവർക്ക് പിന്നിലേക്ക് എത്രതലമുറയെപ്പറ്റി പറയാൻ കഴിയും? രണ്ട്, മൂന്ന് അല്ലെങ്കിൽ കഷ്ടി നാല്, ഏറിയാൽ അഞ്ച്, ഒരേ സമയം അഞ്ചെണ്ണം കൂട്ടിമുട്ടുന്നഘട്ടങ്ങളിൽപ്പെട്ടവർക്ക് ബന്ധ ദാർഢ്യത്തെപ്പറ്റി വലിപ്പം വെക്കാം. കുടുംബവൃക്ഷങ്ങൾ ചിത്രത്തിൽ നട്ടു പിടിപ്പിച്ചവർക്ക് ഇതിലേറെ കഴിഞ്ഞേക്കാം. സ്വന്തം വേരുകൾതേടി പിന്നാക്കംപോകാനുള്ള വാസന ഉണ്ടാവുക എന്നത്. അഥവാ അതിനുള്ള ആവേശം ശീലിക്കുക എന്നത് ഒരു പ്രത്യേക സാംസ്കാരിക സിദ്ധിയാണ്. അഭികാമ്യമായ സാമൂഹിക ചിന്തയാണ്.

വേലായുധപ്പണിക്കർ ഞങ്ങളുടെ കുടുംബചരിത്രത്തിലൂടെ വായിച്ചെടുക്കാൻ ശ്രമിക്കുന്ന സാമൂഹ്യനാൾവഴി, ആത്യന്തിക സാമൂഹിക വികാസമായി പരിണമിക്കുന്നു. സാംസ്കാരികമായ പേരേട് വ്യക്തിയുടെ സമഗ്രവികാസത്തിന്റെ പേർവഴിക്കണക്കുതന്നെയാണ്. ഈ ധാരണ ഞങ്ങളുടെ കൊച്ചുനാട്ടിൽ വളർന്നുവരുന്ന തലമുറയെ അറിയിക്കാനും ബോധ്യപ്പെടുത്താനും കൂടെക്കൂടെ നാട്ടുമണ്ണിലേക്കും മനസ്സിലേക്കും നടത്തുന്ന തീർത്ഥാടനങ്ങൾ എന്നെ ഒരു സാമൂഹ്യജീവിയായി മാറ്റുന്നു. കൂട്ടത്തോടുള്ള കടമകളെപ്പറ്റി ബോധവാനാക്കുന്നു. അവിടെ, പണ്ടേ നടത്തിപ്പോന്ന കായൽകൃഷിയുടെ പിൻതുടർച്ച കാലമാറ്റത്താൽ ഇട്ടെറിയേണ്ടിവന്നു. ആ തൊഴിലിൽ നിന്നും പിൻവാങ്ങിയെങ്കിലും, നഷ്ടപ്പെട്ട കൃഷിയിടവുമടങ്ങുന്ന മുഴുവൻ നാടിന്റേയും 'ജന്മം' നേടിയെന്ന സന്തോഷത്തോടെ ആ പേര് ഔദ്ധത്യലേശമില്ലാതെ സ്വന്തമാക്കാൻ മടിച്ചില്ല. നഷ്ടപ്പെട്ട നിലംകൃഷി അവിടുത്തെ വളരുന്ന തലമുറയുടെ മനപ്പാടങ്ങളിൽ നടത്താൻ മധ്യവേനലവധിക്കാലങ്ങളിൽ "കുരുന്നുകൂട്ടം" ചമയ്ക്കാൻ കാവാലത്തുചെന്നെത്തുമ്പോഴും, കുടുംബം വകയായി വടക്കേക്കൂറ്റ് അമ്പലത്തിൽ നടത്തിവന്ന താലപ്പൊലിക്ക് മുടിയേറ്റുനടത്താൻ കൂടുമ്പോഴും, കുട്ടിക്കാലത്ത് മരുമക്കത്തായ വ്യവസ്ഥയിൽ ശീലിച്ച സാമൂഹ്യ കൂട്ടായ്മയെവളമിട്ടു വളർത്തുക എന്ന പവിത്ര കർമ്മമാണ് ഞാനും എന്റെ കുടുംബാംഗങ്ങളും നിർവ്വഹിക്കുന്നത്. ഈ വിശ്വാസമാണ് വേലായുധപ്പണിക്കരുടെ നാൾവഴിച്ചിന്തകൾ എന്നിൽ ഉണർത്തുന്നത്.

# സാമൂഹ്യ നാൾവഴിയും ചാലയിൽ കുടുംബവും

## ആമുഖം

ഒരു കുടുംബചരിത്രം നാടിന്റെ സാമൂഹ്യ-രാഷ്ട്രീയ സാമ്പത്തിക നിലയുമായി കൂടിച്ചേർന്നു കിടക്കുന്നു. ഒരു കാലത്തിന്റെ ആചാരങ്ങൾ പിന്നീടെങ്ങോ അനാചാരങ്ങളായിമാറുന്നത് കാലത്തിന്റെ മുന്നോട്ടുള്ള ധാരയുടെ അവിഭാജ്യഘടകമായിക്കരുതണം. ഏത് തുടർവിദ്യാഭ്യാസപദ്ധതിയ്ക്കും ഇന്നിനെ മുൻ-പിൻ മാർഗങ്ങളുമായി കൂട്ടിയിണക്കേണ്ടതുണ്ട്. മുൻപുള്ള തീയത് ഇന്നിന്റെ സാമൂഹ്യ പശ്ചാത്തലത്തിന് ഇണങ്ങാത്തതെങ്കിൽ തള്ളാനും മറിച്ച് ഇണങ്ങുന്നതെങ്കിൽ ഉൾക്കൊള്ളുവാനുമുള്ള ആർജ്ജവം "ഹോമോസാപ്പിയൻസ്" എന്ന മനുഷ്യരാശിക്ക് മാത്രമുള്ള ഗുണമാണ്.

"ജന്തൂനാം നരജന്മ ദുർല്ലഭമത പുംസ്ത്വം" എന്നു തുടങ്ങുന്ന വിവേക ചൂഡാമണിയുടെ ആദ്യശ്ളോകം തന്നെ, ജന്തുക്കളുടെ കൂട്ടത്തിൽ മനസ്സുകൊണ്ടും ശാരീരികഘടനകൊണ്ടും പരിസരവുമായി വേഗം ഇണങ്ങിച്ചേരാനുള്ള മനുഷ്യ ജന്മം ലഭിക്കുന്നതുതന്നെ ദുർല്ലഭമെന്നു സൂചിപ്പിക്കുന്നു.അതിൽത്തന്നെ, മനോബുദ്ധ്യൈക്യത്തിലെ വിവേകം തിരിച്ചറിയുന്നതിന് മൂന്നു പിരിവുകളുണ്ട്. ഒന്ന്, ഇരുകാലിൽ നടക്കുന്നുവെന്നുള്ള അനാട്ടമികഘടനയ്ക്കപ്പുറമുള്ള ജനിതസൂക്ഷ്മതലമാണ്. അത് ജന്മംകൊണ്ടാർജ്ജിതവുമാണ്.ഒന്നാമത്തെ ഈ ഗുണത്തിനെ ഏറ്റക്കുറച്ചിലോടെ ബാധിച്ചുകൊണ്ട്, നിരന്തര പരിസര സമ്പർക്കത്തിലൂടെ ആർജ്ജിതമായ ഗുണമാണ് രണ്ടാമത്തേത്. മൂന്നാമത്തേത്, ഓൺടോജനി എന്ന് വ്യവഹരിക്കുന്ന വളർച്ചയുടെ ദിശയാണു. മനസ്സ് എത്തുന്നിടത്ത് ശരീരവും ബുദ്ധിയുമെത്തപ്പെടുക. ഈ വ്യക്തിയെസമൂഹത്തിൽനിന്നോ പരിസരത്തിൽ നിന്നോ വേറിട്ടു

കാണാൻ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ, ഒരു കുടുംബചരിത്രത്തെപ്പറ്റി പറയുമ്പോൾ,കാലത്തിന്റെ ചരിത്ര പശ്ചാത്തലത്തെ വിലയിരുത്തി മാത്രമേ നോക്കിക്കാണേണ്ടതുള്ളൂ.

തിരുവിതാംകൂറിലെ മരുമക്കത്തായ വ്യവസ്ഥയിലുള്ള ഒരു കൂട്ടുകുടുംബത്തിന്റെ അവസാനകണ്ണിയായിരുന്നു ഞാൻ. അണുകുടുംബത്തിലെ അവനവനിസത്തിന്റെ പല ഫലങ്ങളും അനുഭവിക്കുന്ന പുതുതലമുറകൾക്ക് കൂട്ടുകുടുംബത്തിൽ അനുഭവിച്ചിരുന്ന അവഗണനകളും,യാതനകളും,ഗുണസാദ്ധ്യതകളും ഇന്നന്യമാണ്. എന്തിന്, കുട്ടനാട് പോലെ വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ഭൂവിഭാഗത്തിന് വന്ന മാറ്റംതന്നെ ഇന്നുള്ളവർക്കു മനസ്സിലാക്കാൻ പ്രയാസമാണ്. രാത്രികാലങ്ങളിൽ ഓളങ്ങൾപേടിച്ച്., ഈടുറ്റ ബോട്ടുകൾപോലും കടക്കാൻപേടിച്ചിരുന്ന പഴുക്കാനില, വൈക്കംകായൽപോലുള്ള കയങ്ങൾ നടുവെമുറിച്ചുണ്ടാക്കിയ റോഡിൽ കൂടെയുള്ള സഞ്ചാരം എന്റെ കുട്ടിക്കാലത്ത് സ്വപ്നത്തിൽപോലും സാദ്ധ്യമല്ലായിരുന്നു.

ഇരുപത്തൊന്നാം നൂറ്റാണ്ടുകാണുന്ന ബൗദ്ധിക മാറ്റത്തിൽ, പഴമയുടെ അന്യോന്യതാംശങ്ങൾ സാധൂകരിക്കുന്നതിന്, ചാലയിൽകുടുംബവൃക്ഷത്തിന്റെ തായ് വേരു തേടിയുള്ള യാത്രയിൽ എ.ഡി, 1790 തൊട്ട് ആറുതലമുറകളുടെ വിവരങ്ങൾ പുതുതലമുറകൾക്കു വേണ്ടി തെളിച്ചെടുക്കയുണ്ടായി. ഈ ഉദ്യമത്തിൽ ഒരുകാര്യം തെളിഞ്ഞുവന്നത്, ഒരാളുടെ ചരിത്രം കുടുംബത്തെ എങ്ങനെ ബാധിക്കുന്നുവെന്നതിനുപരി ഒരു സാമൂഹിക പരിവർത്തനത്തിന് കൂട്ടു കുടുംബങ്ങൾക്കും, പിന്നീടുണ്ടായിവന്ന അണുകുടുംബങ്ങൾക്കുമുള്ള പങ്കിലേക്ക് എന്നെക്കൊണ്ടെത്തിച്ചു. മാത്രമല്ല, ഓരോകുടുംബത്തിനുചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക പരിവർത്തനങ്ങളെ കണ്ടില്ലെന്നു നടിച്ചുകൊണ്ട് ഒഴുക്കിനെതിരെ നീന്തുവാൻ സാധ്യമല്ല. എവിടെയാണ് ലക്ഷ്മണരേഖ കടക്കാതെ മതിയാക്കണമെന്ന ബുദ്ധിയുടെയാദേശം പ്രലോഭനങ്ങൾക്കടിപ്പെടാതെ സ്വീകാര്യമാകുന്നോ അവിടെയാണ് കാലാനുവർത്ത സാമൂഹിക സമന്വയം സാദ്ധ്യമാകുന്നത്. ഉദാഹരണമായി, നമ്പൂതിരി സമുദായത്തിൽ നിന്നുമാണ് അവരുടെ സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ ആദ്യമായി എതിർപ്പുണ്ടായത്. ഒരുകാലഘട്ടത്തിന്റെ ആവശ്യം പൂർത്തീകരിച്ചപ്പോൾ, അവർ തന്നെയാണ്, ശ്രൗത-ശാസ്ത്രപാരമ്പര്യം പുനരേകീകരിയ്ക്കാനിറങ്ങിയതും. കാലാനുസൃതമായ മാറ്റങ്ങൾ ഒരു ചാക്രിക പരിണാമമായി

സമൂഹമാറ്റത്തിന് "ഉന്തിന്റെകൂടൊരു തള്ള്" എന്ന മട്ടിൽ ഒരു ഭൂവിഭാഗത്തിൽ ചെറുതായെങ്കിലും പ്രഭാവമുണ്ട്.

ചാലയിൽ കുടുംബ വൃക്ഷവേരുകൾതേടിയുള്ള യാത്രയിൽ വാമൊഴിമാറ്റത്തിലൂടെ. അമ്മ-സോദര-സോദരിമാർ പലപ്പോഴായി പകർന്നു തന്ന വിവരങ്ങളും, വാലടി കുഴിയടിമഠത്തിൽ സൂക്ഷിച്ചിരുന്ന റിക്കാർഡുകളുമാണ്, എ.ഡി, 1790 മുതലുള്ളവിവരങ്ങൾക്കാധാരം. ഇത് മദ്ധ്യകാല ചരിത്രമായി ഒരദ്ധ്യായത്തിലുൾക്കൊള്ളിച്ചാൽ, അതിന് മുൻപുള്ള പൂർവ്വ കാല ചരിത്രത്തിലേക്കും പിൻപുള്ള ആധുനിക കാല ഘട്ടത്തിലേക്കുമുള്ള അന്വേഷണങ്ങൾ ചിലപ്പോൾ ഒരു നാടിന്റെ തന്നെ ചരിത്രമായിത്തീർന്നേക്കാവുമെന്നുള്ള ചിന്തയിലാണ് ഈ ഉദ്യമം. ചരിത്രത്തിൽ, ഒറ്റയാൾ ബന്ധത്തിനേക്കാൾ ഉതിർന്നുവരുന്ന സംഭവങ്ങൾക്കാണല്ലോ പ്രാധാന്യംഎന്നുള്ളതുകൊണ്ടുതന്നെ,കാവാലത്ത് എത്തിച്ചേരുന്നതിന് തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി, വേണാട് ചരിത്രങ്ങളിലൂടെ സഞ്ചരിക്കേണ്ടിവന്നിട്ടുണ്ട്.

**വേലായുധപ്പണിക്കർ കാവാലം**

# അദ്ധ്യായം ഒന്ന്

# ഒരുപൂർവ്വകാല ചരിത്രം

എ.ഡി 1749ന് മുമ്പുള്ള തെക്കുംകൂർ എന്ന ചെറിയ ഒരു രാജ്യത്തിൽ നിന്നുമാകട്ടെ തുടക്കം. ഒൻപതാം നൂറ്റാണ്ട്തൊട്ട് തളിയിൽ കോട്ടഭരിച്ചുപോന്ന സ്വതന്ത്രരാജ്യമായിരുന്നു തെക്കുംകൂർ. കുലശേഖരപ്പെരുമാക്കന്മാരുടെ കാലഘട്ടത്തിൽ, ഏതാണ്ട് 1100 എ.ഡിയിൽ വേമ്പനാട്ടുകരയുൾപ്പെടെയുള്ള വെമ്പോളിനാട് എന്നറിയപ്പെടുന്ന ഭൂവിഭാഗം തെക്കുംകൂർ, വടക്കുംകൂർ എന്ന് രണ്ട് രാജ്യങ്ങളായിമാറി. മൂവാറ്റുപുഴ താലൂക്കുൾപ്പെടെയുള്ളവടക്കുംകൂർ രാജ്യവും, കോട്ടയകത്തുള്ള കോട്ടയം ആസ്ഥാനമാക്കി ചങ്ങനാശ്ശേരി, തിരുവല്ല, മാമ്പഴക്കരി, വാലടി, കാവാലം, ചേന്നംകരി, പയറ്റുപാക്ക, ചക്കച്ചെമ്പാക്ക, നീലംപേരൂർ തുടങ്ങിയ പ്രദേശങ്ങൾ അടങ്ങിയ തെക്കുംകൂർ രാജ്യവും നിലനിന്നിരുന്നു. തെക്കുംകൂറിന്റെ ആയോധനബലത്തിന് ഏറിയകൂറും ആശ്രയിച്ചിരുന്നത് തുരുത്തുകളായ കരിപ്രദേശങ്ങളിലെ കളരികളിലുള്ള നായർ പടയാളികളെയായിരുന്നു. താരതമ്യേന ബലവാന്മാരായ ചെമ്പകശ്ശേരി കായംകുളം രാജാക്കന്മാരോടോ,അതിലും കിടപിടിയ്ക്കുന്ന വേണാട്ടരചന്മാരോടൊപ്പം നിൽക്കാൻ ശേഷിയുള്ള രാജ്യമല്ലാതിരുന്നിട്ടും വെള്ളക്കുഴിയിൽ വന്ന് യുദ്ധം ചെയ്ത് ജയിക്കാൻ രാമയ്യനെപ്പോലുള്ളവർക്ക് അപ്രാപ്യമായ ഒരു ഭൂവിഭാഗമായിരുന്നു തെക്കുംകൂർ. ചെമ്പകശ്ശേരിയുടെ സാമന്തന്മാരായിരുന്ന തെക്കുംകൂറിനെയും, വടക്കുംകൂറിനെയും ചെമ്പകശ്ശേരിയുടെ പതനത്തിന് ശേഷം മാത്രമെ രാമയ്യൻദളവയ്ക്കു തിരുവിതാംകൂറിനോട് ചേർക്കാനായുള്ളൂ. ഡിലനായിയുടെ യുദ്ധ രീതികളും, രാമയ്യൻദളവയുടെ ചാണക്യതന്ത്രവും മാവേലിക്കര നിന്നും തിരുവല്ലയിലേക്കുള്ള യാത്ര

യിൽ, പുളിക്കൽകടവിൽ അക്കരെയിക്കരെയായി ഛിന്നഭിന്നമാകുന്ന തിനൊപ്പം തന്നെയാണ് ഹൈദരാലിയെന്നധൂമകേതുവിനെ മാർത്താ ണ്ഡവർമ്മ മഹാരാജാവ് ക്ഷണിക്കുന്നതും, പരിണതഫലമായി തെക്കുംകൂർ രാജാവ് രവിവർമ്മ രാജ വിഷംകഴിച്ച് ആത്മഹത്യ ചെയ്യു ന്നതും.

കുട്ടനാടിന്റെ ഭൂപ്രകൃതിയനുസരിച്ചുള്ള ഇരുട്ടുകുത്തി,ഓടി, ചുണ്ടൻ, വെപ്പു തുടങ്ങിയ വള്ളങ്ങളിലുള്ള രാത്രി യുദ്ധമുറ രാമയ്യൻ-ഡിലനായി പോലുള്ള പോർവീരരെപ്പോലും അമ്പരപ്പിക്കാൻ പോന്ന ചെമ്പകശ്ശേരി തെക്കുംകൂർ തനത് കുട്ടനാടൻ  ശൈലിയായിരുന്നു.

മാർത്താണ്ഡ വർമ്മ അനിഴം തിരുനാളിന്റെ ജീവിതകാലം എ.ഡി 1706 മുതൽ 1758 വരെ ആയിരുന്നു. എ.ഡി 1729ൽ ഭരണമേൽക്കുമ്പോൾ വേണാട് എന്ന രാജ്യത്തിന്റെ അതിർത്തി തെക്ക് കന്യാകുമാരി തൊട്ട് വടക്ക് ആറ്റിങ്ങൽ വരെമാത്രം പോന്നതായിരുന്നു. മരുമക്കത്തായത്തി ൽ നിന്നും മക്കത്തായത്തിലേക്കുള്ള മാറ്റത്തിന് ശക്തിശാലികളായ എട്ടുവീട്ടിൽപിള്ളമാർ തുടങ്ങിവെച്ച ആഭ്യന്തരകലാപത്തെ നിഷ്ക്കരുണം അടിച്ചമർത്തിയ രാജാവ്  പ്രായശ്ചിത്തമായി രാജ്യത്തെ ശ്രീപത്മനാഭന് അടിയറവെച്ചു. ശത്രുവിന്റെ ശത്രു മിത്രമായതിനാലോ അതോ വീരമരണത്തിലെ തെയ്യ(അറുകൊല) സങ്കൽപമായോ, തെക്കുംകൂറിന്റെ  ഭാഗമായ ചങ്ങനാശ്ശേരിയിൽ മാത്രമാണ്  എട്ടുവീടരെ കൂടിയിരുത്തിയത്. വേണാട്ടധികാരികൾ ആവഴിപോകുമ്പോൾ ദർശിക്കാൻ പാടില്ലാത്ത സ്ഥലമായി ഇന്നും തുടരുന്നു. എ.ഡി 1731 തൊട്ട്, തന്റെ വിശ്വസ്തനായ രാമയ്യൻ ദളവയോടൊത്ത്  വേണാടിന്റെ വിസ്തൃതിക്കുള്ള ശ്രമങ്ങൾ തുടങ്ങിവെച്ച രാജാവ് വേണാടിന്റെ തന്നെ ബന്ധുവും സാമന്തരാജ്യവുമായിരുന്ന കൊല്ലത്തെ യുദ്ധത്തിൽ തോൽപ്പിച്ച്, രാജാവിന്റെ കാലശേഷം  വേണാടോട് ചേരുമെന്ന് ഉടമ്പടിയാക്കി. പിന്നീട് പലപ്പോഴായി ഏറ്റുമുട്ടേണ്ടിവന്നത് പ്രബലരായ കായംകുളം രാജ്യത്തോടാണ്. വൈദേശിക ഇടപെടലായി കച്ചവടത്തിന് വന്ന ലന്തക്കാർ(ഡച്ച്) കൊച്ചി, ആലപ്പുഴ, കായംകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ പുതിയ ശക്തി കേന്ദ്രമായി മാറുന്നത് ഇക്കാലത്താണ്.

കൊല്ലത്തോട് ചേർന്ന് കായംകുളം വേണാടോട് പൊരുതിയ 1734ലെ യുദ്ധത്തിൽ കായംകുളം രാജാവ് കൊല്ലപ്പെടുകയും, അനന്തരാവകാ

ശിയായ അദ്ദേഹത്തിന്റെ സഹോദരൻ യുദ്ധത്തിന് താൽക്കാലിക വിരാമമിടുകയും ചെയ്തു.

അതേ സമയം തന്നെ, ലന്തക്കാരുടെ സഹായത്തോടെവേണാടിനോട് പ്രതികരിച്ച കൊട്ടാരക്കരയുടെ ഇളയിടത്ത് റാണിയെ തോൽപ്പിച്ച്, കൊട്ടാരക്കരയേയും വേണാട്ടധീനമാക്കി. ലന്തക്കാരുടെ അടുത്തൂൺ പറ്റി ഇളയിടത്തുറാണി കൊച്ചിയിലേക്ക് വലിഞ്ഞപ്പോൾ മാർത്താണ്ഡ വർമ്മ രാജാവിനെതിരെ കൊച്ചി-ലന്ത-കായംകുളം-ചെമ്പകശ്ശേരി-തെക്കുംകൂർ-വടക്കുംകൂർ-സാമൂതിരി സഖ്യത്തിന് കളമൊരുങ്ങുകയായിരുന്നു. ഇത് നടക്കാതെ പോയത് ഒരുവശത്ത് രാമയ്യന്റെ യുദ്ധത്തിലുള്ള ശിക്ഷണ പാടവവും ഡിലനായി എന്ന ബെൽജിയംകാരനായ ലന്തക്കാരന്റെ ആധുനിക യുദ്ധമുറകളും മറുവശത്ത് നാട്ടുരാജ്യങ്ങൾ തമ്മിലുള്ള കുടിപ്പകകളും സൈന്യാധിപന്മാർ, മന്ത്രിമാർ എന്നിവരുടെ കൂറുമാറ്റവും കുറ്റിയൂരലും മറ്റുമാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ലന്തക്കാരുടെ ലങ്കയിലുണ്ടായിരുന്ന ഒരു സൈന്യം കുളച്ചൽ എന്ന തെക്കൻ തിരുവിതാംകൂർ തുറമുഖത്ത് ഇറങ്ങിയത്, ലങ്കേശ്വരനായ രാവണന്റെ പകവീട്ടൽ പോലെ തിരുവനന്തപുരത്തെ ലാക്കാക്കിയായിരുന്നു. കുളച്ചൽ തൊട്ട് കോട്ടാർവരെയുള്ള പ്രദേശങ്ങൾ കൈയ്യേറിയ ഇവരെ 1741 ഓഗസ്റ്റു 10ന് രാമയ്യന്റെ വേണാട് സൈന്യം പൂർണ്ണമായി തോൽപ്പിച്ചു. തടവുകാരായി ഉദയഗിരിക്കോട്ടയിൽ പാർപ്പിച്ച ലന്തക്കാരിൽ രണ്ടുപേർ വിഭീഷണ സമന്മാരായ ഡിലനായിയും ഡൊണാൾഡിയും പിന്നീടുള്ള വേണാടിന്റെ ജൈത്രയാത്രയ്ക്കു കുറഞ്ഞൊന്നുമല്ല സഹായിച്ചത്.

1742 മാണ്ട് ആയപ്പോഴേക്ക് കായംകുളം രാജാവ്, തെക്കുംകൂർ വടക്കുംകൂർ -ചെമ്പകശ്ശേരി-കൊച്ചി പിൻബലത്തോടെ വേണാടിനെതിരെ തിരിയുമെന്നറിഞ്ഞ രാമയ്യന്റെ ചാണക്യതന്ത്രം കായംകുളത്തിനെതിരെ ആഞ്ഞടിച്ചു. കൊല്ലം അധീനമാക്കിയിരുന്ന കായംകുളത്തിന് അവരുടെ സൈന്യാധിപനായ അച്ചുതവാര്യർ കൊല്ലപ്പെട്ടുവെങ്കിലും; കൊല്ലത്തെ മണ്ണിൽവെച്ച് വേണാടിന് കായംകുളത്തിൽ നിന്നും പരാജയത്തിന്റെ കയ്പ് അറിയേണ്ടിവന്നു. കായംകുളം രാജാവ് വീണ്ടുമൊരങ്കത്തിന് കോപ്പുകൂട്ടുമ്പൊഴേക്കും രാമയ്യന്റെ പട കായംകുളത്തെ കീഴ്പ്പെടുത്തുകയും മാന്നാർ വിളംബരത്തോടെ കായംകുളത്തെ വേണാടോട് ചേരുവാൻ സമ്മതിപ്പിക്കയുമായിരുന്നു. വീണ്ടും കായം

കുളം രാജാവ് വടക്കുള്ള നാട്ടുരാജ്യങ്ങളെ കൂട്ടാനൊരുങ്ങുമ്പോഴേക്കും 1746ൽ കായംകുളത്തെ തിരുവിതാംകൂറോട് ചേർത്ത് കായംകുളം മുതൽ കന്യാകുമാരിവരെ ഒരുകുടക്കീഴിലാക്കി.

ചെമ്പകശ്ശേരി എന്ന അമ്പലപ്പുഴ ഒരു ചെറിയ രാജ്യമായിരുന്നെങ്കിലും വളരെയേറെ സാമൂഹ്യ-സാംസ്ക്കാരിക പ്രത്യേകതയുള്ള ഭൂവിഭാഗമായിരുന്നു അമ്പലപ്പുഴയും; സാമന്തന്മാരായ തെക്കുംകൂറും. അവിടം എത്തിപ്പെടാനും, എത്തിപ്പെട്ടാൽ തിരിച്ചുവരാൻ എളുപ്പമല്ലാത്തതുമായ വെള്ളംനിറഞ്ഞ കരിപ്രദേശങ്ങളായിരുന്നു. അമ്പലപ്പുഴയുടെ അവസാനരാജാവായിരുന്ന ദേവനാരായണസ്വാമി രാജ്യമീമാംസയ്ക്കതീതമായി ബ്രാഹ്മണ വംശജനായിരുന്നു. കൂടാതെ സിറിയൻ ക്രിസ്ത്യാനി തുടങ്ങിയ അന്യമതസ്ഥരുമായി അന്യോന്യത പുലർത്തിയിരുന്ന രാജാവിന് പോർത്തുഗീസ് തുടങ്ങിയ വിവിധ ഭാഷകൾ വഴങ്ങുമായിരുന്നു. സാംസ്കാരികമായിഅമ്പലപ്പുഴയ്ക്ക് പലതും അവകാശപ്പെടാനുണ്ട്. വേലകളി എന്ന ആയോധന കലയുടേയും, ചമ്പക്കുളം മൂലംവള്ളംകളിയുടെയും ജന്മസ്ഥലം. തുള്ളൽ പ്രസ്ഥാനത്തിന് ജീവൻനൽകിയ കലക്കത്ത്കുഞ്ചൻ നമ്പ്യാരാശാൻ ജനകീയ കവിയായി വിരാജിച്ച സ്ഥലം തുടങ്ങിയ അനേകം പ്രത്യേകതകൾ ഈ പ്രദേശത്തിന്റേതു മാത്രമാണ്. കല സാധാരണ ജീവിതവുമായി സംവേദിക്കുന്ന അമ്പലപ്പുഴ-കുട്ടനാടൻ ശീലം ബാക്കി രാജ്യങ്ങൾക്ക് ആകാലഘട്ടത്തിൽ തുലോം അന്യമായിരുന്നു.

രാമയ്യനോടുള്ള ദേവനാരായണന്റെ യുദ്ധമുറയിൽ വാൾമുനയിൽ പ്രത്യേകതരം വിഷം പുരട്ടി ശത്രുക്കൾ തൽക്ഷണം മരിക്കുന്ന ഒരു സൈന്യവ്യൂഹം അമ്പലപ്പുഴയ്ക്കുണ്ടായിരുന്നു. ഓരോ ഭടന്മാരും മരിച്ചുവീഴുന്നത് കണ്ട് മാർത്താണ്ഡവർമ്മ രാജാവിന് പിൻതിരിയേണ്ടിവന്നു. കൂടാതെ, ഭഗവാൻ ശ്രീകൃഷ്ണൻ തന്നെ അമ്പലപ്പുഴയ്ക്കുവേണ്ടി യുദ്ധസഹായത്തിനുണ്ടെന്നുള്ള കഥകളും പ്രചരിച്ചു.ഒരു ബ്രാഹ്മണ രാജാവിനെതിരെ യുദ്ധം ചെയ്യാനുള്ള വിമുഖത രാമയ്യന്റെ സൈന്യത്തിലുള്ളവർ കാണിച്ചു തുടങ്ങി. അതുകൊണ്ട്, പിൻവാങ്ങിയ വേണാട്ടധിപൻ മുസ്ലിം-ക്രിസ്ത്യൻ മുൻതൂക്കമുള്ളസൈന്യവുമായിതിരിച്ചെത്തിയാണ് ചെമ്പകശ്ശേരി കീഴടക്കുന്നത്. ദേവനാരായണന്റെ മന്ത്രിയായ തെക്കേടത്ത് ഭട്ടതിരിയും സൈന്യാധിപനായ മാത്തൂർപ്പണിക്കരും, രാജാവിനെതിരെകൂറുമാറിയത് അമ്പലപ്പുഴയുടെ പതനം എളുപ്പമാക്കി. രാഷ്ട്രീയമായുള്ള പ്രീണനങ്ങൾ രണ്ടു ഭാഗത്തുനിന്നും യുദ്ധ

തന്ത്രമായി ഉപയോഗിക്കുന്ന രീതി അന്നും സുലഭമായിരുന്നുവെന്ന് കരുതണം.

തോട്ടപ്പള്ളിയിൽ തമ്പടിച്ചുകൊണ്ട് രാമയ്യന്റെ അടുത്ത ശ്രമം രണ്ട് ദിശയിലൂന്നിയായിരുന്നു. ഒന്ന് പൊതു ശത്രുവായ കൊച്ചിയെ കീഴ്പ്പെടുത്തുക. രണ്ട് തെക്കുംകൂർ പ്രദേശങ്ങളായ തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം,മാമ്പഴക്കരി തൊട്ട് കാവാലം, നീലംപേരൂർ തുടങ്ങിയ വേമ്പനാടൻ പ്രദേശങ്ങളും മീനച്ചിൽ താലൂക്കുൾപ്പെട്ട വടക്കൻകൂറിനെയും തിരുവിതാംകൂറിന്റെ അധീനതയിൽ ആക്കുക എന്നുമായിരുന്നു. മൈസൂറിൽ ഉദിച്ചുയർന്ന ധൂമകേതുവിന്റെ ശക്തിക്കും തെക്കുനിന്നും ആഞ്ഞടിക്കുന്ന രാമയ്യൻ ശക്തിക്കുമിടയിൽ "തമ്മിൽ ഭേദം തൊമ്മൻ" എന്ന വെളിവിൽ തിരുവിതാംകൂറുമായി അടിയറതന്നെയാണ് അഭികാമ്യമെന്ന തീരുമാനത്തിലാണ് തെക്കൻകൂറും കൊച്ചിയും ഒടുവിൽ എത്തിച്ചേർന്നത് ഇതിന്റെ ഫലമായി, 1753ൽ കൊച്ചിയുടെഭാഗമായ കരപ്പുറം എന്നറിയപ്പെട്ടിരുന്ന ആലുവയുടെ ഭാഗവും, മീനച്ചിൽ താലൂക്കുതൊട്ട് തിരുവല്ല വരെയുള്ള ഭാഗങ്ങൾചേർത്തുള്ള സമഗ്ര തിരുവിതാംകൂറുണ്ടാക്കി അനന്തപത്മനാഭന് അടിയറവെച്ചു. 1755-ൽ കോഴിക്കോട്ടെ സാമൂതിരിയെയും യുദ്ധത്തിൽ തോൽപ്പിച്ച് തിരുവിതാംകൂറുമായി കൂറിലിരുന്നു കൊള്ളാമെന്ന് ഉടമ്പടിയാക്കി ഭാഷാടിസ്ഥാനത്തിൽ "കേരളമെന്നു കേട്ടാൽ തിളയ്ക്കുന്ന രക്ത"ത്തിന് പാകപ്പെടുത്തിയാണ്, 1758ൽ മാർത്താണ്ഡവർമ്മരാജാവ് നാടുനീങ്ങുന്നത്.

## കുഞ്ചനാശാന്റെ സുവർണ്ണകാലം

കലക്കത്ത് കുഞ്ചൻനമ്പ്യാരുടെ (എ.ഡി 1700-1770)അമ്പലപ്പുഴയിലെ താമസം സാംസ്ക്കാരിക കേരളത്തിന് കുറച്ചൊന്നുമല്ല ഗുണം ചെയ്തിട്ടുള്ളത്. കൂടിയാട്ട ആചാര്യൻ ഇരിഞ്ഞാലക്കുട മാണി മാധവച്ചാക്യാരുടെ അഭിപ്രായമനുസരിച്ച്, നമ്പ്യാരാശാനും സംസ്കൃത കവി രാമപാണിവാദരും ഒരേയാളാണ്. സംസ്കൃതത്തിൽ നമ്പ്യാരെന്നപദത്തിന് പാണിവാദ അഥവാ പാണികൊണ്ടുള്ള വാദനം-മിഴാവ് ഉപയോഗിക്കുന്ന നമ്പ്യാർ എന്നും അർത്ഥമുണ്ട്. കേരള താളങ്ങളായ പഞ്ചാരി, കുണ്ടനാച്ചി, ലക്ഷ്മി, മർമ്മതാളങ്ങളുടെ മർമ്മമറിഞ്ഞമിഴാവാശാന് അർത്ഥവത്തായ ആക്ഷേപഹാസ്യം ചേർത്തുള്ള പദങ്ങളും, വായ്ത്താരികളും, പുരാണ കഥകളോടുചേർത്ത് അശയായികോർത്തിട്ട് കവിതവിരിയിക്കാൻ ഒരു വിഷമവുമുണ്ടായില്ല. വളരെചെറുപ്പത്തിൽത്തന്നെ

സ്വദേശമായ കിള്ളിക്കുറിശിമംഗലം വിട്ട അദ്ദേഹം, ബാല്യകാലം തെക്കും കൂറിന്റെ കുടമാളൂർ ദേശത്തും യൗവ്വനകാലം മിക്കവാറും അമ്പലപ്പുഴയും, ആദേശത്തിന്റെ പതനത്തിന് മുൻപുതന്നെ തിരുവന ന്തപുരത്തേക്ക് പോകുകയും ചെയ്തു. ഏറിയകൂറുമുള്ളതുള്ളൽ കൃതികളും ജന്മം കൊണ്ടത് ചെമ്പകശ്ശേരിയുടെ മണ്ണിൽതന്നെയാണ്. നാടുവാഴിയുടെയും ജന്മിമാരുടെയും അകത്തളങ്ങളും, നായന്മാരെന്ന തോറ്റോടാൻ കഴിവുള്ള അന്നത്തെ മധ്യവർഗത്തെയും, താളബോധ ത്തിൽ ജോലി ചെയ്യുന്ന അധസ്ഥിതരുടെയും നാഡി മിടിപ്പുകൾ ഒരു പോലെ അറിഞ്ഞിരുന്നകുഞ്ചനാശാൻ പുരാണ കഥകൾക്ക് ആനുകാ ലിക പ്രസക്തി കൊടുക്കുന്നതിന് ഒട്ടൊന്നുമല്ല വിജയിച്ചത്. ബാക്കി യുള്ള പ്രദേശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ, ചെമ്പകശ്ശേരിയുടെ ഭൂപ്രകൃതി കച്ചവടത്തെക്കാൾ നെൽകൃഷി ജീവിത മാർഗമായി സ്വീക രിച്ചസ്ഥലമാണ്. പ്രമാണിമാർക്ക് തൊഴിൽ സഹായമില്ലാതെ വയലേ ലകളിൽ ഒന്നും സാദ്ധ്യമല്ലാത്തതിനാൽ അന്യോന്നത അനിവാര്യമായ ചെമ്പകശ്ശേരി - തെക്കുംകൂർ മണ്ണിൽ കുഞ്ചനാശാന് തന്റെ കലാസപ ര്യയ്ക്ക് വേണ്ടുവോളം സ്വാതന്ത്ര്യവും അവസരവും ലഭിച്ചു. തിരുവ നന്തപുരത്തേയ്ക്ക് പറിച്ചു നടപ്പെട്ട ആശാന്റെ വാർദ്ധക്യത്തോടടു ക്കുന്ന പ്രായത്തിൽ വളരെയൊന്നും ജനപ്രീതികരങ്ങളായ ചെയ്ത്തിന്റെ അഭാവം ഒരു പക്ഷെ വേണാടിന്റെ ക്ഷോണീ പരിസര ത്തിന്റെ പ്രത്യേകതകൾ കൊണ്ടാവാം. കലയിലും ജീവിതത്തിലും തനതിനോട് ആഭിമുഖ്യം പുലർത്തുന്ന ഒരു ജനകീയ ജനത മധ്യതി രുവിതാംകൂറിന്റെ കരപ്രദേശത്ത് അന്നുമിന്നുമുള്ളത് ഒരു പ്രാദേശിക സംസ്കാരത്തിന്റെ സ്വഭാവമാണ് . ജനിതാർജ്ജിതമായ കരണങ്ങൾ സ്വായത്തമായുള്ള നമ്പ്യാരാശാനിണങ്ങുന്ന പരിസരമായിരുന്നു കുട്ട നാട്.

കുഞ്ചൻ നമ്പ്യാരുടെ ബാല്യകാലം തെക്കുംകൂർ ദേശമായ കുടമാ ളൂരാണ് കഴിച്ചത് എന്ന് പറഞ്ഞിട്ടുണ്ടല്ലോ. തെക്കുംകൂർ രാജാവിന്റെ സേനാധിപത്യവും കോശാധിപത്യവും വഹിച്ചിരുന്ന ചക്രേശ്വരമേനോ ന്മാരിലെ അവസാനസേനാപതി കുഞ്ഞിരാമമേനോന്റെ സന്തതസഹ ചാരിയായ കണ്ടംകരിയിലെ നന്തിക്കാട്ട് ഇരവിആശാൻ സംസ്കൃത ത്തിൽ പാണ്ഡിത്യമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ അമ്മാവനും പണ്ഡതാഗ്രേസരനുമായ ഉണ്ണിരവിക്കുറുപ്പ് നമ്പ്യാരാശാന്റെ ഗുരുവാ യിരുന്നു. ഇരവിയാശാൻ വാർദ്ധക്യത്തിലും ചക്രേശ്വരന്മാർക്കുവേണ്ടി

വെയിലുകൊണ്ട് കഷണ്ടിപൊള്ളിക്കുന്നതിനെ നമ്പ്യാരാശാൻ അപഹസിക്കുന്നത് "ഒരുപിടി നെല്ലാൽ മലരു പൊരിക്കാം" എന്നാണ്.

തുള്ളൽ ദൃശ്യമാണ്, ശ്രവ്യമാണ്, കെട്ടിക്കാഴ്ചയിലൂടെ ഒരേസമയം യഥാതഥവും, വിഭ്രമോദ്ദീപകവും ആയ സംഭവങ്ങൾമാറിമാറി വിതറുമ്പോൾ നമ്പ്യാരാശാൻ സന്ദേശപരമായ ഗുണപാഠത്തിന് മുതിരുന്നില്ല. മറിച്ച്, അനുവാചകരുടെ ഇഷ്ടം പോലെ വ്യാഖ്യാനിക്കാനുള്ള രചനാവൈശിഷ്ടമാണ് കാതലാക്കുന്നത്. കഥകളികൂടിയാട്ടത്തിന്റെ ചിട്ടവട്ടത്തിലുള്ളനിയതനാട്യധർമ്മിത്വം തുള്ളലിലുണ്ടോയെന്നുള്ളത് ചിന്തിക്കേണ്ടവിഷയമാണ്. പൊങ്ങച്ചത്തിനെതിരെ ആനുഷംഗികമായ ബാഹ്യപ്രകടനമായി ഒരു ദിവസം കൊണ്ടുരിഞ്ഞുവന്ന കലാരൂപമാണ് തുള്ളൽ എന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. കൂത്തിന്റെ വേദിയിലേറ്റ അപ്രതീക്ഷമായ മാനഹാനിമൂലം ഒരു പക്ഷെ ഈ കലാരൂപത്തെ ഇന്നത്തെ കെട്ടിക്കാഴ്ച്ചയിലൂടല്ലെങ്കിലും തൊട്ടടുത്തൊരുദിവസം അവതരിപ്പിച്ചിരിക്കാം. എന്നാൽ ആദ്യമെഴുതിയ കല്ല്യാണസൗഗന്ധികം ശീതങ്കൻതുള്ളലിന്റെ ഭാവത്തിൽത്തന്നെയാണോ അവതരിക്കപ്പെട്ടത്?സന്ധ്യകഴിഞ്ഞവതരിപ്പിക്കുന്ന വൈഷ്ണവപ്പച്ച മുഖത്തോടുള്ള ഓട്ടൻതുള്ളലും ഉച്ചയ്ക്കുശേഷം സാധാരണയായി അവതരിപ്പിച്ചുവരുന്ന ചായക്കുട്ടൊന്നുമില്ലാതെ കറുത്ത വരകൾ മാത്രമുള്ള മധ്യവർഗ്ഗത്തിന്റെ ശീതങ്കനും ഉച്ചയ്ക്കുമുൻപ്, കരിപൂശിയ ദേഹത്തോടുള്ള പറയൻ തുള്ളലുമെല്ലാം അവതരിപ്പിക്കുമ്പോൾ സമൂഹത്തിനെ ഉച്ചനീചത്വമില്ലാതെ ഒരേ തട്ടിൽ ജനകീയമാക്കുന്നതിന്റെ അനുഭൂതിയാണ്. ഇതിലെ സാഹിത്യത്തിനുള്ള സാമൂഹ്യപ്രതിബദ്ധതയും കടംകഥകളും താളക്കെട്ടുകളുമാണ് ദൃശ്യത്തിന് കൊഴുപ്പേകുന്ന ഘടകങ്ങൾ.

സഭാജനങ്ങളുടെ മഹോത്സവത്തിന് സ്യമന്തകത്തിൽ വിവിധ ഭാഷക്കാർക്കുവേണ്ടി നമ്പ്യാരാശാൻ ഉപയോഗിച്ച ഭാഷ ആധുനികത്തിൽ അത്യന്താധുനികമാണ്.

"ഹടനാഹണ്ണാ മണിയാ സ്വാമീ
അബ്ബാ സുബ്ബാ വെങ്കിട്രാമ
സീതാരാമ കൊളത്തൂരാനും
ആനപ്പിടുങ്കൻ മണിയൻ ഞാഞ്ഞാൻ(ഞാൻ ഞാൻ)
അപ്പപ്പാ ചില മുഷ്ക്കുകളെന്നും
അപ്പന്മാരുടെ മുതലോയെന്നും
പോടിങ്കല പോടിങ്കല പോട്

ചോറൊരിടങ്കഴിയിങ്കപ്പോട്"
ഗോസായികളുടെ കൂട്ടത്തിലാണേൽ ഇങ്ങനെ പോകുന്നു:
"ജേ ജേ റാമ്രാം സീതാറാമ്രാം
ജേ ജേ റാമ്രാം കോദണ്ഡറാമ്രാം
തുമാറ മുലുക്കു കോനു മുലുക്കു
അമാറ മുലുക്കു കാശി മുലുക്കു
തുമാറട്ടിക്കാണി കാഹറേ ബാവ
അമാറട്ടിക്കാണി സീതാറാമ്രാം
ബ്രഹ്മദേവാ ദാവൻ ദാറോ
അച്ഛാപാനി ഡാലോ ഡാലോ
പത്താ ലാവോർക്കാരീ ലാവോ
തൂ ഹീ ലാവോ ദുറുദേ ലാവോ
സുപാരി ലാവോ സക്കരി ലാവോ
പുരി ഡാലോ ദസ്തു ലാവോ
ധിക്രാധാറൊ തമാക്കു ധാറൊ
സുണ്ടെ ധാറൊ കലാ ലാവോ
റെപോ ധാറൊ ഭാജിക്കറാബ്
പാനി പീയോ മേരാ പേട്ബ്രം
ഊട്ടുറുമായി കുംകുറു കുംകുറു
ജാറെ ഹർ ജാ മുർജാ ഹർജാ റെം"

സ്യമന്തകാപഹരണത്തിന്റെ കളങ്കം മാറിയ കൃഷ്ണൻ, ലക്ഷ്മീ - രുഗ്മിണിമാരോട് കൂടി രമിക്കുമ്പോൾ കേൾക്കുന്ന രാഗങ്ങൾ തനി കേരളീയമായ ഇന്ദിശ, പാടി, മലഹരി, ബലഹരി, ഇന്ദളം തുടങ്ങിയവ യാണ്. അതേസമയം സത്രാജിത്തിന് മറുപടിയായി സൂര്യ ഭഗവാനരു ളിചെയ്യുന്ന ശ്ളോകം തനി സംസ്കൃതവും.

"ഭോ! ഭോ! സത്രാജിദത്രാജിത പദകമലാ-
ലംബനം സാമ്പ്രതം തേ
ദാതും ചേതോനുകൂലം കിമപി പടുതരം
നൈവ ലോകേ വിലോകേ,
കാമം കാമപ്രദായീ വപുഷി വിജയിതേ
കോപി ചിന്താമണിർമേ
സ്വർണ്ണാനാമഷ്ടഭാരം ദിനമനു ജനയേ-

ദേഷ ദാസ്യാമി ചൈനം"

ഇതിന്റെകൂടെത്തന്നെ ആശാൻപറയുന്നു:

"അർത്ഥമിതിന്നറിവാൻ പണിയെങ്കിൽ
അർത്ഥം ഭാഷയിലങ്ങറിയിക്കാം"

അർക്കനെഴുന്നള്ളുന്നത് കാണാൻ അദ്ദേഹമുപയോഗിക്കുന്നതാവട്ടെ കുട്ടനാടൻ തനിമയുള്ള വേഷങ്ങളാണ്.

"ഇച്ചിരിയമ്മേ! നിച്ചിരിയത്തീ
ഇച്ചിരിയൊട്ടും നന്നേല്ലേടീ
കൊച്ചുകളോടു കളിച്ചിരിയാമൽ
കാഴ്ച്ചയിലിച്ഛ നിനക്കുണ്ടെങ്കിൽ
കാച്ചിയപുടവയുടുക്കരുതായോ?
പച്ചപ്പുഴുവും തേയ്ക്കരുതായോ
കുഞ്ഞിപ്പെണ്ണിനു കഞ്ഞികുടിപ്പാൻ
കുഞ്ഞുകരഞ്ഞിട്ടാവതുമില്ല
മഞ്ഞത്തുകിലും കഞ്ഞിപ്പുടവയു-
മാഞ്ഞുപിടിച്ചൊരു കുഞ്ഞച്ചാരും
കുഞ്ഞിക്കാവും അവളുടെ മകളും
പാഞ്ഞിത പോണു കാഴ്ച്ചകൾ കാൺമാൻ"

താളത്തിന്റെ അക്ഷരങ്ങൾ കോർത്തിണക്കുമ്പോൾ ശുഷ്ക്കാക്ഷരങ്ങൾക്കു പോലും മാറ്റു വർദ്ധിക്കുന്നത് കുട്ടനാടൻ വായ്ത്താരികളുമായുള്ള കൂടിച്ചേരലാണ്. മർമ്മ താളത്തിൽ ഹരിണീസ്വയംവരത്തിലുപയോഗിച്ച ചൊല്ല്:

"തിത്തി കുഴലിടയ്ക്കയുടുക്കുമൊടൊത്തുമടക്കമെടുക്കും
ഒത്തിന മൃദുമദ്ദളമുരുതര മുരളികൾ മുഖവീണകളും
തിത്തിമിത, ദ്ധിമിതക, തകധിമി, കിടധണ, തക തിങ്ങിണത്തോം
തത്തളാങ്ക, തകത, ത്തിങ്ങിണ, തിങ്ങിണ, തതിങ്ങണമത്തോംതോം"

വെള്ളത്തിരപോലെ വെള്ള സ്സരസ്വതി കനിഞ്ഞേകിയവാക്ധോരണി കണ്ടംകരിക്കാവിലിന്ദുചൂഡപ്രിയയും, ചെമ്പകനാടിന്നലങ്കാരഭൂതനാം ദേവനാരായണസ്വാമികളുമൊക്കെ പ്രോൽസാഹിപ്പിച്ച് ജനകീയമാക്കി തിരുവനന്തപുരത്തെത്തി ദീപസ്തംഭം മഹാശ്ചര്യമാക്കിയ വീരനാമദ്ദേഹവും ഇദ്ദേഹം തന്നെ. കുട്ടനാടിന്റെ വാമൊഴിവഴക്കവും

താളക്കെട്ടുകളും പലതട്ടുകളിലുള്ള അന്യോന്യതയിലൂടെ കുഞ്ചൻ നമ്പ്യാരാശാൻ സ്വായത്തമാക്കിയിരുന്നെങ്കിലും കുട്ടനാടിന്റെ പഴമ യായി ബാക്കി നിലനിൽക്കുന്നത് ഏറിയകൂറും കുഞ്ചൻകൃതിയിലുള്ള കുട്ടനാടത്തത്തിലൂടെയാണ്.

# അദ്ധ്യായം രണ്ട്

# ഒരുമദ്ധ്യകാലചരിത്രം

കാവാലത്തുള്ള ചാലയിൽ വീട്ടിലേക്ക് പഴൂർ വാലടിയിൽനിന്നും ഒരു കുടുംബശാഖതാമസം മാറ്റുന്നത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അർദ്ധപാദത്തിന് മുൻപാണ്. എട്ടുകെട്ടോട് കൂടിയ പഴയ കെട്ടിടം എന്റെ സഹോദരിചാലയിൽ സരസ്വതി വർമ്മയുടെ അധീനതയിൽ ഇന്നുമുണ്ട്. ആ കെട്ടിടം എ.ഡി. 1865 ന് മുൻപു ഓടുപാകിയതാവാൻ ന്യായമില്ല. ഓടുപയോഗിച്ച് മേൽക്കൂര മേയുന്ന സമ്പ്രദായം കേരള ക്കരകളിൽ ആദ്യമായി കൊണ്ടുവന്നത് മംഗലാപുരത്ത് കോമൺവെൽത്ത് ടൈൽസ് സ്ഥാപിച്ചതിൽ പിന്നെയാണ്. 1815-ൽ സ്ഥാപിച്ച ജർമ്മൻ മിഷനറി സൊസൈറ്റി പിന്നീട് ബേസൽ ഇവൻജ ലിക്കൽ സൊസൈറ്റി എന്നുമാറി ബേസൽ മിഷൻ എന്ന ചുരുക്കപ്പേ രിൽ അറിയപ്പെട്ടിരുന്നു. ഹെർമൻ ഗുണ്ടർട്ടിന്റെ സഹോദരൻ മംഗലാ പുരത്ത് 1865-ൽ വ്യവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കിയ മേച്ചിൽ ഓടുകൾ ഇന്നും ചാലയിൽ കുടുംബത്തിൽ കാണാം. അതിനു മുൻപുള്ള വീടുമേയുന്ന നാടൻസമ്പ്രദായം ഓലകൊണ്ടുതന്നെയായി രുന്നിരിക്കണം. സർദാർ കെ.എം. പണിക്കരുടെ ആത്മകഥയും മറ്റുരേ ഖകളും പരിശോധിച്ചതിൽ നിന്നും വാലടിയിൽ നിന്നും കാവാലത്തേ ക്കുമാറിയത് എ.ഡി. 1831ലാണെന്ന് കണക്കാക്കാം.

പഴൂരിൽ നിന്നും കാവാലത്തേക്ക് മാറുന്ന ഒരു കുടുംബത്തിന്റെ മദ്ധ്യകാലചരിത്രം പറയുന്നതിനുമുൻപെ, പുണർകോടുസ്വരൂപത്തിന്റെ ഒരുപൂർവ്വ കാല ചരിത്രം പൊതുവായിപറയേണ്ടതുണ്ട്. സർദാർ കെ.എം പണിക്കരുടെ പുണർകോടുസ്വരൂപം എന്ന ഗ്രന്ഥം കുടുംബ ത്തിന്റെ പഴമയോടു ബന്ധപ്പെട്ടുകിടക്കുന്നു. ആഴുവൻചേരിയിൽ നിന്നും

ചേർത്തല വേളോർവട്ടത്ത് വന്ന് സ്ഥാപിച്ച ഒരു കുടുംബത്തിന്റെ താവഴിയാണ് വാലടിയിൽവന്ന് പഴൂർകുടുംബമായി മാറുന്നത്. തെക്കുംകൂറിന്റെ ഭരണകാലത്ത്, ചങ്ങനാശ്ശേരിയോട് തൊട്ടുകിടന്ന വാലടിയിൽ കളരി സ്ഥാപിച്ച പഴൂർ രാമകൃഷണപ്പണിക്കർ, പുണർകോടുസ്വരൂപത്തിന്റെ പ്രധാനകളരിയുടെ നായകനുമായിരുന്നു. ചെമ്പകശ്ശേരിയുടെ ആക്രമണങ്ങളിൽ നിന്നും പുണർകോടുസ്വരൂപത്തെ രക്ഷിച്ചിരുന്ന കളരികളിൽ പ്രാമാണ്യമുള്ള ഒന്നായിരുന്നു വാലടി പഴൂരുള്ള കളരി. വാലടിക്കൂട്ടുമ്മയുടെ കൽത്തൂണിൽ അദ്ദേഹത്തിന്റെ നാമം ആലേഖനം ചെയ്തിരിക്കുന്നത് ഇന്നും കാണാം. വൈക്കത്തമ്പലത്തിൽ തൊഴുതുമടങ്ങുന്ന പലരെയും വേമ്പനാട്ടു കായലിൽ കൊലചെയ്ത് കവർച്ചനടത്തിപ്പിക്കുന്ന പതിവന്നുണ്ടായിരുന്നു. അങ്ങനെ മടങ്ങുന്ന സ്വരൂപത്തിലെ ഒരു കുടുംബത്തെ പഴൂർ രാമകൃഷ്ണപ്പണിക്കർ രക്ഷിച്ചതായും അതിലൊരു നേത്യാരമ്മയെ പിന്നീട് വിവാഹം കഴിച്ചതായും പുണർകോടുസ്വരൂപത്തിൽ വിവരിച്ചിട്ടുണ്ട്. തലവടി ആനപ്രാമ്പാലുള്ള വസ്തു വകകളിൽ താമസിച്ചിരുന്ന പഴൂരിന്റെ ശാഖകൾ പിന്നീട് ചെമ്പകശ്ശേരിയുടെ കീഴിലായി. ചെമ്പകശ്ശേരിരാജാവ് ആവസ്തുക്കൾ കരമൊഴിവായി സ്വരൂപത്തിനുതന്നെ തിരികെ നൽകിയതിന് പൂണുതറയിൽ രേഖകളുണ്ട്. കൂടാതെ, അവിടെ ഒരു കളരി സ്ഥാപിച്ച ഇവർക്ക് ആശാൻ സ്ഥാനം കൊടുത്തുബഹുമാനിക്കയുമുണ്ടായി. പുണർകോടുസ്വരൂപം ലോപിച്ച് പൂണുതറയായി.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കുഞ്ഞോനമ്മ, മാണിക്കത്തമ്മ എന്ന രണ്ടു സഹോദരിമാരും അയ്യപ്പപ്പണിക്കർ, കൊച്ചപ്പപ്പണിക്കർ എന്നരണ്ടു സഹോദരന്മാരുമാണ് പഴൂരിൽ താമസിച്ചിരുന്നത്. മരുമക്കത്തായ വ്യവസ്ഥയിൽ ഒന്നിൽ കൂടുതൽ സഹോദരിമാരുണ്ടാകുമ്പോൾ സ്ത്രീവഴിമൂത്തയാണിന് കിട്ടുന്ന കാരണവർ മേല്ക്കോയ്മ ചിലപ്പോൾ അസ്വാരസ്യങ്ങൾക്കു വഴിവെക്കാം. മാത്രമല്ല, കുടുംബ ബന്ധങ്ങൾ ശിഥിലീകരിക്കാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് മുറപ്പെണ്ണ് എന്ന ആശയം മരുമക്കത്തായ കുടുംബങ്ങളിൽ ഉടലെടുത്തത്. വയനാടൻ മേഖലകളിൽ അപൂർവ്വം ചില വീടുകളിൽ മരുമക്കത്തായ വ്യവസ്ഥ ഇന്നും നിൽക്കുന്നുണ്ടെങ്കിലും, തിരുവിതാംകൂറിൽ മരുമക്കത്തായ വ്യവസ്ഥയ്ക്ക് അന്ത്യം കുറിച്ച അവസാന കുടുംബം 1948–ൽ ആളോഹരി ഭാഗം കഴിച്ച ചാലയിൽ തറവാടാണ്. ഇതിലുള്ള നന്മതിന്മകൾ കുടുംബങ്ങളുടെകെട്ടുറപ്പിനെ ആശ്ര

യിച്ചു മാത്രമല്ല നാടിന്റെ സാമൂഹ്യമാറ്റത്തോടും ഇഴചേർന്നു കിട ക്കുന്നതിനാൽ ഈ സാഹചര്യങ്ങളെ പിന്നീട് വിലയിരുത്താവുന്ന താണ്. മാണിക്കത്തമ്മയുടെ മകളായി ളാച്ചിയമ്മയും, അവരുടെ മക്ക ളായി നാരായണി അമ്മ, പാർവ്വതിഅമ്മ, കൊച്ചുകല്യാണിയമ്മ എന്നി വർ യഥാക്രമം പിന്നീട് വാലടി പഴൂർ, കാവാലം ഓലിക്കൽ, വാലടി മഠത്തിൽ കുടുംബങ്ങളായി മാറി. കുഞ്ഞോനമ്മയുടെ മക്കളായി പാർവ്വ തിയമ്മയും ഉപ്പാലി എന്നറിയപ്പെട്ട ഉമ്മിണിയമ്മയും; അതിൽ ഉപ്പാ ലിയുടെ മകളായ കുഞ്ഞിപ്പിള്ള ഗൗരിയാണ് കാവാലം ചാലയിൽ കുടുംബത്തേക്ക് മാറിത്താമസിക്കുന്നത്. പാർവ്വതിയമ്മയുടെ മകനായ ഇരവി കേശവപ്പണിക്കരായിരുന്നു സ്ത്രീവഴിമുതിർന്ന കാർണവർ. മാണിക്കത്തമ്മക്കും കുഞ്ഞോനമ്മക്കും മുൻപേയുള്ള കല്യാണിയമ്മ വഴി കാവാലത്ത് നെന്മലശ്ശേരിയെന്നൊരു ശാഖ സ്ഥാപിച്ചിരുന്നു. സർദാർകെ എം.പണിക്കരുടെ ആത്മകഥ കടമെടുത്തു പറയുകയാ ണെങ്കിൽ.

"എന്റെ മാതാമഹിയാണ് 1007-മാണ്ടിൽ (എ.ഡി 1831) ചാലയിൽ വന്നു താമസമുറപ്പിച്ചത്. അതിനുമുൻപ് അവിടെ പാർത്തിരുന്ന ശാഖ ക്കാർ കുടുംബ വസ്തുക്കൾ അന്യാധീനപ്പെടുത്തിവരുന്നത് കണ്ട് അതു തടയുന്നതിനായി അന്നു പതിനാറുവയസ്സുമായിരുന്ന എന്റെ വലിയ മ്മാവനും അദ്ദേഹത്തിന്റെ ഒരു സഹോദരിയും ചാലയിലേക്കു താമസം മാറ്റുകയായിരുന്നു എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. അങ്ങനെ സ്ഥിര താമസംചാലയിലാക്കിയെങ്കിലും സ്ത്രീകൾ പ്രസവത്തിനു പഴൂരേക്കു പോവുകതന്നെയായിരുന്നു പതിവ്. എന്റെ അമ്മയെയാണ് 1041-ൽ (എ.ഡി 1865) ആദ്യമായി ചാലയിൽ പ്രസവിച്ചത്".

ഡോക്ടർ കെ.പി പണിക്കർ, സർദാർ കെ.എം പണിക്കർ എന്നിവ രുടെ ഒരേ സഹോദരിയായിരുന്ന ഞങ്ങളുടെ അമ്മ ചാലയിൽ കുഞ്ഞു ലക്ഷ്മി അമ്മയുടെ കൂടെത്താമസിച്ചുകൊണ്ടാണ് കാവാലത്ത് പിന്നീ ടുവന്ന ളാച്ചിയമ്മയുടെ ശാഖയായ ഓലിക്കൽ എന്ന കുടുംബവീട് കാവാലത്ത് പണിതീർത്ത് ഡോക്ടർ അയ്യപ്പപ്പണിക്കരുടെ അമ്മയായ മീനാക്ഷിയമ്മ അങ്ങോട്ടു മാറുന്നത്. ഇരവി കേശവപ്പണിക്കരുടെ കാലം എ.ഡി 1816 തൊട്ട് 1905 വരെയാണ്. ഒരു കുടുംബത്തെ സംബന്ധിച്ച്, ഇരവി കേശവപ്പണിക്കരുടേയും സഹോദരികുഞ്ഞിപ്പിള്ള ഗൗരിയു ടെയും കാവാലത്തേക്കുള്ള മാറ്റം സാമൂഹ്യപരിവർത്തനത്തിനനുസ രിച്ച് മരുമക്കത്തായത്തിന്റെ സംവിധാനങ്ങളിലെ വ്യതിയാനമായി കണ

ക്കാക്കാം. ഒരു കാരണവരെ മരുമക്കത്തായ സംവിധാനത്തിൽ കുടുംബത്തിന്റെ അവകാശിയായിട്ടല്ല. മറിച്ച് സംരക്ഷകനായി മാത്രമെ കരുതേണ്ടതുള്ളു. പല ശാഖകളായി പിരിഞ്ഞ കുടുംബ ബന്ധങ്ങളെയെല്ലാം കൂട്ടിയിണക്കി കൊണ്ടു പോകേണ്ടചുമതല ഇരവികേശവപ്പണിക്കർക്കായിരുന്നു. അതുകൊണ്ട് അദ്ദേഹം ഒരുകർക്കശ സ്വഭാവക്കാരൻ ആയതിൽ അതിശയിക്കേണ്ടതില്ല. കാവാലത്തുണ്ടായിരുന്ന താവഴിയുടെ കൊള്ളരുതായ്മയ്ക്കു വിരാമമിട്ടശേഷം കാവാലത്തു തന്നെ താമസമാക്കിയ ഇവരിലൂടെയാണ് ചാലയിൽ കുടുംബത്തിന് അഭിവൃദ്ധിയുടെ പുതിയ മേച്ചിൽ പുറങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞത്. മരുമക്കത്തായ വ്യവസ്ഥയിൽ സ്ത്രീയെ സംബന്ധം ചെയ്ത് വീടിന് പുറത്തേക്കയക്കുന്നപതിവിന് പകരം അന്ന് നിലവിലുണ്ടായിരുന്നത്, സ്ത്രീവീടിനുള്ളിലെ സർവ്വ തന്ത്രസ്വതന്ത്രയും, കാരണവർ വീടിന് വെളിയിലുള്ള കാര്യങ്ങൾ നോക്കി നടത്തുകയും ചെയ്യുന്ന രീതിയും ആയിരുന്നു. സ്ത്രീകളുടെ പഠനമാർഗ്ഗം വീട്ടിനുള്ളിലൊതുങ്ങുന്നതിനാൽ യൂണിവേഴ്സിറ്റി ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക എന്ന ഇന്നത്തെ തത്വംമാത്രമെ അന്ന് കരണീയമായിരുന്നുള്ളു. ഭർത്താവായിട്ട് പുടവകൊടുക്കുന്നവർക്ക് നൽകാൻ കഴിയുന്ന അർത്ഥമൊഴിച്ചുള്ളരണ്ട് കാര്യങ്ങൾ സന്താനസൗഭാഗ്യവും വിദ്യയുമാണ്. കുഞ്ഞിപ്പിള്ള ഗൗരിയമ്മയ്ക്ക് പുടവകൊടുത്തത്, തമിഴ്നാട് മധുരയിൽ നിന്നും വെങ്കിടൻ എന്ന തമിഴ് ബ്രാഹ്മണനാണെന്ന് എന്റെ അമ്മയുടെ വാമൊഴിയിലൂടെ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇരവി കേശവപ്പണിക്കരാവട്ടെ; പയറ്റുപാക്കയിലുള്ള ലക്ഷ്മിക്കുഞ്ഞമ്മ എന്നൊരു സ്ത്രീയെ വിവാഹം കഴിച്ച്, ചാലയിൽ തറവാടിന്റെ തോടിനക്കരെയുള്ള കൊച്ചുമണിമല എന്നചാവടിയിലും താമസിച്ചു വന്നിരുന്നു. പല തുരുത്തുകളുടെ സമുച്ചയങ്ങളെ തോടുകൾ വഴി പമ്പാ നദിയോട് ബന്ധിപ്പിച്ച്, അത് ആറ്റുമുഖത്ത് വേമ്പനാട്ടു കായലുമായിച്ചേരുന്ന താഴ്ന്ന കുട്ടനാടൻ പ്രദേശങ്ങളിലൊന്നായിരുന്നു കാവാലം എന്ന കുഗ്രാമം. പ്രധാന തൊഴിലായ നെൽകൃഷിക്കു തന്നെ പറമ്പുകൾക്കിടയിൽ കിടന്നിരുന്ന പൊക്കപ്പാടങ്ങൾ മാത്രമെ ശരണമായിട്ടുണ്ടായിരുന്നുള്ളൂ. ഇരവി കേശവപ്പണിക്കരാണ് കായൽകുത്തിന്റെ ആദ്യസംരഭമായ ആറ്റുമുട്ടുകായൽ കുത്തിയെടുത്ത് കൃഷിയോഗ്യമാക്കാൻ ഒരുങ്ങിപ്പുറപ്പെട്ടത്. നാട്ടുകാരുടെ ഒത്തൊരുമയില്ലാതെ സാദ്ധ്യമല്ലാത്ത ഇക്കാര്യത്തിന് മണ്ണിലേക്കിറങ്ങിച്ചെന്ന് ജോലി ചെയ്യുന്ന പുലയ അധഃസ്ഥിതവർഗങ്ങളുമാ

യുള്ള കൂട്ടായ്മ അനിവാര്യമായ കാര്യമാണ്. അങ്ങനെ യൊരു ബന്ധം കുട്ടനാട്ടിൽ കുഞ്ചൻ നമ്പ്യാരുടെ കാലത്ത് തന്നെ നിലവിലുണ്ടായിരുന്നുവെന്നതിന് തെളിവാണ് പറയൻ തുള്ളലിനെ ക്രോഡീകരിച്ച് അമ്പലമുറ്റത്തേക്ക് കൊണ്ടുവരാനുള്ള ശ്രമം അദ്ദേഹം നടത്തിയത്. ഈ കൂട്ടായ്മയുടെ കലയുമായുള്ള ആത്മീയവശം പിന്നീടിയുദ്യമത്തിന് ഇറങ്ങിത്തിരിച്ചവരിൽ നഷ്ടമായതാവാം കുട്ടനാടിനെ ജോലി ചെയ്യുന്നവരും ജോലി ചെയ്യിപ്പിക്കുന്നവരും എന്ന അസമത്വത്തിലേക്ക് കൊണ്ടെത്തിച്ചത്. അദ്ധ്വാനഭാരം കുറയ്ക്കാനുള്ള പാട്ടില്ലെങ്കിലും ജോലിമതി എന്നുള്ളവരും വേതനവ്യവസ്ഥ കൂട്ടുവാൻ പാട്ടുംകുത്തുമില്ലാത്ത ജോലിമതിയെന്നുമുള്ള രണ്ട് ചേരികൾ പിൽക്കാലത്ത് വേരുറച്ചു. ഇതുകൊണ്ടെത്തിച്ച കാർഷിക വിപ്ലവത്തിനും, ഭൂപരിഷ്ക്കരണത്തിനും ഒഴുക്കിലൂടെ നീന്താൻ ചാലയിൽ കുടുംബത്തിന് കഴിഞ്ഞത് തനത് കലയുമായുള്ള ആത്മീയ ബന്ധം പുലർത്തുന്നതു കൊണ്ടുതന്നെയാവാം.

ബാല്യകാലത്തുള്ള സർദാർ കെ.എം പണിക്കരുടെ ഓർമ്മകളിൽ ഇരവി കേശവപ്പണിക്കരെ ഇങ്ങനെ വിവരിക്കുന്നു.

“എന്റെ വലിയമ്മാവൻ ഇരവി കേശവപ്പണിക്കർ ഒരസാമാന്യ പുരുഷനായിരുന്നു. എന്റെ മനസ്സിൽ ദൃഢമായി പതിഞ്ഞിട്ടുള്ള ആദ്യത്തെ ഓർമ്മ അദ്ദേഹത്തെപ്പറ്റിയാണ്. അദ്ദേഹം പഞ്ചുമേനവനെപ്പോലെ അട്ടഹസിച്ച് പഞ്ചപുച്ഛമടക്കി പിറകെ നടന്നിരുന്ന ചിലരോടൊരുമിച്ചു ചാലയിലേക്കു വരുന്നതും എന്റെ അമ്മുമ്മ പേടിച്ചു വിറച്ചുകൊണ്ടു നാലുകെട്ടിലേക്കു മറയുന്നതും അതുവരെ ഉത്സവസ്ഥലം പോലെ കോലാഹലമായിരുന്ന ആ വീട് പെട്ടെന്നു നിശബ്ദതയിലാഴുന്നതും എനിക്ക് ഇപ്പോഴും ഓർമ്മയിലുണ്ട്. വലിയ കാർണവർ താമസിച്ചിരുന്നതു ചാലയിൽ നിന്ന് ഒരു വിളിപ്പാടകലെയുള്ള ഒരു ചാവടിയിലായിരുന്നു. മുത്താഴം ചാവടിയിൽത്തന്നെയായിരുന്നുവെങ്കിലും വൈകുന്നേരത്തെ ഭക്ഷണത്തിന് ചാലയിലേക്കു പോരുന്നതായിരുന്നു അദ്ദേഹത്തിന്റെ പതിവ്. ഊണ് കണിശം അഞ്ചുമണിക്കു തുടങ്ങിയാൽ ആറുമണി വരെ നീണ്ടുനിൽക്കും. തളത്തിൽ അദ്ദേഹം ഉണ്ണാനിരുന്നാൽ കൃഷികാര്യങ്ങളും നാട്ടുകാര്യങ്ങളും പറയുന്നതിന് ഒട്ടുവളരെ ആളുകൾ മുറ്റത്ത് കൂടി നില്ക്കുക ഒരു പതിവായിരുന്നു”.

ചേന്നംകരിയാറിന്റെ വേമ്പനാടൻ ആറ്റുമുഖത്ത് ആറിന്റെ ഗതി മാറ്റി ആറ്റുമുട്ടുകായൽ കുത്തിയെടുക്കുന്നതിനെപ്പറ്റിയുള്ള വിവരണം

കേരള ഡിസ്ട്രിക്റ്റ് ഗസറ്റിയേഴ്സിൽ കൊടുത്തിട്ടുണ്ട്. ("ശ്രീ.എ. ശ്രീധരമേനോൻ എഡിറ്റു ചെയ്ത് പ്രസാധനം ചെയ്തിട്ടുള്ള കേരള ഗസറ്റിയേഴ്സ് കേരള ഗവൺമെന്റു, തിരുവനന്തപുരം 1975 ചാപ്റ്റർ IV കൃഷിയും ജലസേചനവും പേജ് 158" ഈ അദ്ധ്യായത്തിന്റെ ഒടുവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിൽ ഒരു പിഴവുള്ളതും ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ആറ്റുമുട്ടുകായലിന് ശേഷമുള്ള രാജരാമപുരവും, മതികായലും കുത്തിയെടുത്തത് കേശവപ്പണിക്കർക്കു ശേഷമുള്ള ഇരവി രാമകൃഷ്ണപ്പണിക്കരുടെ കാലത്താണ്). അന്നത്തെക്കാലത്ത് ലഭ്യമായ നാട്ടിലെ സാമഗ്രികളായ തെങ്ങിന്റെ വലിയ ഏരികളും, ചപ്പുചവറുകളും നദിയിലെ ചെളിമയമുള്ള മണ്ണും എല്ലാം കൂടി ഉപയോഗിച്ച് മുപ്പതടിയോളം താഴ്ചയുള്ള ചേന്നംകരിയാറിന്റെ ഗതിമാറ്റി മുട്ടിട്ട് കൃഷിയോഗ്യമാക്കിയത് ഇൻജിനീയറിംഗ് പ്രാഗൽഭ്യത്തെ വിളിച്ചോതുന്നതെന്ന് ജസ്റ്റർ എന്ന അമേരിക്കൻ മാഗസീനിലും രേഖപ്പെടുത്തിയിട്ടുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ (1880കളിൽ), ആറ്റുമുട്ടു കായൽ കുട്ടനാടൻ നെൽകൃഷി വികസനത്തിലെ ആദ്യ സംരഭമായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനു വേണ്ട ഒത്താശകളും സമ്മതപത്രവും ചെയ്തു തന്ന ദിവാൻ പേഷ്ക്കാർരാജാരാമറാവുവിന്റെ ഓർമ്മയ്ക്കായി അടുത്ത സംരഭത്തിന് രാജരാമപുരം എന്ന് പേരിട്ടു. ഇത് പൂർത്തിയാകുന്നതിന് മുൻപേതന്നെ 1905-ൽ ഇരവി കേശവപ്പണിക്കർ പ്രമേഹരോഗത്താൽ ദിവംഗതനായി. മൂത്തവരായി കുടുംബത്തിൽ വേറെചിലരുണ്ടായിരുന്നെങ്കിലും, കാര്യപ്രാപ്തികൊണ്ടും, പരോപകാരതൽപ്പരതകൊണ്ടും, തിരുവിതാംകൂറിലൊക്കെ അറിഞ്ഞിരുന്ന ഇരവിരാമകൃഷ്ണപ്പണിക്കരെയാണ്. മരിച്ചുപോയ കാരണവരുടെ അഭിപ്രായ പ്രകാരം ഒന്നുചേർന്ന് ഭരണമേൽപ്പിച്ചത്.

1909-ൽ നെന്മലശ്ശേരിയെന്ന ശാഖ ഭാഗം മേടിച്ചു ചാലയിൽ നിന്നും മാറിയെങ്കിലും, പഴൂരും മറ്റുള്ള ശാഖകളുമായിട്ടുള്ള സാമ്പത്തിക ആത്മീയ ബന്ധങ്ങൾക്ക് ഒരു ന്യൂനവും തട്ടിയിരുന്നില്ല. പ്രസവത്തിന്, കുഞ്ഞിപ്പിള്ള ഗൗരി പഴൂരേക്ക് പോകുന്ന പതിവുണ്ടായിരുന്നെങ്കിലും ഇരവി രാമകൃഷ്ണപ്പണിക്കരുടെ ഇളയ സഹോദരിയും, ഡോ. കെ.പി. പണിക്കർ, സർദാർ കെ.എം. പണിക്കർ, ഞങ്ങളുടെ അമ്മ ചാലയിൽ കുഞ്ഞുലക്ഷ്മി അമ്മ എന്നിവരുടെ അമ്മയും ആയ കൊച്ചു കുഞ്ഞിയമ്മയെയാണ് ആദ്യമായി കാവാലത്ത് പ്രസവിച്ചത്. പൂർത്തീ

കരിച്ച രാജരാമപുരത്തിന് പുറമെ ആറ്റുമുട്ടുകായലിനോടു തൊട്ടുള്ള മതികായൽ കൂടി കുത്തിയെടുത്ത് കായൽ കുത്തിന് വിരാമമിടുകയാണ് ഇരവി രാമകൃഷ്ണപ്പണിക്കർ ചെയ്തത്. എന്റെ ജ്യേഷ്ഠ സഹോദരൻ കാവാലം നാരായണപ്പണിക്കർ പറഞ്ഞപോലെ മതികായൽ ബുദ്ധിയുടേയും, മനസ്സിന്റെയും ആദേശമാണ്. കായൽ മതി എന്ന വിചാരത്തിൽ "മതികായൽ" എന്ന പേരിൽ ഒരു കായൽ കൂടി കുത്തിയെടുക്കാൻ ഇരവി രാമകൃഷണപ്പണിക്കർക്കുണ്ടായ പ്രേരണയുടെ കഥകൂടെ ഓർമ്മിക്കട്ടെ. തിരുവിതാംകൂർ വാണിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവ് റസിഡന്റു സായിപ്പിന്റെ നിർദ്ദേശപ്രകാരം മദിരാശിയിൽ എഴുന്നള്ളി താമസിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇംഗിതമനുസരിച്ച് അന്ന് 'സ്വരാജ്യ' എന്ന ആഗ്ലേയവാരികയുടെ പത്രാധിപരായിരുന്ന സർദാർ പണിക്കർ റസിഡന്റ് സായിപ്പിനെ സന്ദർശിക്കുന്നതിലും ചില സുപ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലും വേണ്ട സഹായങ്ങൾ ചെയ്തതിൽ മഹാരാജാവ് അത്യന്തം സംതൃപ്തനായി. ഇതിന്റെ തുടർച്ചയായി കൊല്ലം പേഷ്ക്കാർ ഒരിക്കൽ ചാലയിൽ എത്തുകയും ഇഷ്ടമുള്ളത്രയും പുറംകായൽ കുത്തിയെടുക്കുന്നതിനുള്ള രാജകീയാനുമതിയെപ്പറ്റി അറിയിക്കുകയും ചെയ്തു. കായൽകുത്ത് ഇനിചെയ്യേണ്ടതില്ലെന്നു തീരുമാനിച്ച വിവരം രാമകൃഷ്ണപ്പണിക്കർ പേഷ്ക്കാരെ അറിയിച്ചു. എന്നാൽ അത് മഹാരാജാവിന്റെ ഇംഗിതത്തെ മറികടക്കലാവും എന്ന പേഷ്ക്കാരുടെ ഉപദേശം സ്വീകരിച്ചുകൊണ്ടാണ് മറ്റൊരു കായൽകുത്തിലേക്ക് ഇറങ്ങി ത്തിരിക്കാൻ തീരുമാനിച്ചത്. അങ്ങനെയാണ് "മതി" എന്ന പേരുണ്ടായത്. പിന്നീട് യുദ്ധകാലക്ഷാമപരിഹാരമായി കൂടുതൽ കൃഷിയിടങ്ങളുടെ ആവശ്യമുള്ളതിനാൽ പല പ്രലോഭനങ്ങളും, തിരുവനന്തപുരത്ത് നിന്നും ഉണ്ടായെങ്കിലും തീരുമാനത്തിൽ ഉറച്ചുനിന്നുകൊണ്ട് കൃസ്ത്യൻ സുഹൃത്തുക്കളെ ഈ ഉദ്യമം തുടർന്നുകൊണ്ടു പോകാൻ ശുപാർശ ചെയ്യുകയാണ് ഉണ്ടായത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഏതാണ്ട് അയ്യായിരത്തി അഞ്ഞൂറ് ഏക്കറോളം കായൽ കൃഷിയിടങ്ങൾ കുത്തിയെടുക്കുന്നതിന് പിന്നീടുവന്ന ശ്രീ.കളത്തിൽ അന്തോണിമാപ്പിള, ശ്രീ. ചിറയിൽ തൊമ്മൻ മാപ്പിള തുടങ്ങിയ കൃസ്ത്യൻ സുഹൃത്തുക്കളുടെ ശ്രമത്തിലൂടെ സാധിച്ചുവെന്ന് കേരള ഗസറ്റിയേഴ്സുവഴി സാക്ഷ്യപ്പെടുത്തുന്നുണ്ട്. മദിരാശി സർക്കാറിന്റെ

നിർദ്ദേശപ്രകാരം 1903-ൽ കായൽകുത്തിന് തിരുവിതാംകൂർ സർക്കാർ നിരോധനമേർപ്പെടുത്തി. കാരണമാവട്ടെ, കൊച്ചി തുറമുഖത്തിന്റെ വികസനത്തിനു കായൽ കുത്ത് വിഘാതമുണ്ടാക്കുമെന്ന് ചൂണ്ടിക്കാണിച്ചാണ്. 1912 ൽ ഈ നിയമത്തിന് അയവുവരികയും, ലോകമഹായുദ്ധകാലങ്ങളിലെ ഭക്ഷണദൗർല്ലഭ്യം പരിഹരിക്കുവാൻ ശ്രീ. തോമ്മസ്മുരിക്കൻ ഈ സംരംഭം സജീവമായി ഏറ്റെടുക്കുകയും ചെയ്തു. 1945-ാം മാണ്ട് ആയപ്പൊഴേക്കും ഏതാണ്ട് ഇരുപതിനായിരം ഏക്കർ കായൽനിലം വേമ്പനാട്ടുകായലിൽ കൃഷിയോഗ്യ മായെന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. ഇതിന് വേണ്ട ഒത്താശകളൊരുക്കിക്കൊടുക്കുന്നതിന് ചാലയിൽ കുടുംബം അതിന്റേതായ പങ്ക് നിർവ്വഹിച്ചിട്ടുണ്ടെങ്കിലും 'മതി' കായലോടെ കായൽകുത്തിന് സമ്പൂർണ്ണ വിരാമ മിടുകയാണു ഇരവി രാമകൃഷ്ണപ്പണിക്കർ ചെയ്തത്. കാലത്തിനനുസരിച്ചുള്ള വിദ്യാഭ്യാ സത്തിനൂന്നൽ കൊടുത്തുകൊണ്ടും, ഉള്ളത് സംരക്ഷിച്ചുകൊണ്ടുമുള്ള ഒരു മാർഗ്ഗമാണ് അദ്ദേഹം പിന്നീടു തിരഞ്ഞെടുത്തത്. വീട്ടിലും, കര യിലും, തിരുവിതാംകൂറിൽ തന്നെയും സുസമ്മതനായിരുന്ന ഇരവി രാമകൃഷ്ണപ്പണിക്കരുടെ ജനനം മലയാളമാണ്ട് 1038 ഇടവം 10നാണ് (എ.ഡി. 1863) ആകാരസൗഷ്ഠവം കൊണ്ടും, പരോപകാര തൽപ്പരത കൊണ്ടും കുട്ടനാട്ടിലെ ജനങ്ങൾക്ക് പ്രിയങ്കരനായിരുന്ന അദ്ദേഹം വളരെ ലളിതമായ ജീവിതമാണു നയിച്ചിരുന്നത്. വാക്കിനും, പ്രവർത്തിക്കും തമ്മിൽ അന്തരമില്ലാത്തൊരാൾ എന്ന ഖ്യാതിയും അദ്ദേ ഹത്തിനുണ്ടായിരുന്നു. നല്ല വടി വൊത്ത രീതിയിൽ നാരായംകൊണ്ട് ഓലയിലെഴുതിയരാമായണത്തിന്റെ ചീളുകൾ ഇന്നും എന്റെ പക്കലു ണ്ട്.

ആദ്യമഹായുദ്ധത്തെത്തുടർന്നു, ലോകം മുഴുവൻ സാമ്പത്തിക ബുദ്ധിമുട്ടു നേരിടുന്ന കാലം. അതിന്റെ പ്രതിഫലനമായി ഉൽപതി ഷ്ണുക്കളായ നായർ യുവാക്കൾ മരുമക്കത്തായസമ്പ്രദായത്തിനെതി രെയും ആളോഹരി ഭാഗത്തിന് വേണ്ടിയും വാദിച്ചു തുടങ്ങിയിരു ന്നു. യശശ്ശരീരനായ മന്നത്ത് പത്മനാഭപിള്ളയുടെ നേതൃത്വത്തിൽ തുടങ്ങിയ എൻ.എസ്.എസ് ആണ് ഈ വാദഗതിക്ക് ചുക്കാൻ പിടി ച്ചിരുന്നത്. സൊസൈറ്റിയുടെ തുടക്കം മുതൽ അതിന്റെ വിദ്യാഭ്യാസ സംരഭങ്ങളിൽ ഇരവിരാമകൃഷ്ണപ്പണിക്കരുടെ നിർല്ലോഭമായ സഹാ യസഹകരണങ്ങൾ ഉണ്ടായിരുന്നെങ്കിലും ആളോഹരി ഭാഗവാദത്തോട്

അദ്ദേഹത്തിന് പൂർണ്ണയോജിപ്പില്ലായിരുന്നു. ഇന്നത്തെ ആഗോള വത്ക്കരണം പോലെ മക്കത്തായത്തിന് മരുമക്കത്തായം കാലാനു സൃതമായി വഴിമാറേണ്ടിവരുമെന്നുള്ള ബോധവും പരക്കെ ഉണ്ടായി ത്തുടങ്ങിയ കാലമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം. ചാല യിൽ കുടുംബത്തെ സംബന്ധിച്ചാണെങ്കിൽ അന്ന് പഴൂരുമായിച്ചേർന്ന് ആറേഴു താവഴികളും, നാൽപ്പതോളം അംഗങ്ങളുള്ള കൂട്ടുകുടുംബത്തെ പിരിക്കാതെ മരുമക്കത്തായത്തിന് അസ്തിത്വമില്ലെന്നു വന്നു. സർദാർ കെ.എം. പണിക്കരുടെ അഭിപ്രായം തന്നെ ഉദ്ധരിക്കട്ടെ


" ചാലയിലും പഴൂരുമായി ഞങ്ങളുടെ വീട്ടിൽ അന്ന് ആറേഴുതായ് വഴികളും ആകപ്പാടെ നാൽപ്പതിൽ കുറയാതെ അംഗങ്ങളുമുണ്ടായി രുന്നു. അവരെ ഒത്തൊരുമിപ്പിച്ച് ഒരു ഭാഗം നടത്തുക എന്നത് ക്ഷിപ്ര സാദ്ധ്യമായിരുന്നില്ല. എങ്കിലും അമ്മാവന്റെ ആലോചനയിൽ അന്ന് വലിയ വൈഷമ്യം കൂടാതെ സാധിച്ചുവെന്ന് പറയാം. ഐകമത്യത്തോ ടുകൂടി അന്ന് അമ്മാവൻ നടത്തിയ ഭാഗം നിമിത്തം വലിയ ഛിദ്രം കൂടാതെ പുതിയ മരുമക്കത്തായ നിയമത്തിനുശേഷവും ഞങ്ങൾ കഴിഞ്ഞുവന്നു."

1921 –ൽ നടത്തിയ ഭാഗത്തിലൂടെ കാവാലത്തെ ഓലിക്കൽ, വാല ടിയിലെ പഴൂർ, മഠത്തിൽ തുടങ്ങിയ ശാഖകൾ ചാലയിൽ നിന്നും ഭാഗംമേടിച്ച് പിരിഞ്ഞു. ഈ ഭാഗം മേടിച്ചു പിരിയലിലും ഒരു കാര്യം പറയാതെ വയ്യ. ഈ കുടുംബങ്ങളെല്ലാം തന്നെ വാലടിക്കാവിലെ കളരി –പരദൈവങ്ങൾ വഴി ഇന്നും ആത്മീയമായ ബന്ധം പുലർത്തി വരുന്നുണ്ട്.

ഇരവി രാമകൃഷ്ണപ്പണിക്കരുടെയും, സഹോദരി കൊച്ചുകുഞ്ഞി യമ്മയുടെയും താഴെ രണ്ടാണുങ്ങൾ ഉണ്ടായിരുന്നതിൽ മദ്ധ്യമനായ നടുവത്തമ്മാവനെന്നറിയപ്പെടുന്ന അയ്യപ്പപ്പണിക്കർ കുടുംബകാര്യങ്ങ ളിൽ ജ്യേഷ്ഠനെ സഹായിക്കയും അനന്തിരവന്മാരായ കെ. പത്മനാ ഭപ്പണിക്കരുടെയും, കാവാലം മാധവപ്പണിക്കരുടെയും വിദ്യാഭ്യാസ മേൽനോട്ടവുമാണ് വഹിച്ചിരുന്നത്. അക്കാലത്ത് പഠനത്തിൽ ശ്രദ്ധ യൂന്നേണ്ട കുട്ടികൾക്ക് കവിതയെഴുത്ത് നിഷിദ്ധമെന്നു കരുതിയിരു ന്നു. പ്രത്യേകിച്ച് അയലത്തെ സുന്ദരിയായ ഒരു സ്ത്രീയെപ്പറ്റി കവി തയെഴുതിയതിന് സർദാർ പണിക്കരെ നടുവത്തമ്മാവൻ തൂണിൽകെ ട്ടിയിട്ടു ശിക്ഷിച്ചവിവരം കേട്ടറിയാം. ഒറ്റിക്കൊടുക്കപ്പെട്ടതിന്റെ ദേഷ്യ ത്തിൽ അറിയാൻകഴിയാത്ത ആരെയോ പറ്റി കെ.എം. പണിക്കരെഴു



കുഞ്ഞിപ്പിള്ള ഗൗരി എ.ഡി.
1832ൽ വാലടി പഴൂര് നിന്നും
കാവാലത്ത് ചാലിയിലേക്കു മാറി



ഇരവി രാമകൃഷ്ണപ്പണിക്കർ
(എ.ഡി. 1862–1939)



ചാലയിൽ
കൊച്ചുകുഞ്ഞിയമ്മ
(എ.ഡി. 1865–1948)



അയ്യപ്പപ്പണിക്കർ
(നടുവത്തമ്മാവൻ)




ഗോവിന്ദപ്പണിക്കർ
(എ.ഡി. 1880–1914)

## സർദാർ കെ.എം. പണിക്കരുടെ രാഷ്ട്രീയ – സാമുദായികതല ബന്ധങ്ങളുട ചില ഫയൽ ചിത്രങ്ങൾ





ഇളയമകൾ രാധയുടെ ശ്രീ. കെ.സി. മോഹനുമായുള്ള വിവാഹസൽക്കാരത്തിൽ പണ്ഡിറ്റ് ജവർഹാലിനൊപ്പം സർദ്ദാർ പണിക്കർ, ഭാര്യ ഗൗരിമ്മ, മൂത്തമകൾ പാർവ്വതി നായർ, ഭർത്താവ് ഡോ. കെ.ആർ. നായർ





ബീക്കാനിർ സെക്രട്ടറിയേറ്റ്



ഘനശ്യാംദാസ് ബിർലയോടൊപ്പം സർദാറും, ഭാര്യയും ഇളയമകളും



ഒരു പഴയ ഡൽഹി മലയാളി സമാജം
പനമ്പള്ളി ഗോവിന്ദ മേനോനെയും കാണാം







എ.എൻ. തമ്പിയുമായി
മദിരാശിയിൽ














555

തിയ ശ്ലോകം എന്റെ അമ്മ പറഞ്ഞയോർമ്മയിൽ കുറിക്കട്ടെ
"നേരിന്നാരറിയുന്നു, ദൈവമൊഴികെ
പാരിങ്കൽ വൈരം മൂഴുത്തോരോ
ദൂഷണമേഷണിക്കുവിരുതന്മാരുണ്ടനേകം വിധൌ!
കാര്യത്തിന്റെ നിജം തിരക്കി-
യറിയാതീമട്ട് ശിക്ഷിക്കുവാൻ
ആരോ ദൂഷണമോതിയോന്റെ
തലയിൽ വീഴട്ടിടിത്തീ ജവാൽ."

ഇരവി രാമകൃഷ്ണപ്പണിക്കരുടെ മകൾ ജാനകിയമ്മയെ ഡോക്ടർ കെ.പത്മനാഭപ്പണിക്കരും, അയ്യപ്പപ്പണിക്കരുടെ മകൾ ഗൗരിയമ്മയെ സർദാർ പണിക്കരും പിന്നീട് വിവാഹം കഴിച്ചു. നടുവത്തമ്മാവന്റെ ഏറ്റവും ഇളയ സഹോദരനായഗോവിന്ദപ്പണിക്കർ തിരുവനന്തപുരത്ത് താമസിച്ച് ബി.എ ബി.എൽ ഡിഗ്രിയെടുത്തയാളാണ്. അദ്ദേഹത്തിന്റെകൂടെ താമസിച്ച് ഞങ്ങളുടെ അമ്മാവന്മാരായ കെ.പത്മനാഭപ്പണിക്കർ എഫ്.ഏയ്ക്കും സർദാർ പണിക്കർ ഹൈസ്ക്കൂളിലും പഠിയ്ക്കയുണ്ടായിട്ടുണ്ട്. പിന്നീട് ഗോവിന്ദപ്പണിക്കരെ തലവടി ആനപ്രാമ്പയിലുള്ള ഒരു സ്കൂളിന്റെ നവീകരണത്തിനായി നിയോഗിച്ചു. അടച്ചുപൂട്ടലിന്റെ വക്കത്തായിരുന്ന ആസ്കൂളിനെ രക്ഷിക്കാനദ്ദേഹത്തിന്കഴിഞ്ഞില്ല. അതിന്റെ മനോവിഷമവും ഇംഗ്ളണ്ടിലേക്ക് പഠിക്കാൻ പോയ അനന്തിരവന്മാരുടെ അഭാവവും., അദ്ദേഹത്തെ നാടുവിടാൻ പ്രേരിപ്പിച്ചു. ദേവികുളത്ത് വളരെക്കാലം താമസിച്ച് ഒരു വലിയ ഏലത്തോട്ടമുണ്ടാക്കി അതിന് രാജപുരത്തിന് തത്തുല്യമായ രാജക്കാട് എന്ന പേരും നൽകിയ ശേഷം മാത്രമെ അദ്ദേഹം കാവാലത്തേക്ക് മടങ്ങിയുള്ളൂ. എന്നാൽ മലേറിയ ബാധിച്ച അദ്ദേഹം കാവാലത്ത് എത്താൻ കഴിയാതെ ആലപ്പുഴ റ്റി.ബിയിൽ വെച്ച് മരണപ്പെടുകയാണുണ്ടായത്. കാവാലത്ത് കൊണ്ടുവന്ന് ദഹിപ്പിച്ച ശേഷം, ആർക്കുമൊന്നറിയാത്ത ആ എസ്റ്റേറ്റ് ചേർത്തലയിലുള്ള ആന്ത്രപ്പേർക്കായി പാട്ടത്തിന് കൊടുക്കുകയും കുടുംബത്തിൽ നിന്നും ആരും തിരിഞ്ഞുനോക്കിയിട്ടില്ലാത്ത സ്ഥലമായിത്തീരുകയും ചെയ്തു. ഗോവിന്ദപ്പണിക്കരെന്ന ഈ അമ്മാവൻ കല്യാണം കഴിച്ചിട്ടുണ്ടായിരുന്നില്ല.

ഇരവി രാമകൃഷ്ണപ്പണിക്കരുടെ ഇളയ സഹോദരി ചാലയിൽ കൊച്ചു കുഞ്ഞിയമ്മയെ വിവാഹം കഴിച്ചിരുന്നത്. കോലത്ത് നാട്ടിൽ (ഇന്നത്തെ കാസർകോട്) കരിവെള്ളൂർ ദേശത്തുള്ള കൊടുകാട് എന്ന ഗ്രാമത്തിലെ പെരിയമന പുതിയില്ലത്ത് പരമേശ്വരൻ നമ്പൂതിരിയാ

യിരുന്നു. കൂട്ടമത്തു കുടുംബവുമായി ബന്ധം ഉണ്ടായിരുന്ന ഈ ഇല്ല ത്തേയ്ക്കായിരുന്നു കാവാലം പള്ളിയറക്കാവ് ക്ഷേത്രത്തിന്റെ കാരായ്മ സ്ഥാനം. അതുകൊണ്ട് കാവാലത്ത് താമസമാക്കിയ അദ്ദേഹവും പിന്നീട് അദ്ദേഹത്തിന്റെ സഹോദരന്റെ മക്കളായ ശംഭു, ശങ്കരൻ, പര മേശ്വരൻ എന്നിവരിൽ ശങ്കരൻ വാലടി പഴൂരും പരമേശ്വരൻ കാവാലം നെന്മലശ്ശേരിയിലും കല്യാണം കഴിച്ചുകൂടുകയുണ്ടായി. യജുർവേദി കളായ ഇവർക്ക് വായിച്ചറിയാനുള്ള കഴിവ്തുലോം കുറവായിരുന്നെ ങ്കിലും കർണ്ണാകർണ്ണികയായി കേട്ടു പഠിച്ച വേദം ഈണത്തിൽ സ്വരി ക്കാനുള്ളകഴിവ് അപാരമായിരുന്നു. പരമേശ്വരൻ തിരുമേനി പിന്നീട് കാവാലം പള്ളിയറക്കാവ് ക്ഷേത്രത്തിൽ മേൽശാന്തിയാകുകയും, ശങ്ക രൻതിരുമേനി കുടുംബക്ഷേത്രമായവാലടിക്കൂട്ടുമ്മയിലും, അതോടു ബന്ധിച്ച മുല്ലൂരിലും പൂജചെയ്തിരുന്നു.

ചാലയിൽ കൊച്ചുകുഞ്ഞിയമ്മയുടെ ഷഷ്ടി പൂർത്തിയോടനുബ ന്ധിച്ചാണ് പെൺപള്ളിക്കൂടമെന്നറിയുന്ന ലോവർ പ്രൈമറിസ്കൂൾ നടത്തിപോന്നത്. നിലത്തെഴുത്തിലൂടെ കുറുപ്പോടത്താശാനും മറ്റും നടത്തിപ്പോന്നിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ മാത്രമുണ്ടായിരുന്ന കാവാ ലത്ത് ഇങ്ങനെയൊരു സ്കൂൾകൂടെ തുടങ്ങിയത് ഒരനുഗ്രഹമായിരു ന്നു. 1948-ൽ സർക്കാരിന് വിട്ടുകൊടുത്തെങ്കിലും ഇന്നും ചാലയിൽ സ്കൂൾ എന്നാണ് നാട്ടിൽ അറിയപ്പെടുന്നത്. അസാധാരണമായ ആജ്ഞാ ശക്തിയുള്ള സ്ത്രീരത്നമായിരുന്നു എന്റെ അമ്മൂമ്മ. അമ്മയ്ക്ക് വീട്ടുകാര്യങ്ങൾ നോക്കാൻ പ്രായമായപ്പോഴേക്ക് ഈശ്വര ഭജനത്തിലേക്കും മറ്റും മുഴുകിയ അമ്മൂമ്മയാണ് എന്റെ ഓർമ്മയിലു ള്ളത്. 1948-ൽ സർദാർ പണിക്കർ കാവാലത്ത് വന്ന് താമസിച്ചയവ സരത്തിൽ ഡോ.കെ പി. പണിക്കരോടും, സർദാറിനോടും അമ്മൂമ്മ ആകെയുള്ള അവസാന ആഗ്രഹവും അറിയിച്ചു. എന്റെ ജ്യേഷ്ഠസ ഹോദരി ഗൗരിയമ്മയുടെ കല്യാണംകൂടെ കണ്ടിട്ട് മരിക്കണമെന്ന ആഗ്ര ഹവും കൂടിസാധിച്ചാണ് അമ്മൂമ്മ വിടവാങ്ങിയത്.

സർദാർ പണിക്കർ ആലിഗർ സർവ്വകലാശാലയിലെ പ്രൊഫസർ സ്ഥാനമുപേക്ഷിച്ച് മദിരാശിയിൽ "സ്വരാജ്യം" പത്രത്തിൽ പത്രാധി പരായി ചേരുന്നതിനിടയിൽ ഏതാണ്ട് രണ്ടാഴ്ച്ചക്കാലം കാവാലത്ത് വന്ന് 1920-ൽ താമസിക്കയുണ്ടായി. അന്നത്തെ അവധിക്കാലത്ത് നാലഞ്ചുദിവസം കാവാലത്ത് ചിലവിടുവാൻ അദ്ദേഹത്തിന്റെ ക്ഷണ മനുസരിച്ച് മഹാകവി വള്ളത്തോൾ, നാലപ്പാട് നാരായണമേനോൻ എന്നിവർ അതിഥികളായുണ്ടായിരുന്നു. വള്ളത്തോൾ തെക്കൻ രീതി

യിലുള്ള കഥകളി കാണാൻ മുൻപെതന്നെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നതിനാൽ അന്ന് ചാലയിൽ ഒരു കഥകളി വിരുന്നൊരുക്കുകയുണ്ടായി. മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കരാശാൻ തകഴിയിൽ അയ്യപ്പൻ പിള്ളയാശാൻ, കുറിച്ചി കുഞ്ഞൻ പണിക്കരാശാൻ എന്നിവരുടെ കാവാലത്തെ ഭാഷയിൽ മേജർ സെറ്റ് കഥകളിയാണ് ഒരുക്കിയത്. മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കരാവട്ടെ, ഇരവി രാമകൃഷ്ണപ്പണിക്കരുടെ സഹചാരിയും, ഇങ്ങനൊരു സാഹചാര്യത്തിൽ തെക്കൻ ചിട്ടയ്ക്ക് പ്രാമാണ്യം വളർത്താനൂഴവും പാർത്തിരിപ്പായിരുന്നു. കിർമ്മീരവധത്തിലെധർമ്മപുത്രരും, നളചരിതത്തിലെ കറുത്തനളന്റെ വേഷവും; കുഞ്ഞൻപണിക്കരാശാനിലൂടെ കണ്ടുരസിച്ച വള്ളത്തോളിന് അത്യത്ഭുതമല്ലാതെ ഒന്നും പ്രകടിപ്പിക്കാനില്ലായിരുന്നു. വടക്കൻ കലാശക്കളി മാത്രം കണ്ടുശീലിച്ചിരുന്ന അദ്ദേഹത്തിന് ആംഗികാഭിനയത്തിന്റെ തന്മയത്വം വിരിയിക്കുന്നനടന ശൈലികുഞ്ഞൻപണിക്കരാശാനോടു കൂടെ നാശോന്മുഖമാകുമോ എന്നും ഭയപ്പെട്ടു. കഥകളിക്കുശേഷം പിറ്റേന്നുള്ള കൂട്ടായ്മയിലാണ് കേരള കലാമണ്ഡലമെന്ന ആശയത്തിന് ബീജവാപമിടുന്നത്. വള്ളത്തോളിന്റേയും മുകുന്ദരാജയുടേയും അക്ഷീണ പരിശ്രമങ്ങൾക്ക് എപ്പോഴുമൊരു താങ്ങായും കഥകളിയെ കേരളത്തിന് പുറത്ത് വടക്കേ ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് കളമൊരുക്കിയും സർദാറിന്റെ അദൃശ്യഹസ്തങ്ങൾ മഹാകവിയോടൊപ്പമുണ്ടായിരുന്നു.

സാഹിത്യത്തിന് മധ്യകാലഘട്ടത്തിൽ മൗലികമായ എന്തെങ്കിലും സംഭാവനകൾ ചെയ്തിട്ടുള്ള പ്രദേശമായിരുന്നില്ല കാവാലം. താളത്തിലൂടെ ജോലിയും വായ്ത്താരികളും സമന്വയിപ്പിക്കുന്ന ചക്രംചവിട്ടുപാട്ട്, ഗണകന്റെ ഉണർത്തുപാട്ടിന്റെ ഈണം, നന്തുണിപ്പാട്ടുകൾ പറകൊട്ടിയുള്ളവേലൻ പാട്ടും പ്രവർത്തിയും, കുളത്തിലും തിരുമുൻപിലും അനുക്രമമായി പെരുപ്പിക്കുന്ന ആയോധനകലയായ വേലകളിയുമൊക്കെ പ്രചരിച്ച നാടാണ് കാവാലം. 1965-ൽ ഒരു കൊല്ലം കൃഷിയുമായി ബന്ധപ്പെട്ട് കളത്തിൽ കഴിയേണ്ടിവന്നപ്പോൾ എഴുത്തച്ഛൻ രാമായണം രാത്രിമുഴുവൻ ചൊല്ലിക്കൊണ്ട് കറ്റമെതിക്കുന്നത് കാണാൻ സാധിച്ചത് ഒരനുഭവമായി ഓർക്കുന്നു. സാഹിത്യത്തിൽ മൗലിക സംഭാവനചെയ്ത മണ്ടവപ്പള്ളി ഇട്ടിരാരിശ്ശ മേനോനെപ്പറ്റി കാവാലത്തെ പുതുതലമുറ പ്രായേണ അജ്ഞരാണ്. സന്താനഗോപാലം തുടങ്ങിയ ആട്ടക്കഥകൾ രചിച്ച് കാർത്തിക തിരുനാൾ ധർമ്മരാജാവിന്റെ (മാർത്താണ്ഡ വർമ്മയ്ക്കുശേഷം) സേവകനായി പ്രസി

ദ്ധിനേടിയ ഇട്ടിരാരിശ്ശമേനോൻ ജനിച്ചതും, വളർന്നതുമൊക്കെ കാവാലത്തായിരുന്നു. ഇന്ന് ആ ഭവനത്തിന് അവകാശികളില്ലാതെ അന്യംനിന്നു പോയി. തൊട്ടടുത്ത കരയായ പുളിങ്കുന്നിൽ , ജനിച്ചു വളർന്ന ഐ.സി ചാക്കോ അവർകൾ മലയാള സാഹിത്യത്തിൽ സ്ഥിര പ്രതിഷ്ഠനേടിയ ആളാണ്. പാണിനീയ പ്രദ്യോതം, ക്രിസ്തു സഹസ്രനാമം എന്നിവ രചിച്ചിട്ടുള്ള അദ്ദേഹവും കുട്ടനാടിന്റെ മലയാളത്തിനുള്ള വിലപ്പെട്ട സംഭാവനയാണ്.

സർദാർ കെ.എം പണിക്കരുടെ സാഹിതീസേവനം പ്രത്യേകിച്ച് എടുത്തുപറയേണ്ട കാര്യമില്ല. ഏഷ്യാ ആന്റ് വെസ്റ്റേൺ ഡോമിനൻസ്, ജോഗ്രഫിക്കൽ ഫാക്റ്റേഴ്സ് ഇൻ ഇൻഡ്യൻ ഹിസ്റ്ററി തുടങ്ങിയ ആധികാരിക ചരിത്ര രചനകൾ ഇംഗ്ളീഷിൽ അനായാസമായി നടത്തിയ അദ്ദേഹം, ആത്മകഥയെഴുതാൻ തിരഞ്ഞെടുത്ത ഭാഷ മലയാളം തന്നെയാണ്. ആത്മാവിഷ്കാരത്തിന് മാതൃഭാഷയുടെ അനിവാര്യത മാത്രമല്ല., മലയാളഭാഷയോട് അദ്ദേഹത്തിനുള്ള വൈകാരികതകൂടിയാണ് ഇത് സൂചിപ്പിക്കുന്നത്. രാവിലെ എഴുനേറ്റ് ശ്യാമളാ ദണ്ഡകം ഉരുക്കഴിച്ചാൽ മലയാളത്തിലെഴുതിത്തുടങ്ങുകയെന്നത് നിത്യശീലമായിരുന്നു. പറങ്കിപ്പടയാളി, കേരളസിംഹം, കല്യാണമൽ, ധൂമകേതുവിന്റെ ഉദയം തുടങ്ങിയ ചരിത്രരചനകളാണ് കവിത-പദ്യനാടകങ്ങളെക്കാളും മലയാളത്തിൽ പ്രസിദ്ധമായത്. എന്നാൽ പ്രസാധനത്തിന് മുൻപേ തന്നെ കയ്യെഴുത്ത്പ്രതി വഴി കേരളത്തിലൊട്ടുക്ക് പ്രചരിച്ച കേരള സാഹിത്യനായകരെപ്പറ്റിയുള്ള ഒരു ഉപഹാസ കവിതയായ പങ്കീപരിണയത്തിന് കിട്ടിയ പ്രശസ്തി അത്യപൂർവ്വമായിരുന്നു. കവി, ലോകം മുഴുവനറിയുന്ന ചരിത്രകാരൻ, പത്രാധിപർ, അധ്യാപകൻ, രാഷ്ട്രമീമാംസകൻ എന്നീ നിലകളിൽ ശോഭിക്കാൻ കഴിഞ്ഞതിൽ കുട്ടനാടത്തത്തിന്റെ പങ്കുണ്ട്. ഒരു കൊതുമ്പു വള്ളത്തിൽ സഞ്ചരിക്കുന്ന ലാഘവത്തോടല്ലെങ്കിലും, കോളിളകിയ അറ്റ്ലാന്റിക്ക് സമുദ്രത്തിൽ കരയിൽ നിന്നും ഏതാണ്ട് അഞ്ഞൂറ് മൈലുകൾക്കകലെ ഒരുരക്ഷാവഞ്ചിയിൽ നാൽപ്പത്തെട്ടുമണിക്കൂറോളം സാഹസികമായി കഴിയാനുള്ള കരുത്ത് പകർന്നത് ഈ കുട്ടനാടത്തമാകാം. 1918 സെപ്റ്റംബർ 17-ന് ഇംഗ്ലണ്ടിൽ നിന്നും മടങ്ങുമ്പോൾ ഒരു ജർമ്മൻ അന്തർവാഹിനി തകർത്ത കപ്പലിൽ നിന്നും കടലിലേക്കു ചാടേണ്ടിവന്ന തന്റെ ദുരനുഭവത്തെക്കുറിച്ചു സർദാർ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. മഞ്ഞുപോലെ തണുത്ത കടലിലേക്കു ചാടേണ്ടിവന്ന സർദാറിന്റെ വാക്കുകളിൽ തന്നെ പറയട്ടെ: “തോടും,

പുഴയും നിറഞ്ഞ കാവാലത്ത് ജനിച്ച എനിക്കു വെള്ളത്തിൽ നീന്തുന്നതും കരയ്ക്കു നടക്കുന്നതും ഏകദേശം ഒരുപോലെ ആയിരുന്നു. എങ്കിലും അറ്റ്ലാന്റിക് വാരിധിയുടെ മധ്യത്തിൽ, കരയിൽ നിന്ന് അഞ്ഞൂറു നാഴിക അകലെ, ഉപ്പുവെള്ളത്തിൽ നീന്തിത്തുടിക്കുന്നത് ആഹ്ലാദകരമായ ജലക്രീഡയായി തോന്നിയില്ല." പിന്നീട് ഏതാണ്ട് ഒരു മണിക്കൂറിന് ശേഷം ഒരു ചെറുവഞ്ചിയിൽ കേറിപ്പറ്റുകയും, നേരത്തോടുനേരമായപ്പോൾ ഒരു അമേരിക്കൻ കപ്പൽ വന്ന് രക്ഷിച്ച് തിരിച്ച് ഇംഗ്ലണ്ടിലെത്തിക്കുകയും ചെയ്തു. പുരയ്ക്കുമീതെ വെള്ളം വന്നാൽ അതുക്കുമീതെ തോണികടത്തുമെന്ന കുട്ടനാടൻ ശീലത്തോടൊപ്പം, കടലിൽ കിടന്നു തണുത്തുവിറച്ച ഒരു മണിക്കൂറുകൊണ്ട് എങ്ങനെ തന്റെ വിശ്വാസമുറച്ചുവെന്നതിന് സർദാർതന്നെ പറയുന്നു; 'ആപദി ഭജന്തി നഭജന്തി സുലഭേർത്ഥേ' ഇതല്ലേ മനുഷ്യസ്വഭാവം? ആയുസ്സും മരണവും തമ്മിലുള്ള വ്യത്യാസം ചെറുതായി വരുന്നതു കണ്ടതോടുകൂടി എന്റെ ദൈവഭക്തിയും വർദ്ധിച്ചുതുടങ്ങി. സൗകര്യംപോലെ ആസ്തികനെന്നോ നാസ്തികനെന്നോ ഘോഷിച്ചു പോന്നിരുന്ന ഞാൻ 'നാരായണ!', 'ഭഗവാനെ!' എന്നു മനസ്സിൽ ജപിച്ചുതുടങ്ങി. പരദേവതയായ പള്ളിയറക്കാവിൽ ഭഗവതിയെയും അപ്പഴപ്പോൾ മനസ്സിൽ തോന്നിത്തുടങ്ങി.'' ആകസ്മികമായിട്ടോ, അല്ലാതെയോ, ആറ്റ്ലാന്റിക്കിൽ നീന്തിത്തുടിക്കുന്ന അതേ സമയം കാവാലത്ത് കവടിനിരത്തി കുടുംബത്ത് ജോത്സ്യൻ ഇങ്ങനൊരാപത്തിനെപ്പറ്റി സൂചിപ്പിച്ചതും പള്ളിയറ -വാലടി പരദൈവങ്ങൾക്കു വഴിപാടുകൾ ചെയ്തതും അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. ഇംഗ്ലണ്ടിൽ നിന്നും ഇന്ത്യയിലേക്കു വാർത്തകളെത്താൻ ഒരു മാസത്തിലേറെ കാലദൈർഘ്യമെടുക്കുന്ന അവസ്ഥയിലാണിതെന്നോർക്കണം. പഴയ സാമൂഹ്യ ബന്ധത്തിൽ ജാതിവഴക്കങ്ങൾ സൃഷ്ടിച്ച അത്ഭുതകരമായ ദൈവികചിന്തയ്ക്കു അനുഭവങ്ങളിലൂടെ സിദ്ധിച്ച വെളിവും, തെളിവും ഈ സാഹചര്യത്തിൽ അനുസ്മരിക്കുന്നത് അനുചിതമാവില്ല. പഴയസമൂഹക്രമത്തിൽ ഗണകന്മാരെന്നും, കണിശന്മാരെന്നും വിശേഷിക്കപ്പെട്ടിരുന്ന കണിയാന്മാരുടെ ഗണത്തിലെ കുടുംബപാരമ്പര്യം അന്യാദൃശമായ പ്രസക്തി ആർജ്ജിച്ചിരുന്നു. അവർ കവടിനിരത്തി മനുഷ്യഭാഗധേയങ്ങളെപ്പറ്റി നടത്തിയിട്ടുള്ള പ്രവചനങ്ങൾ നാടോടി വിജ്ഞാനീയത്തിന്റെ മുതൽകൂട്ടുകളായിരുന്നു. ഒട്ടൊത്തും, ഒക്കാതെയും പോകട്ടെ എന്ന ശാപാഘാതത്തിലും,

ഗ്രാമീണരുടെ വിശ്വാസവും ആദരവും ആർജ്ജിക്കാൻ കഴിഞ്ഞ ദൈവജ്ഞകുടുംബങ്ങൾ പലതുണ്ടായിരുന്നു. കൊടുപ്പുന്ന, കാവാലം മങ്കൊമ്പു തുടങ്ങിയ ഗ്രാമങ്ങളിലെ ഗണകകുടുംബങ്ങൾക്കു വൈദ്യ വൃത്തിയിലും കലയിലുമെന്നപോലെ ഗ്രഹങ്ങളുടെ പെരുമാറ്റങ്ങളെ വായിച്ചറിയുന്നതിലുള്ള ഉൾക്കാഴ്ച്ചയിലും ഗണ്യമായ സംഭാവനയാണു ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. സർദാർ പണിക്കരുടെ ആപൽക്കരമായ ജീവിതഘട്ടത്തെ ഗണിച്ചറിയാനും കുടുംബാംഗങ്ങൾക്കു ആപത്തിൽ നിന്ന് കരകയറുമെന്ന ഉറപ്പുനൽകുവാനും ഇടനൽകിയത് കാവാലം ഗണകകുടുംബത്തിലെ ഗോവിന്ദക്കണിയാരായിരുന്നു എന്ന് അമ്മ പറഞ്ഞറിഞ്ഞത് ഇവിടെ പ്രശ്രയപൂർവ്വം ഓർമ്മിക്കുന്നു. ഈ പാരമ്പര്യത്തെ ആരാധിക്കാനും ഉൾക്കൊള്ളാനും തന്റെ പാശ്ചാത്യ വൈദ്യ വിജ്ഞാനത്തെ അനുഭവപാഠങ്ങളിലൂടെ പരിപോഷിപ്പിക്കാൻ ഡോ. കെ.പി പണിക്കർക്കു കഴിഞ്ഞു. ദീനക്കാർക്കിന്നു പുതിയൊരു “ധന്വന്തരിപ്രിയൻ” എന്ന് സർദാർ ഭൂപസന്ദേശത്തിൽ വിശേഷിപ്പിച്ചത് അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരനെ ഉദ്ദേശിച്ചാവണം. പാശ്ചാത്യ വൈദ്യ നിപുണനായിരുന്ന ഡോ. പണിക്കർ പിന്നീട് സ്വയം പഠിച്ച പല പാരമ്പര്യ വിഷയങ്ങളിൽ ജ്യോതിഷത്തിലുള്ള കണിശത്തെപ്പറ്റിയുള്ള ഒരു സംഭവംകൂടെ ഇവിടെ മൊഴിയണമെന്ന് തോന്നുന്നു. സർദാർ പണിക്കരെ ഫ്രാൻസിലേക്കുള്ള അമ്പാസിഡറായി നിയമിച്ചു. പോക്കിനുള്ള ഒരുക്കങ്ങൾക്ക് തയ്യാറെടുക്കുമ്പോൾ, ഗ്രഹനിലപ്രകാരം തൽക്കാലം ഇന്ത്യ വിടാനുള്ള യോഗമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ആലപ്പുഴെ നിന്ന് ജ്യേഷ്ഠസഹോദരന്റെ ഒരു കത്ത്. തൊട്ടടുത്ത് നൈസാമുദീനിൽ താമസിച്ചിരുന്ന എന്റെ സഹോദരി സരസ്വതിവർമ്മയുടെ വീട്ടിൽ വന്നപ്പോൾ ഈ എഴുത്ത് കാണിച്ചിട്ട് ജ്യേഷ്ഠന് ‘ഇത്തവണ തെറ്റി’ എന്നാണ് പറഞ്ഞത്. അന്ന് രാത്രിതന്നെ സർദാർ താമസിക്കുന്ന വീട്ടിൽ പൊടുന്നനെ വന്ന ജവഹർലാൽ നെഹ്രു അറിയിച്ചത് സൂയസ്കനാൽ ബോംബിട്ടു., ഇനിയൊരറിയിപ്പുണ്ടാകുന്നവരെ ഫ്രാൻസിലേക്കുള്ള യാത്ര മാറ്റി വെക്കണമെന്നാണ്.

കാവാലവും അതിന്റേതായ അനാചാരങ്ങൾ വെച്ചു പുലർത്തിയി രുന്ന ദേശമായിരുന്നു. പള്ളിയറക്കാവമ്പലത്തിൽ സഹോദരങ്ങളായ ഡോക്ടർ കെ.പി പണിക്കർക്കും, സർദാർ കെ.എം പണിക്കർക്കും പ്രവേശനം രണ്ട് കൊല്ലത്തേക്ക് വിലക്കുകയുണ്ടായിട്ടുണ്ട്. കാരണ

മാവട്ടെ  കടലുകടന്ന ഭ്രഷ്ടും. ഇരുപതാം നൂറ്റാണ്ടിൽ ആദ്യമുണ്ടായതിന്റെ തുടർച്ചതന്നെയാണോ തിരുവല്ലഭ ക്ഷേത്രത്തിലെ  പൂജാരിയായിരുന്നപ്പോൾ കവി വിഷ്ണുനാരായണൻ നമ്പൂതിരിക്ക് നൂറ്റാണ്ടിന്റെ അന്ത്യത്തിലനുഭവിക്കേണ്ടിവന്നത്? അനാചാരങ്ങളെ കാലാനുസൃതമായി മാറ്റി ഒരു നവോത്ഥാനത്തിന്റെ  പാതയിലാക്കാനുള്ള വഴക്കം ആചാര്യസ്വാമിതന്നെ സനാതനധർമ്മത്തിന് നൽകിയിട്ടുണ്ട്.

ഇരവി രാമകൃഷ്ണപ്പണിക്കർ 1939 ജൂലൈമാസം ദിവംഗതനായി. മരുമക്കത്തായത്തിന്റെ  അവസാനഘട്ടത്തിലേക്കു കടക്കുന്ന ഞങ്ങളുടെ  കുടുംബത്തിൽ., എല്ലാ ശാഖകളെയും രഞ്ജിപ്പിച്ച് 1922–ൽ തന്നെ ഭാഗം കൊടുത്ത് പിരിച്ച്മക്കത്തായത്തിലേക്കുള്ള  വാതിൽ തുറന്നിട്ടാണ് അദ്ദേഹം വിടവാങ്ങിയത്. അതിനടുത്ത മാസം ഓണമില്ലാത്തൊരു വീട്ടിൽ ഉത്രാടരാവിൽ പിറന്നുവീണ എന്നെ, എന്റെ അമ്മയുടെ  വയറിൽ തൊട്ടിട്ട്  ആൺകുട്ടിയെന്ന് വിധിയെഴുതിയാണ് വലിയമ്മാവൻപോയതെന്ന് അമ്മ പറഞ്ഞറിയാം. അദ്ദേഹത്തെപ്പറ്റി തിരുവതാംകൂറിലും, നാട്ടിലും വീട്ടിലും ആരും ഒരെതിരഭിപ്രായം  രേഖപ്പെടുത്തിയതായി കേട്ടിട്ടില്ല. ഉദാരമതിയായ  ഒരു ധനികനെന്നതിനോടൊപ്പം സത്യസന്ധനായ വ്യക്തി എന്നനിലയിലായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തി നാനാജാതിമതസ്ഥരുടെകൂട്ടായ്മയിൽ നാടിന്റെ ആഘോഷമായി മാറി. ക്രിസ്ത്യാനികളുടെ വകയായിവള്ളംകളിയും, ഹിന്ദുക്കളുടെ വകയായി വിവിധ ആഘോഷങ്ങളും അവയ്ക്കുനേതൃത്വം കൊടുത്തു  കൊണ്ട് ഡോക്ടർ കെ.പി പണിക്കരും, സർദാർ പണിക്കരും ഉണ്ടായിരുന്നു. മഹാകവി വള്ളത്തോൾ, നാലപ്പാട് നാരായണമേനോൻ, ഡോക്ടർ കൃഷ്ണൻ പണ്ടാല(മദിരാശി ഹൈക്കോടതി ജഡ്ജി), ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, സി.ശങ്കര മേനോൻ, പി.കെ നാരായണ പിള്ള, അമ്പാടി കൃഷ്ണ മേനോൻ തുടങ്ങി നിരവധി വ്യക്തികൾ ആദ്യവസാനം പങ്കെടുത്ത ആഘോഷമായി അത് മാറി. അന്ന് പ്രകാശനം  ചെയ്ത സ്മരണികയിൽ “കാവാലമേ കടൽമാതിൻ പൂവാടമെ പുണ്യൗഘത്താൽ'' എന്ന് തുടങ്ങുന്ന വള്ളത്തോളിന്റെ കവിതയും കാവാലത്തിന് വരദാനമായിരുന്നു.

ഇരവി രാമകൃഷ്ണപ്പണിക്കരുടെ മരണാനന്തരചടങ്ങുകളിൽ ഒരു വർഷത്തെ ദീക്ഷനോക്കിയത് എന്റെ ജ്യേഷ്ഠ സഹോദരനായ കാവാലം  നാരായണപ്പണിക്കരായിരുന്നു. മൂന്നാൺകുട്ടികളെ പ്രസവിച്ച അമ്മ നാലാമത്തേത് പെണ്ണല്ലെന്നറിഞ്ഞ് പാളതള്ളിയകഥ കേട്ടി

ട്ടുണ്ട്. ഞാനും എന്റെ മുകളിലുള്ള രണ്ടു സോദരിമാരും പാളതള്ളിയ താളം എന്ന് കളിയായി പറയുന്ന കാവാലം നാരായണപ്പണിക്കർ ഒരു സംവത്സരദീക്ഷയിൽ തഴച്ചു വളർന്ന തലമുടിയോടെ സ്കൂൾ നാടക ത്തിൽ പെൺവേഷമണിഞ്ഞാണ് നാടകത്തിന് നാന്ദി കുറിച്ചത്.

ഇരവി രാമകൃഷ്ണപ്പണിക്കരുടെ മരണത്തോടെ സർദാർ പണി ക്കരുടെ ജ്യേഷ്ഠ സഹോദരനും എഡിൻബറോയിൽ നിന്നും ബിരുദം നേടി ഒരു ഗൈനക്കോളജിസ്റ്റായി പ്രശസ്തനായിക്കഴിഞ്ഞിരുന്ന ഡോക്ടർ കെ.പി പണിക്കരുടെ ചുമലിലായി കാർണവർ സ്ഥാനം. അത് നിർവിഘ്നം മുന്നോട്ടുകൊണ്ടു പോവാൻ അദ്ദേഹത്തിന്റെ ഭിഷ ഗ്വരവൃത്തിക്ക് സാരമായ ച്യുതിയേൽക്കേണ്ടി വന്നിട്ടുണ്ട്. ശ്രീമൂലം പ്രജാതന്ത്ര അസംബ്ലിയിൽ അംഗമായിരുന്ന അദ്ദേഹം പിന്നീട് ആല പ്പുഴ മുനിസിപ്പൽ ചെയർമാനായും സേവനമനുഷ്ടിച്ചിട്ടുണ്ട്. കാർണ വരായിക്കഴിഞ്ഞും ആലപ്പുഴെ ഒരു ഡിസ്പൻസറി നടത്തി ആളുകൾക്ക് ഉദാര വൈദ്യസഹായം കൊടുത്തു പോന്നിരുന്ന അദ്ദേഹം പിൽക്കാ ലത്ത് പാരമ്പര്യ ഔഷധത്തിലും ജ്യോൽസ്യത്തിലും താൽപ്പര്യമെ ടുത്ത് പാണ്ഡിത്യം നേടിയിരുന്നു.

ഒരുകൂട്ടുകുടുംബത്തിന്റെ അവസാന കണ്ണിയായിരുന്നു ഞാൻ. ഞങ്ങളുടെ മരുമക്കത്തായ വ്യവസ്ഥയിലുള്ള ഒൻപതംഗങ്ങളും, ഓരോ പട്ടികതിരിച്ച് മക്കത്തായത്തിലേക്കുള്ള മാറ്റത്തിൽ അന്ന് മേജറായി ക്കഴിഞ്ഞിരുന്ന മുതിർന്ന ജ്യേഷ്ഠസഹോദരന്മാരായ ചാലയിൽ രാമ കൃഷ്ണപ്പണിക്കരും കേശവപ്പണിക്കരും ഒഴിച്ച് മറ്റുള്ളവർ ഒരുമിച്ച് ആലപ്പുഴയിലേക്ക് നടത്തിയ ബോട്ടുയാത്ര എന്റെ മനസ്സിലിന്നും തങ്ങി നിൽക്കുന്നു. ഞങ്ങളുടെ അച്ഛനമ്മമാരും ജ്യേഷ്ഠ സഹോദരൻ കാവാലം നാരായണപ്പണിക്കർ താഴെയുള്ള ഗൗരിവർമ്മയും ഭർത്താവ് രാജവർമ്മയും, എന്റെ തൊട്ടുമീതേയുള്ള സഹോദരി സരസ്വതി എന്നി വരൊരുമിച്ചുള്ള ആലപ്പുഴയ്ക്കുള്ള സായാഹ്ന ബോട്ടുയാത്രയിൽ കുടുംബ ബന്ധങ്ങളിൽ വരുന്ന മാറ്റത്തിന്റെ സ്പന്ദനം ഒൻപത് വയസ്സ്മാത്രമുള്ള എന്നിൽവരെ പ്രതിഫലിപ്പിച്ചിരുന്നു. ഇന്ത്യ സ്വത ന്ത്രയായ അതേ വർഷം തന്നെ കുടുംബഭാഗം കഴിഞ്ഞ് മക്കത്തായ വ്യവസ്ഥയിലേക്ക് മാറി. പൈങ്കിളി സാഹിത്യത്തിൽപലരും പല വിധ ത്തിൽ വ്യാഖ്യാനിച്ചിട്ടുള്ള കുടുംബ ബന്ധങ്ങളുടെ അടിത്തറയിൽ പരുക്കുകളൊന്നുമില്ലാതെ കാലം വരുത്തിവെച്ച അനിവാര്യമായ ഒരു മാറ്റം.

# അനുബന്ധം

Kerala District Gazetteers, ALLEPPEY. Compiled and Edited by
Sri. A.Sreedhara Menon
Published by State Editor,Kerala Gazatteers (Government of
Kerala), Trivandrum, 1975

Chapter IV: AGRICULTURE AND IRREGATION, p.158: Land Reclamation

Kuttanad the rice-bowl of the District is a supreme example of land reclamation from water through the ages' [Land reclamation in Kerala, V.R.Pillai and P.K.G.Panicker p.26]. The reclamation of land for purposes of paddy cultivation has been tried successfully in this area on a fairly extensive scale. The history of the efforts at land reclamation in water-logged Kuttanad goes back to the early decades of the 19th century(same authors p.26). The authors of the Land Reclamation in Kerala give a detailed account of the history of land reclamation projects in Kuttanad. The pioneer in the field was one Iravi Kesava Panicker who belonged to the aristocratic Chalayil family. He formulated an ambitious programme to reclaim that portion of the Vembanad lake which was situated at the mouth of Chennamkari river. The project was ambitious in so far as it involved the diversion of the course of the river which was about 30 feet deep at that point. A barrier was erected /159/ across the river at its mouth by the local labourers with indigenous materials. Whole stems of coconut trees were piled up in two rows on the bed of the stream. A broad corridor which was formed in this manner was cemented with garbage, river sand and clay and it emerged as a bund. The ring bund rising from under the water was like a dream come true. It was indeed a remarkable engineering feat,

though a risky and extensive operation. Mr.Panicker had evolved a technique of bunding eminently suited to private individuals with limited resources and this is being followed in this region to this day. The pioneering efforts of Panicker, however, roused local opposition. The Diwan Peishkar Raja Rama Rao who made an on-the-spot study of Panicker's project exonerated him and even blessed his efforts at land reclamation. The block which Panicker eventually reclaimed out of the Vembanad lake and put to cultivation was called Attumuttu Kayal indicating that it was reclaimed by bunding a river. Emboldened by the success of his initial efforts Panicker carried out other reclamation schemes also. One of the blocks which he had so reclaimed was named Raja Ramapurum after the Diwan Peishkar Raja Rama rao while his last block named Mathikayal to indicate his own personal satisfaction at the successful completion of his schemes and his desire to retire from such efforts in future.

The successful experiments of Chalayel Kesava Panicker helped to convince the local public of the immense potentialities of Kayal cultivation. It may be noted that the reclamation of land from water was more economic at the time than the purchase of cultivable rice fields as the cost of reclamation was much lower than the prevailing purchase price of Rs.500 to 700 which had to be paid for every acre of rice field. The example of the earfy pioneers was followed by several other enterprising agriculturists in later days, the most notable among them being Kalathil Antony Mappila and Chirayil Thomman Mappila, By the beginning of the 20th century about 5,500 acres had been reclaimed from the Vemhnad lake. Reclamation work was, however, stopped in 1903 in deference to the wishes of Government of Madras who expressed fear that Vembanad Reclamation would adversely affect the development of Cochin port. After protracted correspondence and several conferences the ban on reclamation activities in the/I60/Kuttanad area was withdrawn in 1912. The efforts at reclamation were thereafter continued with great enthusiasm. The scarcity of food grain during the Second World War and the Grow More Food campaign served to give a momentum to the work The most outstanding figure in the recent history of Vembanad reclamation is the punja magnate, Thomas Murikkan, who reclaimed about 2340 acres. On the whole 20,000 acres of Vembanad lake had been brought under the plough by 1945.

# അദ്ധ്യായം മൂന്ന്

# ഒരു ആധുനിക ചരിത്രം

രണ്ട് കുടുംബങ്ങൾ തമ്മിലുള്ള പാരസ്പര്യ ചാർച്ചയിലൂടെയാണ് ആണും പെണ്ണും തമ്മിൽ ഉരുത്തിരിഞ്ഞുവരാവുന്ന ശുഭപ്രതീക്ഷയുടെ ബന്ധം തുടങ്ങുന്നത്. രണ്ടുപേർ തമ്മിലുള്ള ചേർച്ച, അവരുടെതന്നെ, സ്വതന്ത്ര കാഴ്ചപ്പാടിൽപങ്കിടുമ്പോൾ വരുന്ന തെറ്റുകുറ്റങ്ങൾ സമൂഹത്തിൽ ചാരാതിരിക്കുവാൻ ബന്ധങ്ങളെ നിർമ്മമത്വത്തോടെ വീക്ഷിക്കേണ്ടിവരും. ഹിന്ദുക്കളുടെ ഇടയിൽ മരുമക്കത്തായംകുറെക്കാലമെങ്കിലുംപച്ചപിടിച്ചതിനുകാരണംസനാതനധർമ്മത്തിലുള്ള വസുധൈവകുടുംബകം എന്നസാമൂഹ്യപ്രതിബദ്ധതപുലർത്തുന്നകാഴ്ചപ്പാടിലൂടെയാണ്.പ്രകൃത്യാലുള്ളവൈകാരികമമതാബന്ധങ്ങളെ 'എന്റെമക്കൾ' 'എന്റെ അച്ഛനമ്മമാർ' എന്നൊക്കെവ്യവഹരിക്കുമ്പോൾ, മരുമക്കത്തായമെന്ന ആശയത്തിന്ച്യുതിയേൽക്കേണ്ടിവരും.യുദ്ധകാലാനന്തരം, യൂറോപ്പിലുരുത്തിരിഞ്ഞുവന്നആൾക്കൂട്ടത്തിൽതനിയെഎന്നപ്രതീതി അണുകുടുംബബന്ധങ്ങളിലേറ്റ നഷ്ടമൂല്യവിഷാദത്തിലൂടെയുണ്ടായി വന്നതാണ്. ഇത് ഇൻഡ്യയെ സംബന്ധിച്ച് വേറിട്ടൊരനുഭവമായിരുന്നു.യൂറോപ്യൻ ചിന്താഗതിപ്രബലമായിഇന്ത്യൻവ്യക്തി ജീവിതത്തെ സ്വതന്ത്ര ഭാരതത്തിൽ എങ്ങനെബാധിച്ചുവെന്നുള്ളതിന് തെളിവായി മാറും ഈ അന്യതാബോധവും,പാർശ്വവൽക്കരണവാദവും.തുടർവിദ്യാഭ്യാസത്തിനെന്നപോലെ, ഇന്നിന്റെ ജീവിത കർമ്മത്തെ, പിൻ തനത് ശൈലിയോടു കൂട്ടിയിണക്കിവേണംമുൻതലമുറയെസ്വരൂപിക്കേണ്ടത്. തീയതിനെ തള്ളാനും, നല്ലതിനെ കാലോചിതമായി സ്വാംശീകരിക്കാനുള്ള വഴക്കവും, തഴക്കവും അണുകുടുംബങ്ങൾക്ക് പാകപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെനവോത്ഥാനപാതയിൽ, ഇന്ത്യമുഴുവൻസ്വാധീനം ചെലുത്തിയ വ്യക്തിത്വം മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ തന്നെയാണ്. അദ്ദേഹത്തിന് പ്രചോദനമായമര്യാദാപുരുഷസങ്കൽപത്തിന് സാമൂഹ്യപരിഷ്ക്കർത്താക്കളായ രാജാറാം മോഹൻ റായ്, വിവേകാനന്ദൻ, രവീന്ദ്രനാഥ് ടാഗോർ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി എന്നിവരുടെ ആദർശങ്ങളുമായിപൊരുത്തപ്പെട്ട് ഇന്ത്യൻ ജനതയിൽ സ്വാധീനം ചെലുത്താനായി, കേരളത്തിൽ, വൈക്കം സത്യാഗ്രഹവും, ക്ഷേത്രപ്രവേശനവിളംബരവും, ഈഴവശിവന്റെപ്രതിഷ്ഠയുമെല്ലാം നവോത്ഥാന പ്രക്രിയക്ക്, മറ്റുള്ള ഭാഷാദേശങ്ങളേക്കാൾ പ്രഭാവമേകി.

ഗോധറ കോൺഫറൻസിൽ, ചർക്കയെപ്പറ്റി മനസ്സിൽ പേറിനടന്ന ഭാരം 1917-ൽ ഗംഗാബഹൻ മജുംദാറുമായി കൈമാറുമ്പോൾ, ഗാന്ധിജിയുടെ മനസ്സിൽ വ്യക്തമായൊരു കാഴ്ചപ്പാടുണ്ടായിരുന്നു. ത്രിവർണ്ണപതാകയുടെ നടുവിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ ചിഹ്നമായി തിളങ്ങിയിരുന്നചർക്കഒരുഗാന്ധിയൻ സങ്കൽപ്പമായിരുന്നു. ഇന്ത്യൻനിർമ്മിതവസ്ത്രങ്ങൾനൂൽക്കാനും,നെയ്യാനും ഒരു ഗുജറാത്തിക്ക് ചിന്തിക്കാനാവാത്ത കാലഘട്ടത്തിലാണ് ചർക്കയുടെ ആവിർഭാവമെന്നോർക്കണം. കാലത്തിനൊത്ത് പരിഷ്കരിക്കപ്പെടാവുന്ന ആദർശമാണ് ഗാന്ധിസം. ചർക്കയുടെ സ്ഥാനത്ത് 'ചിപ്സി' നെ പ്രതിഷ്ഠിച്ച്ഒരുപുനർവീകരണത്തെ കുറിച്ചാലോചിക്കുമ്പോൾ, സിലിക്കൺ വാലിയോടുള്ളവിധേയത്വം കുറയ്ക്കേണ്ടിവരും. സൈബർബാദിൽനിന്നുംസിലിക്കൺവാലിയിലേക്കുള്ളദൂരം ഏറെയാണെന്നറിഞ്ഞുകൊണ്ടുതന്നെ, ഇന്ത്യക്കാരുടെ തനത്ജീവിതരീതിയിൽ ഊന്നിയുള്ള വികസന പ്രക്രിയയാണ് ഗാന്ധിസം ഉന്നം വെയ്ക്കുന്നത്. ഇത് കേവലം ബാഹ്യമായ ആഹാര-മൈഥുന-നിദ്രാദികളടിസ്ഥാനമാക്കി മാത്രമല്ല,മറിച്ച് ഒരു സാകല്യകാഴ്ച്ചപ്പാടിലൂടെകാണേണ്ടതാണ്.ഗോധറയിൽ, ഗാന്ധിജിചർക്കയെ ദേശീയ മാതൃകയാക്കിയത്, വിദേശ വസ്ത്രങ്ങളുടെ ബഹിഷ്കരണവും,സ്വദേശീ വസ്ത്രങ്ങളുടെ സ്വീകാര്യതയും വിലയിരുത്തിയാണെങ്കിൽ, ഉപ്പ് കടലിൽനിന്ന് എടുക്കുന്നതിനുള്ളനമ്മുടെ മൗലികസ്വാതന്ത്ര്യത്തിനുവേണ്ടിബ്രിട്ടീഷ്കൊളോണിയലിസത്തിന് എതിരെ ആഹ്വാനംചെയ്തസമരത്തിന് സഹനത്തിന്റെയും,നിസ്സഹകരണത്തിന്റെയും മാതൃകയാണ് കൊടുത്തത്. രണ്ടാമത് സൂചിപ്പിച്ചത്, സ്വതന്ത്ര ഇന്ത്യയുടെ പിന്നുള്ള രാഷ്ട്രീയമേഖലകളിൽ ചോരയ്ക്കുചോരയായിഅംഗീകരിക്കുകയും, ഒന്നാമത്തേത് സാമ്പത്തികമേഖലയിൽ തിര

സ്കരിക്കുകയും ചെയ്തു. കൊറിയൻ കണ്ണാടി വിൽക്കുവാനുള്ള ത്വരയിൽ ജപ്പാൻ കണ്ണാടി ഒളിച്ചു വെയ്ക്കുന്ന കൊറിയൻ വ്യാപാരി യുടെ തനിമ ഇന്ത്യയിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.ഓക്സ്ഫോർഡിലും, കേംബ്രിഡ്ജിലും പോയി പഠിച്ചിരുന്ന സ്വതന്ത്ര ഇന്ത്യയ്ക്ക് മുൻപുള്ള ഭാരതീയർ രാജ്യത്തിനെന്തേകാമെന്നു ള്ളമുൻവിധിയിലായിരുന്നെങ്കിൽ, ഇന്നുള്ളവർ ഗ്രീൻ കാർഡിനുള്ള പരക്കം പാച്ചിലിലാണ്. ഈ വിരോധാഭാസത്തിന്റെ നീർച്ചുഴിയിലാണ് ഇന്നു മിക്ക അണുകുടുംബങ്ങളും.ഗാന്ധിജിയുടെകാഴ്ചപ്പാടിലു ള്ളമര്യാദാപുരുഷനുംഹരിജനും ഒന്നായിരുന്നു.സത്യംസത്യമെന്ന് കണ്ടാലും, അനുഭവിച്ചറിഞ്ഞാലും, തിരുത്തൽപ്രക്രിയക്ക് വഴ ങ്ങാൻമടിക്കുന്നഅല്ലെങ്കിൽമറിച്ച്സ്വാതന്ത്രമുണ്ടെന്ന് അഹങ്കരിക്കുന്ന കൂട്ടമായിനാംമാറുകയാണ്. എന്റെ കുട്ടിക്കാലത്ത് പഠിച്ച സിവിക്സ് എന്ന വിഷയത്തിൽ, റോഡിന്റെ നടുവിൽ കൂടി നടക്കാൻ പൂർണ്ണസ്വാതന്ത്ര്യം അവകാശപ്പെടുന്ന ഒരാളുടെമേൽ വണ്ടി കയറ്റാനവകാശമുള്ള മറ്റൊരാളെപ്പറ്റി പറയുന്നുണ്ട്. വ്യക്തിയിൽ നിന്ന് കുടുംബത്തേക്കും, കുടുംബത്തിലൂടെ സമൂഹത്തിലെത്തുവാനും മൂല്യാധിഷ്ഠമായ മര്യാദാപുരുഷൻ എന്നവ്യക്തിക്ക് പ്രത്യേകസ്ഥാനമുണ്ട്. ഇതിന്കുടുംബ ങ്ങൾക്കുംഅയൽകൂട്ടങ്ങൾക്കുമുള്ള പ്രാധാന്യം കുറച്ചൊന്നുമല്ല.സമൂഹത്തിലെ ഉച്ച നീചത്വങ്ങൾ മറനീക്കിപുറത്ത് വന്നപ്പോൾ കമ്യൂണിസവും, അതിന്റേതായപങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ,കമ്യൂണിസത്തെ ഗാന്ധിസത്തിന്റെ ഊർജ്ജം കൂട്ടിയുള്ള തനത് ഇന്ത്യൻ ശൈലിയിൽ വഴക്കിയെടുക്കേണ്ട സാഹചര്യം വന്നപ്പോൾ നമ്മൾ പുറകോട്ടുപോയി. ഒരുപക്ഷേ,ചൈനീസ് കമ്യൂണിസത്തിന്,റഷ്യയുമായി താരതമ്യം ചെയ്യുമ്പോൾ, കാലോചിതമായി നിലനിൽക്കാൻ കഴിഞ്ഞത്അവരുടെ വൈരുദ്ധ്യ ശക്തികളുടെ സമന്വയത്തിനുള്ള 'യിംഗ്-യാംഗ്' സങ്കൽപം ആഴത്തിൽവേരിറങ്ങിയതാണ് കാരണമെന്നുകാണാം. ഈ വൈരുദ്ധ്യ ശക്തികളുടെസമന്വയം അവരുടെ ജീവിതരീതിയിലും, മാവോ സൂക്തങ്ങളിലും, കലയിലും, ഔഷധപ്രയോഗ രീതികളിലും പ്രതിഫലിക്കുന്ന ഒരു സാകല്യ കാഴ്ചപ്പാടാണ്. യിംഗ് രാത്രിയാണെങ്കിൽ യാംഗ് പകലാണ്., യിംഗ് തണുപ്പെങ്കിൽ യാംഗ് ചൂടും. വൈദ്യശാസ്ത്രത്തിലാണെങ്കിൽ ആയുർവ്വേദത്തിൽ പറയുന്ന വാത-പിത്ത-കഫ ദോഷങ്ങൾ പോലെ, കാണുന്നതും അനുഭവിക്കുന്നതും തമ്മിലുള്ള വൈരുദ്ധ്യ തയെ രോഗമെന്ന് വിശേഷിപ്പിക്കുന്നു. മൂക്ക്, കണ്ണ്, ചെവി, ഹൃദയം എന്നഎല്ലാഅവയവങ്ങളും യാംഗിൽ പെടുമെങ്കിൽ അനുഭവിക്കുന്ന

വേദന,പനി, ഭയം തുടങ്ങിയവ യിംഗിൽപെടും.ഇവ തമ്മിലുള്ളഅസന്തുലനാവസ്ഥ-രോഗാവസ്ഥയും, സന്തുലനാവസ്ഥ-അരോഗാവസ്ഥയുമാകുന്നു. യിംഗ്ഏറിയാൽയാംഗ്കുറയുന്നു., അത്പോലെ മറിച്ചും. വൈരുദ്ധ്യശക്തികളുടെ സമന്വയമെന്ന കാഴ്ചപ്പാടിലുള്ള ചൈനീസ് വികസനം പാരമ്പര്യത്തിലൂന്നി അവരുടെവഴക്കത്തിനനുസരിച്ച് രൂപപ്പെടുത്തിയിട്ടുള്ളതാണ്. പഴയതെല്ലാം നിഷിദ്ധം, പുതുതെല്ലാം അടിപൊളി എന്ന വാദം തുടർവിദ്യാഭ്യാസത്തിന് അന്യമായ പാഠമാണ്.

ഞങ്ങളുടെ കൂട്ടുകുടുംബത്തിൽ പണ്ടുണ്ടായിരുന്ന ചില ആചാരങ്ങൾ അമ്മവഴി പറഞ്ഞു കേട്ടപ്പോൾ, പറഞ്ഞതും കേട്ടതും അനാചാരമായി തള്ളിക്കഴിഞ്ഞ കാലഘട്ടത്തിലായിരുന്നു. അമ്മയുടെ ചെറുപ്പകാലത്തുള്ളകെട്ടുകല്യാണമാണ് അതിലൊന്ന്. പല ബ്രാഹ്മണരും ഒരുമിച്ചു വന്ന്, വളരെ ചെറുപ്പത്തിൽ തന്നെ പെൺകുട്ടികളെ താലി കെട്ടുന്ന ഏർപ്പാടായിരുന്നു അത്. ചിലപ്പോൾ, പിന്നീടുവരുന്ന ഭർത്താവിന്റെ ബന്ധം സുദൃഢമാകുമെന്ന ഭാഷ്യമാണോ ഈ അനാചാരത്തിന് പിന്നിലുള്ളതെന്ന് അറിയില്ല. അത്പോലെ നമ്പൂതിരിമാരുടെ യാത്രകളി അല്ലെങ്കിൽ സംഘംകളി എന്ന കലാരൂപംവീടുകളിൽഅവതരിപ്പിക്കുന്നപതിവ് ഉണ്ടായിരുന്നു. പിന്നീട് പരിഷ്കരണത്തിന് വിധേയമായി കുറെക്കാലം കൂടിത്തുടർന്നുപോന്ന ഈ രൂപം ഇന്ന് പ്രായേണ അപരിചിതമാണ്. ഈ അപഹാസ കലാരൂപം ഒരു ചേരമാൻ പെരുമാൾബുദ്ധമതാനുയായിമാറിയപ്പോൾ സാമൂഹ്യ-രാഷ്ട്രീയ അപചയത്തെ പരിഹസിക്കാൻ നമ്പൂതിരിമാർകണ്ടുപിടിച്ച വിദ്യയായി കരുതുന്നു.ആണുങ്ങൾകളിക്കുന്നതിരുവാതിരയിൽതുടങ്ങുന്ന കലാരൂപത്തിൽ, നമ്പൂര്യാരുടെ വിഢിത്തങ്ങൾ ഏറെയുണ്ട്. എരിശേരിപ്പട്ടരെ ഗോവിന്ദ എന്നു തുടങ്ങി അനേകം വായ്ത്താരികളുമായുള്ള ജാഥയിൽ നാടകീയമായി ഇട്ടിക്കണ്ടപ്പൻ എന്നനാടുവാഴിയുടെദുരുപദേശകനുൾപ്പെടെപലരും യാത്രകളിയിൽ കേറിയിറങ്ങാറുണ്ട്. ഈകലാരൂപത്തിന്അതിന്റേതായ ചട്ടക്കൂടുകളൊന്നുമില്ലെങ്കിലും, ഇതിൽ കടന്നുവരുന്ന ശൈലികൾക്ക്വള്ളംകളിപ്പാട്ട്,തിരുവാതിര കളി, കുറുത്തിയാട്ടം, മോഹിനി പുറപ്പാട് എന്നിവയുടെ അനിയന്ത്രിതമായ ചുവയുണ്ട്.

ആധുനിക ജീവിതരീതിയിൽ, ആയുർ ദൈർഘ്യം കൂടിയിട്ടുണ്ടെങ്കിലും, ഏകതാനത എന്ന മുരടിച്ച ശീലം ദിനരാത്രങ്ങളെ നിമിഷങ്ങളുടെ ദൈർഘ്യമായി തോന്നിപ്പിക്കുന്നു. കാലം കടിഞ്ഞാണില്ലാതെ

തന്നെ ഓടിക്കിതയ്ക്കുന്നു.കാവാലം എന്ന കുഗ്രാമത്തിനെ ഇപ്പോൾ ഞാൻനോക്കിക്കാണുന്നത്ഒരുഅപരിചിത ഭാവത്തിലാണ്. ഇടവപ്പാതിയിൽ നനഞ്ഞു കുതിർന്ന് വെള്ളം പൊങ്ങുന്നതിന് മുൻപുള്ള മീനച്ചൂടിൽദേശാടനപ്പക്ഷികൾപോലെവിചിത്രവേഷധാരികളായതമിഴ്ലാടവൈദ്യന്മാരുടെ വരവ് ഗൃഹാതുരത്വം ഉണർത്തുന്നു. അഞ്ചെട്ടുപേരുടെ ഒരുബാച്ച് പറമ്പിൽ തമ്പടിച്ചാൽ, കഴിഞ്ഞകൊല്ലത്തെ തമാശുകാരനോ, പാട്ടുകാരനോ അതിലില്ലല്ലോയെന്ന വിഷമം, പിന്നീടുള്ള ഗ്രൂപ്പിൽ അവരെ കാണുമ്പോഴുള്ള സന്തോഷത്തിലലിയുന്നു. കാക്കാരിശിനാടകച്ചിന്തുകളിലൂടെ വർണ്ണപ്പൊലിമയുള്ള മടിശീലകൾ നാട്ടിൽ വന്ന് വിൽക്കുന്ന കാക്കാരിശകൾ. ആഗോളമായിക്കൊണ്ടിരിക്കുന്ന കാവാലത്തും പകരക്കാരായി വൈദേശിക ടൂറിസ്റ്റുകൾ സ്ഥാനം പിടിച്ചെങ്കിലും തനതിന്റെ ചൂടും ചൂരും അതിനിന്നില്ല. ഭൂമിശാസ്ത്രപരമായും, ചെറുതും വലുതുമായ ഇടത്തോടുകളെല്ലാം നികത്തി, കിഴക്കൻ മണ്ണിലൂടുണ്ടായ റോഡുകളിലൂടെ വിഷപ്പാമ്പുകളുടെഒളിത്താവളമായി മാറിക്കൊണ്ടിരിക്കുന്നു കാവാലം. കൃഷിയിടങ്ങളാവട്ടെ നികത്തുപുരയിടങ്ങളായും മാറിക്കൊണ്ടിരിക്കുന്നു.

1948-ൽ, ആളോഹരി ഭാഗം കഴിഞ്ഞ് അണുകുടുംബവഴിയിലെത്തിച്ചേർന്ന ചാലയിൽ കുടുംബത്തിന്റെ അഞ്ചു യൂണിറ്റുകൾ- അമ്മയുടെഒരു യൂണിറ്റും, മൈനറായിരുന്ന ഞാനും, മുതിർന്ന രണ്ട് സഹോദരിമാരും,കോളേജിൽ പഠിച്ചുകൊണ്ടിരുന്ന ജേഷ്ഠ സഹോദരൻ കാവാലം നാരായണപ്പണിക്കരും അടങ്ങുന്നനാല് യൂണിറ്റുകൾ അച്ഛനമ്മമാരുടെ ചുമതലയിൽനടത്തിയെടുക്കേണ്ടിവന്നു. വീടിന് വെളിയിലേക്കുള്ള പരിചയം തീരെയില്ലാതിരുന്ന ഞങ്ങളുടെ അമ്മ കുഞ്ഞുലക്ഷ്മിയമ്മയ്ക്ക്, കാവാലത്തെപ്പറ്റിയും,അവിടുള്ളഓരോ വീടുകളെപ്പറ്റിയും, കേട്ടുതഴമ്പിച്ചകൃഷിരീതികളെപ്പറ്റിയുംവേണ്ടുവോളംഅറിവുണ്ടായിരുന്നു. അച്ഛൻ ചേർത്തല മാളികക്കോവിലകത്തുള്ള കെ.ഗോദവർമ്മൻതിരുമുൽപ്പാട്,തിരുവനന്തപുരത്ത് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കൂടെജോലിചെയ്ത് അടുത്തൂൺ പറ്റി പിരിഞ്ഞയാളായിരുന്നു. അദ്ദേഹത്തിന്റെയും, എന്റെജ്യേഷ്ഠ സഹോദരി ഗൗരിയമ്മയുടെ ഭർത്താവായ പന്തളം ലക്ഷ്മീപുരം കൊട്ടാരത്തിലെ രാജവർമ്മയുടെയും സഹായത്തോടെവേണാട്ടുകാട്, രാജരാമപുരം, മംഗലം, മതികായൽ, കോഴിച്ചാൽ തുടങ്ങിയ പാടശേഖരങ്ങളിലെ കൃഷികൊണ്ടു നടക്കാൻ അമ്മയ്ക്കുകഴിഞ്ഞു. രാജവർമ്മ എം.എൻ.ഗോവിന്ദൻ നായ

രുമായും മറ്റും ബന്ധപ്പെട്ട് കമ്യൂണിസ്റ്റുപ്രസ്ഥാനത്തിൽസജീവമായആളായിരുന്നു.ബി.എല്ലിന്,എറണാകുളത്ത് പഠിക്കുന്ന കാലത്ത്, ഇടപ്പള്ളി പോലീസ് സ്റ്റേഷനാക്രമണത്തിൽ പങ്കുണ്ടായിരുന്ന മാത്യുവിന് അഭയം സ്വന്തം മുറിയിൽ കൊടുത്ത കുറ്റത്തിന്, ക്രൂരമായ മർദ്ദനമേൽക്കേണ്ടി വരികയും, ആറുമാസം വീയൂർജയിലിൽ കഴിയേണ്ടതായും വന്നിട്ടുണ്ട്. സജീവരാഷ്ട്രീയത്തിൽനിന്നുമൊതുങ്ങി,നിയമപഠനംപൂർത്തിയാക്കി, ആലപ്പുഴ വക്കീൽ ജോലിയിലായ അദ്ദേഹത്തിന്റെ സഹായം വലിയൊരളവിൽഅമ്മയ്ക്ക്സമാധാനമായിത്തീർന്നു.

ചിലസംവിധാനങ്ങളിലുണ്ടായ മാറ്റങ്ങളൊഴിച്ചാൽ, കൂട്ടുകുടുംബത്തിലുള്ള ജീവിതരീതികൾ തന്നെ തുടർന്നു കൊണ്ടുപോകാൻ സാധിച്ചത്, ഈ കുടുംബത്തോടുള്ള കാവാലത്തുകാരുടെ കാഴ്ചപ്പാടും, സ്നേഹവായ്പും മാത്രംകൊണ്ടാണെന്ന് പറയാതെ തരമില്ല. അത്, പച്ചപ്പോടെ തന്നെ മുന്നോട്ടുകൊണ്ടുപോകാൻ അച്ഛനമ്മമാരുടെ കാലം വരെയുംപിന്നീടുംസാധിച്ചുവെന്നത് ഒരു കുടുംബത്തെ സംബന്ധിച്ചും, നാടിനെ സംബന്ധിച്ചും ചാരിതാർത്ഥ്യ ജനകമാണ്.

കാവാലം ഹൈസ്കൂളിന്റെ അഭിവൃദ്ധിക്കും, ആദ്യമായി ഒരു വനിതാസമാജം സ്ഥാപിക്കുന്നതിനുള്ള സ്ഥലം നൽകി അതിന്റെപ്രസിഡന്റായിരുന്നുകൊണ്ട് വനിതകളുടെ ഒരു പാരസ്പര്യം നാട്ടിലുണ്ടാക്കുന്നതിനും വീടിന് വെളിയിലിറങ്ങി ശീലിച്ചിട്ടില്ലാത്തഞങ്ങളുടെഅമ്മയ്ക്ക്സാധിച്ചു. അച്ഛനോടൊത്തുള്ള പുരാണേതിഹാസങ്ങളുടെ നിത്യപാരായണത്തിലൂടെയുള്ള ആത്മീയജ്ഞാനവും, നാടിന്റെ പാരമ്പര്യ കലകളെപ്പറ്റിയുള്ള അറിവും ഒരുപോലെ അമ്മയിലുണ്ടായിരുന്നു. മകരമാസത്തിലെ ഇരുപത്തെട്ടിച്ചാത്തനെപ്പറ്റിയുള്ള നാട്ടുസങ്കൽപം ജ്യേഷ്ഠ സഹോദരൻ കാവാലത്തിന് അമ്മവഴി കിട്ടിയ അറിവായിരുന്നു. പേരിന് മുൻപുള്ളകാവാലംവെറുംആലങ്കാരികമെന്നുള്ളതിനപ്പുറംപൊക്കിൾകൊടിബന്ധം കൂടിയായിരുന്നു. വൃക്കസംബന്ധമായ ശസ്ത്രക്രിയക്കുശേഷംഐ.സി.യൂണിറ്റിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നഎനിക്ക് പെട്ടെന്നുതന്നെ കോഴിക്കോട്ടുനിന്ന് ആലപ്പുഴക്ക് പോരാൻതോന്നിയതെന്ത്ചേതോവികാരമെന്ന്ഇപ്പോഴുംഅറിയാൻപാടില്ല. ദീനമായി കിടന്നിരുന്ന അമ്മയോട് വിവരങ്ങൾപറഞ്ഞുധരിപ്പിച്ച അന്നു രാത്രിതന്നെ അമ്മ ശാന്തയായി യാത്രയായി. വിവരം അറിയിക്കാൻ രാത്രി രണ്ടു മണിക്ക് ആശുപത്രിയിലേക്ക് ഫോൺ ചെയ്തപ്പോൾ. അമ്മ മരിച്ചുഎന്ന് ഫോണെടുക്കുന്നതിനുമുമ്പുതന്നെ



ഇളയമകൾ രാധയുടെ ശ്രീ. കെ.സി. മോഹനനുമായുള്ള വിവാഹ
സൽക്കാരത്തിൽ നെഹ്റുവിനോടൊപ്പം
ഭാര്യ ഗൗരിയമ്മ, മൂത്തമകൾ പാർവ്വതി, ഭർത്താവ് ഡോ. കെ.ആർ. നായർ



കലാമണ്ഡലം ഉദ്ഘാടന വേളയിൽ ജവഹർലാൽ നെഹ്റുവിനോടൊപ്പം

## ഡോ. കെ.പി. പണിക്കരും സർദാർ പണിക്കരും ഒപ്പമുള്ള ചില ചിത്രങ്ങൾ



1914– ലണ്ടനിൽ



1956–ൽ കാവാലത്ത്



വിവാഹശേഷം മദിരാശിയിൽ
എടുത്ത ചിത്രം. ഇടത്തുനിന്ന്
ഡോ. കെ.പി. പണിക്കർ, ഭാര്യ
ജാനകിയമ്മ, ഗൗരിയമ്മ
സർദാർ പണിക്കർ



ശ്രീ മന്നത്ത് പത്മനാഭൻ ശ്രീ പട്ടംതാണുപിള്ള എന്നിവരോടൊപ്പം



1956–ൽ ചാലയിൽ സരസ്വതി–രവിവർമ്മ വിവാഹ ചടങ്ങിൽ പോളീഷ് അമ്പാസിഡർ ഭാര്യ, മഹാകവി വള്ളത്തോൾ, ഡി.എസ്.പി. തമ്പുരാൻ, (അനന്തപുരം കൊട്ടാരം) മെടങ്ങാല വാസുദേവൻ നമ്പൂതിരിപ്പാട്, മാളികയിൽ കോവിലകം രാമവർമ്മ, ടി.കെ. പരമേശ്വരൻ പിള്ള (തലവടി), തഴുത്തുരുത്തിൽ തങ്കപ്പണിക്കർ, ചാലയിൽ രാമകൃ ഷ്ണപ്പണിക്കർ, ലേഖകൻ എന്നിവരെ കാണാം.





മൂന്ന് തലമുറകൾ ചാലയിൽ കൊച്ചുകുഞ്ഞിയമ്മ,
മകൾ കുഞ്ഞുലക്ഷ്മ്മ, മക്കൾ



1976 ലെ ഒരു ഓണസംഗമം കാവാലത്ത് ഡോ. അയ്യപ്പണിക്കരെയും കാണാം.



1976 ൽ ചാലയിൽ കുഞ്ഞുലക്ഷ്മിയമ്മ – ഗോദവർമ്മയുടെ നാലുതലമുറകൾ



1956 ൽ കാവാലത്ത് നിൽക്കുന്നവർ വരവണ്ണർ മാധവൻ നായർ
(ഇരവി രാമകൃഷ്ണ പണിക്കരുടെ മകൻ) പരുമല രാമകൃഷ്ണൻ നായർ, കൊച്ചുമഠം
പത്മനാഭപിള്ള, ചാലയിൽ കേശവപ്പണിക്കർ, ഒറ്റത്തെയിൽ കരുണാകരൻ നായർ,
പുന്നൂർ രാമൻപിള്ള
ഇരിക്കുന്നവർ കാവാലം നാരായണപ്പണിക്കർ, ലേഖകൻ കെ. ഗോദവർമ്മ, വരവണ്ണൂർ പത്മ
നാഭൻ നായർ, പന്തളം പി.കെ.ആർ. വർമ്മ.

പറഞ്ഞത്, അനുഭവങ്ങളുടെ കെട്ടിക്കാഴ്ച്ചതന്നെ നാടകവും ജീവിതവുമെന്നതോന്നലാണ്. അമ്മയുടെശ്രുതിയോടൊപ്പം അച്ഛന്റെ ലയവും ഞങ്ങൾക്ക് പകർന്നു കിട്ടിയിട്ടുണ്ട്. അച്ഛന്റെ വീടായ മാളികയിൽ കോവിലകം, പിന്നീട് കലാപരമായി പ്രസിദ്ധമായ പലരുമായി ബന്ധപ്പെട്ട കുടുംബമായിരുന്നു. അച്ഛന്റെ ചാർച്ചക്കാരനായിരുന്നകവി വയലാർരാമവർമ്മ, കഥകളി നടനായിത്തുടങ്ങി സിനിമയിൽ തിളങ്ങിയ ജഗന്നാഥ വർമ്മ, തുടങ്ങി നിരവധിപേരുമായി ബന്ധപ്പെട്ടകുടുംബമായിരുന്നു അത്. ഹാർമോണിയംവായിക്കാനറിയാവുന്ന അച്ഛന് സംഗീതത്തോട് പ്രത്യേക അഭിരുചിയുണ്ടായിരുന്നു.

കൃഷി ഒരു വരുമാനമാർഗമായും, കൃഷിക്കാരുടെ ലളിതജീവിതരീതിയും തമ്മിൽ പൊരുത്തപ്പെടുന്ന സൂചികയിൽ, അന്നത്തെ കാലത്തിനൊത്ത്സാമാന്യം നല്ലരീതിയിൽ ജീവിച്ചുപോകാൻ പറ്റിയ ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. വീദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു കാലത്തിലേക്കായിരുന്നു പിന്നീടുള്ള യാത്ര. ഇംഗ്ലീഷിനും, പൊതുവിജ്ഞാനങ്ങൾക്കും മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതിയിൽ നിന്നും സയൻസും, ടെക്നോളജിയും പഠിക്കുന്ന കാലഘട്ടത്തിലേക്കുള്ള മാറ്റം ജീവിതത്തിന്റെ കാഴ്ചപ്പാടിനെത്തന്നെ മാറ്റിയുലയ്ക്കുന്ന രീതിയിലായി. വിദ്യതന്നെ ധനാഗമമാർഗമാകുന്ന സാഹചര്യത്തിൽ, വിദ്യാഭ്യാസം സാർവത്രികമായി കുടുംബങ്ങളിൽ വേരുറച്ചു തുടങ്ങി. വ്യാവസായിക വിപ്ലവത്തിന്ശേഷം, ഓരോ ദശകത്തിലേയും സായൻസിക വളർച്ചയുടെ പതിൻമടങ്ങ് ഒരു കൊല്ലക്കാലംകൊണ്ടും., ഒരു കൊല്ലത്തെ വളർച്ചയുടെ ആയിരം മടങ്ങ് മാസങ്ങളിൽ പ്രതിഫലിക്കത്തക്കവിധം വളർച്ച ത്വരിതഗതിയിലായി.

ഒരു സർക്കാർ ജോലി ഉന്നം വച്ച് പഠിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്ത ആരും തന്നെ ഞാനൊഴിച്ച് വേറാരും ഞങ്ങളുടെ കൂട്ടുകുടുംബത്തിൽ ഉണ്ടായിട്ടില്ല. അതുപോലെ, എനിക്കുമുന്നേയുള്ള ആണുങ്ങളാരും തന്നെ കുടുംബ ബന്ധത്തിന് പുറത്തുള്ളവരുമായി വിവാഹ ബന്ധത്തിലേർപ്പെട്ടിട്ടില്ല. മരുമക്കത്തായത്തിന്റെ പിടിയിൽ നിന്നും മക്കത്തായ വഴിയിലേക്കുമാറാൻ ആളോഹരി ഭാഗം കഴിഞ്ഞിട്ടും ഏറെക്കാലം വേണ്ടിവന്നുവെന്നുള്ളതിന് തെളിവാണിത്.

ഏഴ് മക്കളെ പ്രസവിച്ച അമ്മയ്ക്ക് ആറുമക്കളെ മാത്രമെ വളർത്തി വലുതാക്കാൻ സാധിച്ചുള്ളൂ. ഞങ്ങളുടെ മൂത്തജ്യേഷ്ഠൻ ചാലയിൽ രാമകൃഷ്ണപ്പണിക്കർ 1922-ൽ അഷ്ടമിരോഹിണിക്ക് ജനിച്ച് 1982-ൽ

കാവാലത്ത് വെച്ച് മരിച്ചു. അദ്ദേഹവും അനുജൻ കാവാലം നാരായണപ്പണിക്കരും, അമ്മാവനായ ഡോക്ടർ കെ.പി. പണിക്കരുടെ മക്കളെത്തന്നെയാണ് വിവാഹം കഴിച്ചിരുന്നത്. കവിതയിലും, നാടകത്തിലും ഒരുപോലെ പാടവമുണ്ടായിരുന്ന അദ്ദേഹം മൃദംഗവും നല്ലപോലെ കൈകാര്യം ചെയ്തിരുന്നു. ചിത്രപിഞ്ഛരം എന്നൊരു കവിതാസമാഹാരവും, ഗ്രീക്ക് സാഹിത്യ തർജ്ജിമയായ ദേവതകളുടെ നാട്ടിൽ എന്ന പുസ്തകവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധപ്പെടുത്താത്ത മൂന്നോ നാലോ നാടകങ്ങൾ അരങ്ങിൽ അവതരിപ്പിച്ചിട്ടുണ്ട്. കാവാലത്തിന്റെ കലാസപര്യക്ക് വളരെ സ്വാധീനം ചെലുത്തിയിട്ടുള്ള ഗുരുസ്ഥാനീയനായിരുന്നു ഈ ജ്യേഷ്ഠ സഹോദരൻ. അദ്ദേഹത്തിന്റെ മകൻ ഫ്ളൂട്ടിലും, തോൽവാദ്യങ്ങളിലും പ്രാവീണ്യമുള്ള കാവാലം പത്മനാഭൻ ഡൽഹിയിൽ ഒരു സ്വതന്ത്രകലാകാരനായി കഴിയുന്നു.

അമ്മയ്ക്കു പിന്നീടുണ്ടായ കുട്ടി ഗോപിനാഥപ്പണിക്കർ എട്ടുവയസ്സുവരെ മാത്രമേ ജീവിച്ചിരുന്നുള്ളൂ. മെനൻജൈറ്റിസ് എന്ന മാരകമായ രോഗം വീട്ടിലെ മൂന്നു ജീവനാണ് അപഹരിച്ചത്. വീട്ടുപണിക്കുണ്ടായിരുന്ന ഒരു സ്ത്രീയിൽ തുടങ്ങി ഒരമ്മായി ഉൾപ്പെടെ മൂന്നാമതാണ് സ്കൂളിൽ പഠിച്ചിരുന്ന ജ്യേഷ്ഠ സഹോദരനെ മരണം അപഹരിച്ചത്. സത്യവാൻ സാവിത്രി എന്ന സ്കൂൾ നാടകത്തിൽ സത്യവാന്റെ വേഷമിട്ട് വൈകിട്ട് പനിപിടിച്ച് രാത്രിമുഴുവൻ അച്ഛന്റെ മടിയിൽ കിടന്ന് ദൈവങ്ങളുടെ ഓരോ കഥകളും കേട്ടുകൊണ്ട് രാവിലെയാണ് കണ്ണടച്ചത് എന്ന് അച്ഛൻ പറയാറുണ്ട്. പെൻസിലിൻ എന്ന ആന്റിബയോട്ടിക്സ് അന്ന് ഫ്ളേമിംഗ് കണ്ടുപിടിച്ചിട്ടുണ്ടായിരുന്നില്ല. അല്ലെങ്കിൽ, ആ ജീവൻ രക്ഷിക്കാൻ ഒരു സാവിത്രിയില്ലാതെ പോയി. ഏതായാലും രോഗം വീട്ടിലൊരു സംഹാരംനടത്തിയാണ് കടന്നുപോയത്. ഒരുപശുവിന്റെ ജീവൻ കൂടെയെടുത്തിട്ട്, പിന്നീട് രോഗം പിടിച്ചത് എന്റെ മൂത്ത സഹോദരിയായ ഗൗരിയമ്മയ്ക്കാണ്. ഒരു പെൺകുട്ടിയ്ക്കുവേണ്ടി ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം കിട്ടിയ പത്ത്മാസം മാത്രം. പ്രായം ഉണ്ടായിരുന്ന കുട്ടിയെ ചികിൽസിക്കാൻ ആലപ്പുഴയിൽ നിന്നെത്തിയ വലിയമ്മാവൻ ഡോക്ടർ.കെ.പി. പണിക്കരുടെ ചികിത്സാവൈഭവം കൊണ്ടും ദൈവങ്ങളുടെ കനിഞ്ഞനുഗ്രഹംകൊണ്ടും രക്ഷപെട്ടുകിട്ടി. പക്ഷെ, ശ്രവണശേഷി നഷ്ടമായ കുട്ടി അച്ഛന്റെ പ്രത്യേക മേൽനോട്ടത്തിൽ സ്കൂൾഫൈനൽ വരെ പഠിച്ച് പന്തളം രാജവർമ്മയെ കല്യാണം കഴിച്ച് കുടുംബമായി എഴുപത്തെട്ടാം വയസ്സിലുംസുമംഗലിയായി ഞങ്ങളുടെ കൂടെയുണ്ടെന്നുള്ളത്

കുടുംബത്തിന്റെ ഭാഗ്യമാവാം.

ഞങ്ങളുടെ രണ്ടാമത്തെ ജ്യേഷ്ഠനായ ചാലയിൽ കേശവപ്പണിക്കർ സർദാർ കെ.എം. പണിക്കരുടെ കൂടെത്താമസിച്ച് വിദ്യാഭ്യാസം ഡൽഹിമോഡേൺ സ്ക്കൂളിലും, ആജ്മീർമേയോ കോളേജിലുമായിട്ടാണ് കഴിച്ചത്. ടാറ്റാ എയർവേയ്സിൽ ജോലി ചെയ്തിരുന്ന അദ്ദേഹം 1948-ൽ കേരളത്തിൽ തിരിച്ചെത്തി. കുടുംബഭാഗത്തോടെ, ഒരു കൃഷിക്കാരനായി കാവാലത്ത് താമസമുറപ്പിച്ചു. ചങ്ങനാശ്ശേരിയിൽ നിന്നും അസംബ്ലിയിലേക്ക് ഐക്യമുന്നണി സ്ഥാനാർത്ഥിയായി കെ.എം. കോരയ്ക്കെതിരെ മത്സരിച്ചെങ്കിലും ത്രികോണ മത്സരത്തിൽ ഭാസ്ക്കരൻ നായർ എന്ന സ്വതന്ത്ര സ്ഥാനാർത്ഥിക്കുവേണ്ടി പിൻമാറുകയാണുണ്ടായത്. പിന്നീട് കാവാലം പഞ്ചായത്ത് പ്രസിഡന്റായിരുന്നിട്ടുണ്ട്. അരവിന്ദന്റെ രണ്ടാമത്തെ സിനിമയായ കാഞ്ചനസീതയിൽ വാൽമീകിയായി വേഷമിട്ട ഇദ്ദേഹം പഴയ സൈഗൾ-പങ്കജ് മല്ലിക്ക് - ജഗ് മോഹൻ ഗാനങ്ങൾ നന്നായിട്ടു പാടുമായിരുന്നു. ഇരവി രാമകൃഷ്ണ പ്പണിക്കരുടെ മകന്റെ മകളെ കല്ല്യാണം കഴിച്ച ഇദ്ദേഹം ഇപ്പോൾ ആലപ്പുഴെ താമസിക്കുന്നു. ഇദ്ദേഹത്തിന്റെ വിവാഹത്തിന്റെ അൻപതാം വാർഷികത്തിന്, ഗുരുപൂജയായി, എന്റെ ജ്യേഷ്ഠൻ കാവാലം എഴുതിവായിച്ച കവിത ഈ അദ്ധ്യായത്തിനൊടുവിൽ ചേർത്തിട്ടുണ്ട്.

പൂക്കളെ സ്നേഹിക്കുന്ന ഒരു സഹോദരി എനിക്കുണ്ട്. എന്നെക്കാൾ രണ്ടരവയസുമാത്രം കൂടുതലുള്ള എന്നാൽ വയറുകഴുകിയായ എനിക്ക് വളരെക്കാലം കൂടെ കളിക്കാനും വഴക്കുപിടിക്കാനും പറ്റിയ, ഇന്നും പറ്റുന്ന കമ്പനി. വളരെ വേഗം മുത്തശ്ശിയാകാൻ പോകുന്ന സരസ്വതി വർമ്മ ലാളിച്ചുവളർത്തുന്ന പനിനീർപ്പൂക്കൾ തിരുവനന്തപുരത്തുകാരുടെ കണ്ണിന് കുളിരേകിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റു സെക്രട്ടറിയായി റിട്ടയർ ചെയ്ത ഹരിപ്പാട് അനന്തപുരത്തെ രവിവർമ്മയാണ് എന്റെ സഹോദരീഭർത്താവ്. കേരളകാളിദാസനെന്നറിയപ്പെടുന്ന പുകൾപെറ്റ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ അനന്തിരവളുടെ മകനായ ഇദ്ദേഹം തിരുവനന്തപുരം കഥകളി ക്ലബ്ബിന്റെ സംഘാടകരിലൊരാളായിരുന്നു. ഒരു കലാരസികനായ ഇദ്ദേഹം മക്കളും, മക്കളുടെ മക്കളുമായി തിരുവനന്തപുരത്ത് കഴിയുന്നു.

നാടകം നടിക്കേണ്ടതാണ്, അതുകൊണ്ടുതന്നെ അതിന് നാട്യധർമ്മിത്വവുമുണ്ട്. നാടൻകലകളുടെയും, തമിഴ്നാടകങ്ങളുടെയും വികൃ

താനുകരണങ്ങളായി എന്റെ ചെറുപ്പകാലത്തുകണ്ട രാജമാണിക്കം, ദശാവതാരം തുടങ്ങിയ മറുനാടൻ ശൈലികളെ തള്ളിക്കൊണ്ട് യൂറോപ്യൻ യഥാതഥനാടകങ്ങൾക്ക് സ്വതന്ത്രഭാരതത്തിൽ പ്രചാരം കിട്ടിത്തുടങ്ങി. പിലാനിയിൽ പഠിക്കുമ്പോൾ, ദില്ലിസെന്റ് സ്റ്റീഫൻസിൽ സംഘടിപ്പിച്ചിരുന്ന അബ്സേർഡ് നാടകങ്ങൾ ഒരു തരം മുരടിപ്പോടെ കണ്ടുകൊണ്ടിരിക്കുന്നത് ഓർക്കുന്നു. കേരളത്തിൽ ഇബ്സന്റെ പ്രഭാവത്തിലെഴുതിയവതരിപ്പിച്ച എൻ.കൃഷ്ണപിള്ള സാറിന്റെ നാടകങ്ങൾക്കും, പുളിമാനപരമേശ്വരൻ പിള്ളയുടെ എക്സ്പ്രെഷനിസ്റ്റ് നാടകങ്ങൾക്കും, സീജെയുടെ സർറിയലിസ്റ്റിക് നാടകങ്ങൾക്കും പൊതുവായി യൂറോപ്യൻ ആകർഷണത്വമുണ്ടായിരുന്നു. അതേ സമയം, കാലത്തിന്റെ വോട്ടുബാങ്കായി പത്ര ഭാഷയിൽ പറയാനുള്ളത് വെട്ടിത്തുറന്ന് പറയുന്ന നാടകങ്ങളും ധാരാളമായുണ്ടായി. ഇവിടെയാണ് സി.എൻ.ശ്രീകണ്ഠൻനായരുടെ തനത് നാടകവേദിയെപ്പറ്റിയുള്ള അന്വേഷണത്തിന് ശക്തികൈവരുന്നത്. ചരിത്രത്തിലേക്ക് നോക്കിയാൽ എല്ലാനല്ലനാടകങ്ങളും കവിതകളായിരുന്നു. കാവ്യനാടകമെന്നത് ഒരു പുതു സങ്കൽപ്പമല്ല. ഭാസ–കാളിദാസന്മാരും, സോഫോക്ലീസുതൊട്ട് ഷേക്സ്പിയർ വരെയുള്ളവരും എഴുതിയത് ദൃശ്യകവിതകളിലൂടുള്ള നിറം പാടൽ ആയിരുന്നു. ഒരു വഴികാട്ടിക്ക് അത്തരം നാടകങ്ങളെ ഏതുകാലത്തും സമയോചിതമായി വ്യാഖ്യാനിച്ചെടുക്കാൻ കഴിയണം. അങ്ങനെയുള്ള വ്യാഖ്യാനത്തിന്, സംസ്കൃതമായും, അസംസ്കൃതമായും ലഭിക്കുന്ന ജൈവകലാംശങ്ങളുടെ ശൈലീകരണത്തിലൂടെയുള്ള പരീക്ഷണങ്ങളിലേക്ക് പോകാതെ നിവർത്തിയില്ല. ഇത് തുടർവിദ്യാഭ്യാസത്തിന്റെ സാകല്യ ചേതനയാണ്., നൈരന്തര്യമാണ്. പ്രാകൃതമാണോ, സംസ്കൃതമാണോ ആദ്യമെന്ന് ചോദിച്ചാൽ പ്രാകൃതമെന്ന് പറയാതെപറ്റില്ല. ശ്രീകണ്ഠേശ്വരത്തിന്റെ ശബ്ദതാരാവലിയിൽ സംസ്കൃതം ദുഷിച്ചുണ്ടായ പ്രാകൃതഭാഷകളാണ് മഹാരാഷ്ട്ര, ശൗരസേനി, മാഗധി, പൈശാചി, അപഭ്രംശം എന്ന് കൊടുത്തിട്ടുള്ളത് ശരിയാണെന്ന് തോന്നുന്നില്ല. പ്രകൃതം സംഭവിച്ച അല്ലെങ്കിൽ സ്വാഭാവികമായ പ്രകൃതിയുടെ ഭാഷ എന്ന് വ്യവഹരിക്കുന്നതാവും കൂടുതൽ നല്ലത്. ഇവയെല്ലാം സ്ഫുടം ചെയ്ത് ഒരു പൊതു സംസ്കാരഭാഷ ആയതു തന്നെയാകും സംസ്കൃതം, അപ്പോൾ നാടകത്തിൽ പ്രാകൃതത്തെ തിരസ്കരിക്കുന്നതിന് പകരം എങ്ങനെ സന്നിവേശിപ്പിക്കാം എന്നതിന് പ്രാധാന്യം വരുന്നു. കാളിദാസനും മുൻപുള്ള ഭാസ നാടകങ്ങളിൽ മഹാരാഷ്ട്ര എന്ന പ്രാകൃത ഭാഷ കലർത്തിയുള്ള ശൃംഗാരം കാണാം. മദ്ധ്യമ

വ്യായോഗത്തിൽ, ഘടോൽക്കചന്റെ അമ്മ ഹിഡിംബ, തന്റെ പുത്രന്റെ അച്ഛനായ ഭീമസേനനെ ഏറെക്കാലത്തെ വിരഹത്തിന് ശേഷം കണ്ടു മുട്ടുമ്പോഴുള്ള രംഗം പ്രാകൃത-ശൃംഗാര-രസ സമ്പൂർണ്ണമായ ഭാഷയിലാണ് ഭാസൻ ആവിഷ്കരിച്ചിരിക്കുന്നത്.

കുട്ടനാടിന്റെ തനത് താളപദ്ധതികളും, നാടിന്റെ പാരിമ്പര്യ കലാ രൂപങ്ങളുമായുള്ള വൈകാരിക ബന്ധവുമായിരുന്നു കാവാലത്തിന്റെ തുടക്കത്തിലെ ശക്തി. ആയിരത്തിതൊള്ളായിരത്തി അറുപതുകളിൽ കേരള സംഗീത നാടക അക്കാദമിയുടെ സിക്രട്ടറി ആയിരുന്നപ്പോൾ, കേരളത്തിലൂടനീളം സഞ്ചരിച്ച്, വിവിധ നാടൻ കലാരൂപങ്ങളും, അതിന്റെ താളപദ്ധതികളും അക്കാദമിക്ക് വേണ്ടി ശേഖരിച്ചത് പീന്നീട് നാടകത്തിലേക്ക് പാകമാക്കി സന്നിവേശിപ്പിക്കാൻ സഹായിച്ചു. വായി ച്ചറിഞ്ഞ ഗ്രീക്ക്-സംസ്കൃത നാടകങ്ങളോ അല്ലെങ്കിൽ സ്വന്തം രചന കളോ, തന്റെ തട്ടകത്തിൽ നിന്നുമാർജ്ജിച്ച കരണങ്ങളിലൂടെ മാത്ര മേവ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുള്ളൂ. കേരളത്തിലുണ്ടായമാറ്റത്തിനനുസ രിച്ച് മണിപ്പൂരിലും, ഡൽഹിയിലും, ബംഗാളിലും, കർണ്ണാടകയിലു മൊക്കെ തത്തുല്യമായ മാറ്റങ്ങൾ നാടകത്തിന് വന്നു കൊണ്ടിരുന്നു. ഈ യജ്ഞത്തിന്റെ മുന്നോട്ടുള്ള പോക്കിൽ കുടുംബത്തിൽനിന്നും ലഭിച്ച ആറാം പട്ടികയിലുള്ള ധനംമിക്കവാറും ബലികഴി ക്കേണ്ടിവന്നുവെന്നത് ഞങ്ങളുടെയിടയിൽ മാത്രമുള്ള ഒരു സ്വകാര്യ മാണ്. ബുദ്ധിമുട്ടുകൾക്കിടയിലും, ഒരു പേനയും, അരങ്ങും, കാണി കളും ഉണ്ടെങ്കിൽ അവന്ജീവിക്കാൻ വിഷമമില്ല എന്ന അമ്മയുടെ വാക്കുകൾ ഓർമ്മിക്കുന്നു.

1955–58 കാലഘട്ടത്തിലുള്ള എന്റെ ഇന്റർമീഡിയറ്റ് പഠനം ആല പ്പുഴ എസ്.ഡി.കോളേജിലാണ് കഴിച്ചത്. ഇനി സയൻസ് പഠിക്കുന്ന തിനാണ് പ്രാധാന്യം എന്നു നിനച്ച്, സെക്കന്റ് ഗ്രൂപ്പെടുപ്പിച്ച് കോളേ ജിൽ കൊണ്ടുചേർത്തത് ജ്യേഷ്ഠനായ കാവാലമായിരുന്നു. പ്രസിദ്ധ കഥകളിനടനായിരുന്ന കുടമാളൂർ കരുണാകരൻ നായരുടെ മകന്റെ അഡ്മിഷനുവേണ്ടി അദ്ദേഹവും കോളേജുമുറ്റത്തുണ്ടായിരുന്നു. അത് സ്വന്തം കാര്യമായിമാറിയ ജ്യേഷ്ഠനെ പിന്നെകാണുന്നത് എന്റെ ഇന്റർവ്യൂ കഴിഞ്ഞ് ഫീസടച്ച ശേഷമാണ്. എന്റെ വലിയമ്മാവന്റെ മകൻ കെ.പി.എസ്. നായർ, സഹോദരീഭർത്താവ് രാജവർമ്മ എന്നിവരോട് ചേർന്ന് ആലപ്പുഴ ജില്ലാക്കോർട്ടിൽ പ്രാക്റ്റീസാരംഭിച്ച ജ്യേഷ്ഠന് തന്റെ ശ്രദ്ധ അവിടെങ്ങും തളച്ചിടാനായില്ല. ജനരഞ്ജിനി എന്നൊരു ക്ലബ്ബിന് രൂപം കൊടുത്ത് തവളയ്ക്ക് നീന്താനുള്ള കുളമുണ്ടാക്കുകയാണ് ആദ്യം

ചെയ്തത്. ആ ക്ലബ്ബിന്റെ നേതൃത്വത്തിൽ, ശ്രീമാട്ടി ടാക്കീസിൽ ഒരു റഷ്യൻ ബാലേട്രൂപ്പിന് സ്വാഗതമൊരുക്കി. ക്ലബ്ബിന്റെ മെമ്പർമാരെ ഒരുക്കി പഞ്ചായത്ത് എന്നൊരു ഹാസ്യനാടകം അരങ്ങേറി. ഗുരുകുഞ്ചുക്കുറുപ്പിന് സ്വീകരണമൊരുക്കി, അതോടൊപ്പം, മുൻപ് ബോംബെയിൽ കാണിച്ച ഹിരോഷിമ ബോംബിങ്ങിനെതിരെ ഒരുക്കിയ ശാസ്ത്രജ്ഞൻ എന്ന പാന്റൊമൈം അരങ്ങേറി. ഇവയ്ക്കെല്ലാം ആലപ്പുഴ ജീവിതത്തിൽ സാക്ഷിയായത് ഓർമ്മിക്കുന്നു.

പിലാനിയിൽ പോയി ഫാർമസി പഠനത്തിന് ശേഷം തിരിച്ചെത്തിയപ്പോഴേക്ക് ജ്യേഷ്ഠ സഹോദരൻ കാവാലം സാക്ഷിയുടെ തിരുവരങ്ങിലെത്തിയിരുന്നു. ഞാൻ തിരുവനന്തപുരത്ത് ജോലിയിൽ പ്രവേശിച്ചശേഷം, സുവർണ്ണരേഖയെന്ന ജീ. ശങ്കരപ്പിള്ളയുടെ നാടകപ്രസ്താനത്തോട് കോഴിക്കോട്ടേക്ക് മാറുന്നത് വരെ സഹകരിച്ചിരുന്നു. 1968-ൽ സി.എൻ.ശ്രീകണ്ഠൻ നായരുടെ സാകേത മെന്ന നാടകം തിരുവനന്തപുരത്ത് അരങ്ങേറിയപ്പോൾ, സൂത്രധാരന്റെ വേഷം എന്റെ ചുമലിലായിരുന്നു. ഭരത്ഗോപിയും, വേണുക്കുട്ടൻനായരുമൊക്കെ ഉണ്ടായിരുന്ന നാടകം ശൈലീകരണത്തിന് നൈരന്തര്യമില്ലാതെ പരാജയപ്പെടുകയാണുണ്ടായത്. ആ നാടകത്തിന്റെ പോസ്റ്റുമാർട്ടത്തിനായി, പിറ്റേന്ന് അടൂർ ഗോപാലകൃഷ്ണന്റെ ചിത്രലേഖയിൽ ഒത്ത് കൂടിയപ്പോൾ, സാക്ഷിയുമായി ആലപ്പുഴയിൽ പ്രവർത്തിച്ചിരുന്ന കാവാലവും സന്നിഹിതനായിരുന്നു. നാടകത്തിന്റെ പരാജയം മുഴുവൻ ഏറ്റുവാങ്ങിയ സംവിധായകൻ കുമാരവർമ്മ (പിന്നീട് പഞ്ചാബ് യൂണിവേഴ്സിറ്റി കലാവിഭാഗത്തിന്റെ തലവനായി), തന്റെ അനുഭവങ്ങളെ പങ്കുവച്ചപ്പോൾ പറഞ്ഞകാര്യം സാക്ഷിയുമായുള്ള അനുഭവത്തിന്റെ വെളിച്ചത്തിലാണ്. ഒരു കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞുവരേണ്ടതാണ് നാടകം. അതിന്റെ നൈര്യന്തര്യത്തിന് രചയിതാവിനും ചിലപ്പോൾ വീട്ടുവീഴ്ചകൾ ചെയ്യേണ്ടിവരും ഈ വാദഗതി ഭരത്ഗോപിയെപ്പോലുള്ളവരെ തിരുവരങ്ങിലേക്ക് ആകർഷിക്കാൻ പോന്നതായിരുന്നു.

ഉഷയുമായുള്ള വിവാഹം കഴിഞ്ഞ്, ഞങ്ങൾക്ക് ആദ്യം ഒരുമിച്ച് താമസിക്കേണ്ടി വന്നത്, കോഴിക്കോട് ചേവായൂരിലെ മെഡിക്കൽകോളേജ് ക്യാംപസ്സിലാണ്. അവിടെ ചിലവഴിച്ച പത്ത് കൊല്ലക്കാലം, ഒരു കൂട്ടുകുടുംബത്തിന്റെ അയവിറക്കൽപോലെ ജീവിതത്തിന്റെ അനർഘമായ കാലഘട്ടമായിരുന്നു. കേരളത്തിൽ മറ്റെങ്ങും കിട്ടാത്ത സൗഹൃദത്തിന്റെ പച്ചപ്പുള്ള നാടായിരുന്നു അന്നത്തെ കോഴിക്കോട്. അവിടുത്തെ, സുന്ദരൻമാരിലും സുന്ദരികളിലും ഏറ്റവും തെളിഞ്ഞു നിൽക്കുന്നത് പി.സി. എന്ന ഉറൂബ് തന്നെയാണ്. എല്ലാ ആഴ്ചകളിലും, ഒരു

ദിവസമെങ്കിലും ഒന്നുകിൽ അദ്ദേഹത്തിന്റെ വസതിയിൽ അല്ലെങ്കിൽ ഞങ്ങൾ താമസിക്കുന്ന ക്വാർട്ടേഴ്സിൽ അത്താഴത്തിന് കൂടുന്ന പതിവുണ്ടായിരുന്നു. നിർത്താതുള്ള വള്ളുവനാടൻ ശൈലിയിലുള്ള അനുഭവകഥകൾ കേട്ടുകൊണ്ടിരിക്കുന്നത്, നോവലുകൾ വായിക്കുന്നതുപോലെ മധുരതരവുമായിരുന്നു. ഭഗവത്ഗീതയുടെ പതിനെട്ടദ്ധ്യായത്തിലൂന്നി, പതിനെട്ട് അക്ഷൗഹിണിപ്പടയുടെ ബലത്തിൽ പതിനെട്ടു ദിവസത്തെ യുദ്ധത്തെപ്പറ്റി പതിനെട്ടിന് പ്രാധാന്യം കൊടുത്തെഴുതാനിരുന്ന ഒരു ബ്രഹത് രചനയെപ്പറ്റി അദ്ദേഹം പറയുമായിരുന്നു. മകൾ ശ്രീലതയുടെ വിവാഹത്തിന് ഒരു വീട്ടമ്മയെപ്പോലെ എന്റെ ഭാര്യ ഉഷ സഹകരിച്ചത് പിന്നീടും സൂചിപ്പിക്കാറുണ്ടായിരുന്നു. വള്ളുവനാടിന്റെ ഈ കഥാകാരനോടുള്ള അടുപ്പം കുട്ടനാട്ടുകാരായ ഞങ്ങൾ ഇന്നും നെഞ്ചിലേറ്റി നടക്കുന്നു. കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിൽ ഗൈനക്കോളജിസ്റ്റായി ജോലി ചെയ്തിരുന്ന ഞങ്ങളുടെ കുടുംബാഗം തന്നെയായ (തലവടി പൂണുതറ) ഡോ. പി.റ്റി രാജമ്മയും അവരുടെ ഭർത്താവ് പരേതനായവാസുദേവപ്പണിക്കരും (വർക്കേഴ്സ് എഡ്യുക്കേഷൻ ഡയറക്ടറായിരുന്നു) കോഴിക്കോടു ജീവിതത്തിൽ മറക്കാനാവാത്ത ബന്ധങ്ങളായിരുന്നു. ഡോ.രാജമ്മയുടെ അമ്മുമ്മയായിരുന്ന നാരായണിയമ്മയുടെയും അവരുടെ സഹോദരിമാരായ ജാനകിയമ്മ, ഗൗരിയമ്മമാരുടെയും പഴയ തിരുവാതിരപ്പാട്ടുകൾ എന്റെ ജേഷ്ഠസഹോദരനായ കാവാലത്തിന്റെ പഴയ പാട്ടുകളുടെ ശേഖരത്തിലുണ്ട്. ഇവരുടെ മകൻ ഡോ. വേണു ഇപ്പോൾ കൾച്ചർ ഡിപ്പാർട്ടുമെന്റു സെക്രട്ടറിയാണ്. മാതൃഭൂമിയുടെ ‘ചെറിയ മനുഷ്യരും വലിയ ലോകവും’ വഴി പ്രസിദ്ധനായിരുന്ന റബ്ബർ ബോർഡിലെ ജീ. അരവിന്ദനെയും ഭാര്യ ലീലയേയും ഈ കാലയളവിലാണ് പരിചയപ്പെടുന്നത്. ഉത്തരായനത്തിന് വേണ്ടി, അടൂർഭാസിയെക്കാണാൻ മഹാറാണി ഹോട്ടലിലേക്ക് എന്നെക്കൂട്ടിയാണ് അരവിന്ദൻ പോയത്. കാവാലവുമായി പരിചയപ്പെടുന്നതും കോഴിക്കോട്ടു വെച്ചാണ് കാഞ്ചനസീതയിലേക്കെത്തിയപ്പോഴേക്ക് ആ പാരസ്പര്യം കൂടുതൽ ദൃഢമായി. മഹാകവി അക്കിത്തവും ഗാന്ധിഗ്രാമിൽതാമസിക്കുന്നകാലം മുതൽക്കേ അന്യോന്യ കുടുംബ ബന്ധം പുലർത്തിയിരുന്നു. ആകാശവാണിയും എൻ.ബി.എസും അളകാപുരിയും ഒക്കെ തിക്കൊടിയൻ, എൻ.എൻ കക്കാട് പട്ടത്തുവിളതുടങ്ങിയവരുമായി ഇടപഴകുന്നതിനുള്ള സ്ഥലങ്ങളായിരുന്നു അതിനിടയിലെ കൂട്ടുകുടുംബത്തിലെ ചില്ലറ പടലപിണക്കങ്ങൾക്കും സാക്ഷിയാകേണ്ടിവന്നിട്ടുണ്ട്. മലയാളകവിതയുടെ അമ്മ ബാലാമണിയമ്മയും, വി.എം നായരും താമസിച്ചിരുന്ന ബാങ്കോക്ക് ഹൗസിലും ഇടയ്ക്ക് പോകാറുള്ളത് ഓർക്കുന്നു. സർദാർ പണിക്കരുടെകൂടെ ഹിന്ദുസ്ഥാൻ

ടൈംസിൽ ജോലിചെയ്തിരുന്ന ശ്രീ വി.എം നായരുടെ കവയിത്രി യുമായുള്ള വിവാഹത്തിന് നാലപ്പാടൻ - കെ.എം പണിക്കർ സൗഹൃദവും നിമിത്തമായിരുന്നു. ഇന്ന് പഴയ കോഴിക്കോടിനും വളരെമാറ്റം സംഭവിച്ചിരിക്കുന്നു.

കല ജീവിതം തന്നെയെന്ന തിരിച്ചറിയലിലൂടെ വളർന്ന ഒരു കൂട്ടു കുടുംബത്തിൽ നിന്നും അണുകുടുംബത്തിലേക്ക് പറിച്ചു നടപ്പെട്ട പല കുടുംബങ്ങളുടെ സമുച്ചയമാണ് ഞങ്ങളുടേതായി ഇന്നുള്ളത്. മനുഷ്യന്റെ അസ്തിത്വത്തിനും സ്വതന്ത്രകലാവിഷ്ക്കാരത്തിനും വേണ്ടി ഗുജറാത്തിൽവരെ പോരാടുന്ന ആൾക്കാർ ഇതിലുണ്ട്. കുട്ടനാടിന്റെ തനത് രൂപങ്ങൾ കാവാലത്തിന്റെ ചവിട്ടിക്കുഴച്ച ചെളിയിൽ വിരിയുന്ന താമരപ്പൂക്കളാണ്. കുഞ്ചൻ നമ്പ്യരാശാന്റെ കാലം തൊട്ട് വളക്കുറേറ്റിയ മണ്ണിൽ തകഴിയിലെ കഥാകാരൻ കുട്ടനാടിനെ വിശ്വോത്തരമാക്കി. ലോകം മുഴുവനറിയുന്ന ചരിത്ര ഗ്രന്ഥകാരൻ, രാഷ്ട്രതന്ത്രജ്ഞൻ, നയതന്ത്രജ്ഞൻ, പത്രാധിപർ, മലയാള ഭാഷയുടെ വിവിധ ശാഖകളിൽ വ്യക്തിമുദ്രപതിപ്പിച്ച സാഹിത്യകാരൻ എന്നീ നിലകളിൽ കേരളത്തിലും, ഇന്ത്യയിലും, ലോകത്തെവിടെയും കാവാലമെന്ന കുഗ്രാമത്തെ കൊണ്ടെത്തിച്ച സർദാർ പണിക്കരും ഈ നാൾവഴിപേരേടിലെ കഴിഞ്ഞ നൂറ്റാണ്ടിന്റെ നാഴികക്കല്ലാണ്. കാവാലവും അയ്യപ്പപ്പണിക്കരുമൊക്കെ കൂട്ടായ്മയിലൂടെ കുട്ടനാടത്തെ ചൊൽക്കാഴ്ചയിലൂടെയും, കെട്ടിക്കാഴ്ച്ചയിലൂടെയും ലോകത്തിനു മുൻപിലെത്തിച്ചു. കാവാലം ഇന്നും അത്തുടർന്നുകൊണ്ടിരിക്കുന്നു. പ്രകൃതിയെ വേറിട്ട് വ്യക്തിത്വമില്ല., കുടുംബത്തമില്ല, സാമൂഹ്യ പ്രതിബദ്ധതയുമില്ല. പ്രകൃതി സമയാചാര തത്പരയാകയാൽ വ്യക്തി കുടുംബ ബന്ധങ്ങൾ ചാക്രിക പരിണാമത്തിലുള്ള സാമൂഹ്യ കാഴ്ചപ്പാടുകളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഒരു തുടർ വിദ്യാഭ്യാസ പദ്ധതിയിൽ ഏ.ഡി 2020 ലേക്കാവട്ടെ ഈ വസുധൈവ കുടുംബകത്തിന്റെ ലക്ഷ്യം.........

# നഖചിത്രങ്ങൾ

(ഞങ്ങളുടെ ജ്യേഷ്ഠ സഹോദരനായ ചാലയിൽ കേശവപ്പണിക്കരുടെ അൻപതാം വിവാഹ വാർഷികത്തിന് കാവാലം നാരായണപ്പണിക്കർ ഗുരുപൂജയായി സമർപ്പിച്ച കവിത)

മനസ്സോടു, മനസ്സോടു
മനസ്സിന്നുള്ള മൈത്രിയിൽ
പിതാക്കളിൽ കൂറെഴുന്ന
മക്കൾ കൂടും സദസ്സിതിൽ

പ്രായമായെന്ന് രോമങ്ങൾ
വെളുക്കെ ചിരിതൂകവേ
ഞങ്ങളും വന്നു. കാലത്തിൻ
വഴിനീളമളന്നവർ

അളന്നിട്ടും, അളന്നിട്ടും
തീരാതുള്ള കണക്കുകൾ
ആർക്കുമേതു മുഴക്കോലും
കൊണ്ടളക്കാനസാദ്ധ്യമാം

നിങ്ങൾ ജീവിതമാം പോരിൽ
പയറ്റുന്നവർ, കൂട്ടമായ്
വിജയത്തെയളക്കുന്ന
യജ്ഞമീ ഗുരുവന്ദനം

സ്വർണ്ണവൈവാഹികാഘോഷ-
മീവേളയതി ദുർല്ലഭം
തിരിഞ്ഞുനോക്കും ഞങ്ങൾക്ക്
വീണ്ടും ബാല്യം ലഭിയ്ക്കയോ?

ഒരമ്മപെറ്റവർ ഞങ്ങ-
ളേഴു കൂടപ്പിറപ്പുകൾ
മൂന്നാണാൾ, രണ്ടു പെണ്ണാളും
വാർദ്ധക്യത്തിൻ വിരുന്നുകാർ

ഏറ്റമഗ്രജരായുള്ള
രണ്ടുപേർ മൺമറഞ്ഞുപോയ്
വരും ജന്മങ്ങളിൽ കൂടെ
എപ്പോളവർ മടങ്ങുമോ!

അഥവാ ചെന്നു ചേർന്നുള്ള
സ്വർഗ്ഗത്തിലവർ വാഴ്കയോ
തിരിച്ചു ജന്മമേൽക്കുന്ന
പാപഭാരമെഴാത്തവർ

ഒന്നാമൻ രാമകൃഷ്ണാഖ്യൻ
ഓർമ്മവെച്ചുള്ള നാൾ മുതൽ
കാവ്യവും, താളവും ചൊല്ലി-
ത്തന്ന സൽഗുരുവാം കവി.

ഗീതചൊല്ലി പഠിപ്പിച്ച-
തെന്നച്ഛൻ സാത്വികാഗ്രിമൻ
സൂര്യഗായത്രി ചൊല്ലിത്ത-
ന്നമ്മ ശക്തി സ്വരൂപിണി!

അമ്മയ്ക്കുടപ്പിറന്നുള്ള
മൂത്തയാൾ മന്ത്രദീക്ഷയും
ഇളയമ്മാവനും നൽകീ-
കനിവിൻ കാവ്യദീക്ഷയും

രണ്ടാമൻ ഗോപിമങ്ങാതെ
നിൽക്കുന്നോർമ്മയിലിപ്പോഴും
സത്യവാനായ് വേഷമിട്ടു
കഥകാര്യത്തിലാക്കിയോൻ

യമനിൽ നിന്നുമാജീവൻ
നാട്യത്തിൽ വീണ്ടെടുക്കിലും
ഒരു സാവിത്രിയുണ്ടായി-
ല്ലത് യാഥാർത്ഥ്യമാക്കുവാൻ

പിന്നെയെത്തിയതാണെന്റെ
തൊട്ടുനിൽക്കുമൊരഗ്രജൻ
സൈഗാളിൻ പാട്ടുകേൾപ്പിച്ചു
വാസനാശാലിയാം ഗുരു.

അരവിന്ദൻ കണ്ടെടുത്ത
വാല്മീകി പ്രതിമാധനൻ
താടിമീശയ്ക്കൊപ്പമുള്ളി-
ലാത്മീയവുമറിഞ്ഞിതേ.

ബ്രഹ്മവാദികൾ ചൊല്ലുന്നു
ജേഷ്ഠനച്ഛനു തുല്യനാം
അപ്പാദങ്ങളിലർപ്പിപ്പൂ
പ്രണാമങ്ങളനന്തമായ്

കേച്ചേട്ടത്തിയ്ക്കുകൈകൂപ്പാം
വല്യേട്ടത്തിയ്ക്കുമൊപ്പമായ്
ഗുരുഭൂതർക്കു സർവ്വർക്കും
പാദപൂജ നടത്തുവൻ

ഇനി ഞാനൽപമോതട്ടെ
സ്വന്തം കാര്യം വിനീതമായ്
നാലാങ്കാലാണിവൻ, പെണ്ണായ്
ജനിക്കാനായിരുന്നവൻ

പെണ്ണ ല്ലെന്നറികെപ്പെറ്റ-
പാടെ പാളയൊടൊപ്പമായ്
കുളിപ്പിക്കാതെ തൻ കട്ടിൽ-
ച്ചുവട്ടിൽത്തള്ളിവെയ്ക്കിലും

അമ്മതൻ നെഞ്ചിലെ പ്രേമം
ചുരത്തിയ വഴിക്കു ഞാൻ
ജീവിക്കാൻ വീണ്ടുമിങ്ങെത്തി
ദൈവാനുഗ്രഹ ഹേതുവാൽ

കൂടെകൂടിയൊരാളെന്നെ
സേവിക്കാനായുറച്ചവൾ
പിണങ്ങാനുമിണങ്ങാനും
ഞങ്ങൾ പണ്ടേ പഠിച്ചവർ

പിന്നെസ്സഹജരായുള്ള
കുടുംബത്തിൻ വിളക്കുകൾ
ഗൗരീ, സരസ്വതീ ദ്വന്ദ്വം
വംശത്താവഴി നീട്ടിയോർ

ഉണ്ടല്ലോ രണ്ട് സ്യാലന്മാർ
സ്നേഹശീലം പുലർത്തുവോർ
മരുമക്കത്തായ ബന്ധ
സ്മൃതി ഞങ്ങൾക്കു നൽകുവോർ

പളനി പ്രഭുവാം വേലാ-
യുധൻ കൈനീട്ടമേകിയോൻ
അമ്മയ്ക്കു പൊന്നുമോൻ,പ്രേമാ-
യുധനുണ്ടു കനിഷ്ഠനായ്

ഉഷസ്സുപോൽ ഉണർവിന്റെ
സൽപ്രതീകം മനസ്വിനി
സൽക്കർമ്മ ശ്രദ്ധപൂണ്ടുള്ള
പതിദേവതയാണുഷ.

തീർന്നില്ല ഞങ്ങൾതൻ സ്നേഹ
ത്തുടർക്കണ്ണികൾ, മക്കളായ്
മരുമക്കളായ് നീളു-
മീയാത്രയിതനന്തമേ.

# ഒന്നുമൊന്നുമൊന്ന്

(വേലായുധപ്പണിക്കർ)

(ജ്യേഷ്ഠസഹോദരൻ കാവാലം നാരായണപ്പണിക്കരുടെ അൻപതാം വിവാഹ വാർഷികത്തിന് ഗുരുപൂജയായി സമർപ്പിച്ചത്)

ഒന്നുമൊന്നും കൂട്ടി
ഒന്നായ കർമ്മയോഗം
ഹരിശ്രീ കുറിച്ചിട്ടിന്നൻ-
പിൻ അൻപതാണ്ടുകളായി.

ഇളമക്കാരെല്ലാം കൂടി
ഗുരുവന്ദനമോതുമ്പോൾ
തമസ്സിൽ ജ്യോതിരാദിത്യ
ഹൃദയം സോപാന സന്നിധി!

പഴമയിൽ ചെമ്പകശ്ശേരി,
തനിമയിൽ കാവാലവും.,
യശസ്സിൽ കുടുംബശ്രീ
മേളിതമമൃതവർഷണം.

പെണ്ണായിക്കാണാഞ്ഞമ്മ
പാളതള്ളിയ താളം
തൗര്യത്രിക വൈഖരിയാക്കി
നാടകാന്ത്യം കവിത്വം.

സംഘർഷത്തിൽ നിന്നുനീളും
അന്ത്യത്തിൽ ലാസ്യമാടിടും
പുരുഷ-പ്രകൃതി വായ്ത്താരി
മുത്തായ്പ്പിൽ വർണ്ണദീപ്തിതം

അകത്തളത്തിൻ ധ്വനി
തിരുവാതിരപ്പാട്ടിലും,
പുറംവാതിലിൽ മുട്ടും
കാക്കാരിശ്ശ നാട്യവും

ഒറ്റയ്ക്കും കൂട്ടമായിട്ടും
വന്നെത്തും നാടോടികൾ
ചൊല്ലുന്നയീണങ്ങളിൽ
നാടിന്റെ പുഹോയ് ചേർത്തു.

ഗോവിന്ദ ഗണകൻ ചൊല്ലി
പഠിപ്പിച്ച സംസ്കൃതവും
നൂറും പാലുമാടുന്ന
നന്തുണിനിനാദവും

വേലയും തുള്ളലുമേറ്റും
പള്ളിയറത്തിരുമുറ്റത്തെ
ഉടയോരെ കാക്കുമമ്മ
തനതിന്നുർജമേകിയും

എല്ലാമശയായ് കോർത്ത്
ഗ്രാമത്തെ ഗുരുവായേറ്റി
കളികാര്യമാക്കിക്കൊണ്ട്
നാടെല്ലാം കളിത്തട്ട്

പണ്ടത്തെ പച്ചപ്പിന്ന്
ഓർമ്മയിൽ കിനിയുന്നു
പഴമയിൽ പുതുമ തേടുന്ന
തൃക്കണ്ണാം ഗ്രാമഭംഗിയിൽ

സ്വന്തമെന്നൊന്നില്ല, പക്ഷെ
ബന്ധങ്ങളലൗകികം
ഗൃഹാതുരത്വമേറ്റുന്ന
സോപാന യജ്ഞസാധകം

പ്രേമത്തിൻ നാഭീബന്ധം
ബിസതന്തുതനീയസം
കൂട്ടായ്മയാം കടപ്പാടിൻ
അണുബന്ധ കുടുംബകം

ഇതിലെക്കനിഷ്ഠരാം ഞങ്ങൾ
മാതൃപൂജ നടത്തട്ടെ
പിതൃതുല്യസമർപ്പണം
ഭ്രാതൃജനങ്ങൾക്കെല്ലാം

മാംഗല്യ ശതകാർദ്ധകം
ചേട്ടനും ചേട്ടത്തിക്കുമായ്
നേരുമ്പോൾ ഫലശ്രുതി
സോപാനമക്കൾക്കെല്ലാം

അമ്മയിൽ അർപ്പിച്ചൊരു
കർമ്മബ്നധത്തിൻ ലയം
ഒഴുകട്ടെയനസ്യൂതം
ദേശാന്തരങ്ങളിലൂടെ....

# നീർമാതളച്ചോട്ടിൽ

(വേലായുധപ്പണിക്കർ, കാവാലം)

(ഞങ്ങളുടെകുടുംബ തായ്‌വഴിയിൽ ഉാച്ചിയമ്മ വഴിയുള്ള ശാഖാ വല്ലരിയായ അയ്യപ്പപ്പണിക്കരുടെ ഓർമ്മയ്ക്കായി)

രണ്ടാണ്ട് പൊഴിയുമ്പോഴും
മനസ്സിന്നേതോകോണിൽ
തുറക്കും ജാലകത്തിലൂടാ-
ക്കള്ളച്ചിരിയും കുന്നായ്മയും,
ഒരു കണ്ണിലെഴുതിയ
കുസൃതിച്ചാലിലഞ്ജനം
മറുകണ്ണാകെപ്പടരും
സ്നേഹത്തിൻ കടുക്കഷായവും
ഇടതൂർന്നമിന്നാമിന്നു
ഭാവമാം നാട്ടുനാട്യം
കടലുംകടന്നോരോ
ബന്ധങ്ങളെത്ര ചേലിൽ

അറിയുന്നയ്യപ്പാന്ന്
മറിയുന്നു വയ്യപ്പാന്നും
മറയുന്നാജന്മമറിയലും
അറിയിക്കലും
ഓർമ്മിക്കാൻ ബുദ്ധിവേണ-
മപരമാം ബോധതലം
നീരുറ്റ മാതളക്കനിയിൽ
കോശങ്ങളാനന്ദമയം
മറയേണ്ടതെങ്ങോട്ടെ-
ന്നറിയാതെ
മയക്കമോ...?
ഉറക്കുപാട്ടാം
ചൊൽക്കാഴ്ചയാളുണ്ട്
കേൾക്കാനെങ്കിൽ
തുടിതാളമുതിർക്കട്ടെ
നീർമാതളച്ചോട്ടിലായി.
മലയാളമൻപിൻ കാറ്റി-
ലാസേതുഹിമാചലം
ഗഗനചാരിയായെത്തു-
ന്നിവിടെ പൂത്തുലയാൻ
സ്പന്ദിക്കും മാതളച്ചോട്ടിൽ

തൂവൽസ്പർശമേറ്റി-
യുറങ്ങുന്നോ...?
നടിക്കുന്നോ...?
ഉപ്പാലിളാച്ചിമാരൊപ്പം

രഹസ്യത്തിൻ ചെപ്പിലിറ്റ്
പ്രപഞ്ചമൊളിപ്പിച്ച
കാലപ്രമാണമാണ്ടിൽ
മാസങ്ങളറുതികൾ
ആഴ്ചകളോരോന്നെണ്ണി
പകലുകൾ രാത്രികളും
കറക്കുമ്പോൾ വെളുക്കുന്ന
നറും പാലിൻ നുരകളിൽ
ദിവസങ്ങളേഴുനിറക്കൂട്ടിലെ
കെട്ടിക്കാഴ്ച

നുകരും പകർന്നാട്ട-
മയച്ചും കുറുക്കിയും
നാടിന്റെ റോസിലി
തങ്കച്ചന്മാരഭിനേതാക്കളായി
അരങ്ങിലെത്തും മണ്ണിൽ
നാടകാന്ത്യത്തിനു നാന്ദി....

ഇവിടെവെള്ളംകേറാ-
നിത്തിരി മഴമാത്രം
ഇവിടെയുണങ്ങിവരളാ-
നൊത്തിരിവെയിലും വേണം

കുന്നിലെക്കുന്നായ് മകളൊ-
ഴുകിയെത്തുന്നെക്കൽ
നിറംപാടലിൻ ചാലുകീറി
പുക്കൈതയാറിൻ തീരം

തെളിഞ്ഞമാനം രാത്രി
യൊരുക്കും നക്ഷത്രങ്ങൾ
ഒളിഞ്ഞും തെളിഞ്ഞുമീനാട്ടിൽ
വിരുന്നിനെത്താറുണ്ട്
പൊലിയ്ക്കപൊലി അയ്യപ്പാ!
നീർമാതളച്ചോട്ടിലെ മേനി
പൊലിപ്പിയ്ക്കതനിമയിൽ
ചുട്ടനാടിന്റെ കുട്ടനാടത്തം....

# അക്ഷരത്തിളക്കത്തിലെ കുട്ടനാടത്തം

(മൺമറഞ്ഞ അയ്യപ്പപ്പണിക്കരുടെ ഓർമ്മയ്ക്കായി കേരളകവിത 2007 ൽ ലേഖകൻ പ്രസിദ്ധീകരിച്ച ശ്രദ്ധാഞ്ജലി)

ഉപ്പാലിയമ്മ അഥവാ ഉമ്മിണിയമ്മ വഴി ഞാനും, ളാച്ചിയമ്മ വഴി അയ്യപ്പപ്പണിക്കരും ബന്ധപ്പെട്ടിരിക്കുന്നു. തലമുറകളുടെ വിടവിൽ അമ്മാവന്റെ സ്ഥാനമെനിക്കുണ്ടെങ്കിലും, എന്നെക്കാൾ എട്ടുവയസ്സ് കൂടുതലുള്ള പണിക്കർചേട്ടന് ഞാൻ വേലാംകുഞ്ഞും എനിക്കു പണിക്കർ ചേട്ടനുമായിരുന്നു. ഏറ്റവുമൊടുക്കം, ആ കാൽതൊട്ടു വന്ദിച്ചു പിരിയുമ്പോൾ "എല്ലാറ്റിനും നന്ദി" എന്ന ഹൃദയത്തിൽ തൊട്ടവാക്കുകൾ ഇന്നും ചെവിയിൽ മുഴങ്ങുന്നു. ഇതേ വികാരം അയ്യപ്പണിക്കരോട് ബന്ധപ്പെട്ടവരെല്ലാം തന്നെ മനസ്സിൽ സൂക്ഷിക്കുന്നുവെന്നും അറിയാം.

രചനയുടെ ഉദാത്തഭാവുകത്വത്തിൽ നിന്നും സാധാരണയിൽ സാധാരണമായ ലോകധർമ്മിയുടെ തലത്തിലേക്കുള്ള പരിവർത്തനം അയ്യപ്പപ്പണിക്കരുടെ സാഹിത്യ സൃഷ്ടിയിലെ പ്രത്യേകതയായിരുന്നു. ഇതിലെ വൈരുദ്ധ്യങ്ങൾ ബ്രഹ്മപുത്രനിൽ നിന്ന് ഹസീദ-രഞ്ജിത്ത് പ്രണയകഥയിലേക്കുള്ള മൊഴിമാറ്റം ദോഷൈകദൃക്കുകൾക്കു പൊത്തൊരുത്തമില്ലായ്മയായി തോന്നാമെങ്കിലും ഒന്നിനുമറ്റൊന്നു താങ്ങായി മാറുന്ന ഒരു നൂതന ചിന്താധാര തുറക്കപ്പെടുന്നുണ്ടെന്നതാണ് ആത്യന്തികമായി സംഭവിക്കുന്നത്. അതേ വികാരം, പകലിന്റെ പിന്നിലെ രാത്രിയായോ, രാധയ്ക്കുപിന്നിലെ കൃഷ്ണസങ്കല്പമായോ, പ്രകൃതിയെ അനുവാചകരോടടുപ്പിക്കുന്ന സുസ്വരമായോ രൂപം കൊള്ളുന്നു. കരദർശനം ഒരു മംഗളമായ ചടങ്ങാണെങ്കിലും, ഹൃദയരേഖകാണാൻ കഴിയാത്ത കരദർശനം അർത്ഥശൂന്യമെന്ന് അറിയുന്ന കവിയായിരുന്നു അയ്യപ്പപ്പണിക്കർ. അദ്ദേഹത്തിലെ കവി ഒരിക്കലും അദ്ദേഹത്തിലുള്ള മനുഷ്യസ്നേഹത്തിനോ, ബന്ധത്തിനോ പ്രതിബ

ന്ധമായിരുന്നിട്ടില്ല. മറിച്ച്, അദ്ദേഹത്തിലെ വിശ്വപ്രേമം തന്നെയാവാം കവിതയുടെയും വാക്കുകൾക്കുള്ളിലെ ഫലിതത്തിന്റെയും ഉറവിടം. ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പ്രായേണ ഏറെ അറിയപ്പെടാത്ത നാടോടിക്കവിതകളെപ്പോലും തേടിച്ചെന്ന് മലയാളത്തോടടുപ്പിച്ച ചേതോവികാരവും ഇതുതന്നെ. അതേപോലെ, മലയാളകവിതയേയും മലയാളത്തേയും കേരളത്തിന്റെ കുറിയ അതിരുകളെ ഭേദിച്ച് അന്യ ഭാരതീയ ലോക ഭാഷകളിലേക്ക് സംക്രമിപ്പിക്കുക എന്ന കർമ്മം ഒരു മലയാളകവിയെന്ന നിലയിൽ നിന്നും വിശ്വമാനവികതയിലേക്ക് ഉയർത്തി. പണിക്കരുടെ ഇംഗ്ലീഷ് പരിജ്ഞാനം ഇതിന് ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. സമാനതകളും, അന്യോന്യതയും കാവാലത്തിന്റെ നാടക പ്രസ്ഥാനത്തോടും അതിനോരു ചേരുന്ന ചൊൽക്കാഴ്ചയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ക്ഷിപ്ര-പ്രശസ്തിയുടെയെല്ലാം അപ്പുറത്തായി, വരും തലമുറകൾക്ക് അപഗ്രഥിച്ച് മനസിലാക്കാനുള്ള ഒട്ടേറെ സമസ്യകൾ ലോകത്തിനുമുൻപിൽ അവതരിപ്പിച്ചിട്ടാണ് അദ്ദേഹം വിടവാങ്ങിയത്. ബാക്കിയുള്ളത് കാലത്തിനു വിട്ടുകൊടുക്കുക.

കുന്നായ്മകളെപ്പറ്റി എഴുതിയ ഈ കവിക്ക് അതുമായി പുലബന്ധംപോലും പുലർത്താനാവില്ല. ജീവിതം കൊടുത്ത കടുക്കക്കഷായം പോലും കുടിച്ചിറക്കിയതോ ഫലിതത്തിലൂടെ മാത്രം. ഇതിലൊക്കെ, സ്വതസിദ്ധമായ ഒരു കുട്ടനാടത്തം ഉണ്ടായിരുന്നു. ഒരുപക്ഷെ, അതുതന്നെയാവാം, കാവാലത്ത് വളക്കൂറുള്ള മണ്ണിൽ വീണ്ടുമൊരു ബീജമായിത്തീരാൻ കൊതിച്ചിവിടെത്തന്നെ മടങ്ങിവരാൻ കാരണം. കുട്ടനാടിന് ചുട്ടനാടിന്റെ ഒരു ചരിത്രമുണ്ട്. പാണ്ഡവർക്ക് താമസിക്കേണ്ടിവന്ന ഒരു വനപ്രദേശം പിന്നീട് തീപിടിച്ച് ചുട്ട കരിപ്രദേശങ്ങളാണ് വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാട്ടിലുള്ളത് എന്ന ഒരു ചൊല്ലുണ്ട്. “നെല്ല് പണം ചക്രം കാശ്” എന്ന പുറംതോടണിഞ്ഞ പ്രാപഞ്ചികന്മാരാണ് സാധാരണ കുട്ടനാടൻ മക്കളെന്ന് തോന്നാം. പൂക്കൈതയാറിന്റെ ആഴവും, പരപ്പും ഒഴുക്കുമൊക്കെയായിരിക്കാം, അതുക്കുമീതെ തോണികടത്താം എന്നുള്ള നിശ്ചയദാർഢ്യത്തിന് ചുക്കാൻ പിടിച്ചത്. അവരുടെ പുറം തോടൊന്നു പൊളിച്ചാൽ, ഭഗവദ്ഗീതതൊട്ട് ശ്യാമളാദണ്ഡകം, സൗന്ദര്യ ലഹരി വരെ ശ്ലോകങ്ങൾ ചൊല്ലാനും അർത്ഥം പറയാനും കെൽപുള്ള സാധാരണക്കാരുടെ നാടായിരുന്നു കുട്ടനാട്. കറ്റമെതിക്കുന്ന താളത്തിൽ തുള്ളൽ കൃതികളും, എഴുത്തച്ഛൻ രാമായണവും കളത്തിൽ മുഴങ്ങുന്ന ചൊൽക്കാഴ്ച ഇന്നും മനസ്സിലുണ്ട്. പുതുപ്രതിഭകളെ സ്വീകരിക്കുവാൻ എപ്പോഴും വൈകുന്ന ഒരു സമ്പന്നഭൂവിഭാഗമാണു കുട്ടനാട്.

അവധിക്കാലത്ത് കോട്ടയത്തുനിന്നും പിന്നീട് കോഴിക്കോട്ടുനിന്നും ഓലിക്കൽ വന്നുകൊണ്ടിരുന്ന പണിക്കർ ചേട്ടനെയാണ് എന്റെ സ്കൂൾ ജീവിതത്തിലെ ഓർമ്മ. പനിനീർപ്പൂക്കൾ എന്ന പേരിലാണെന്നു തോന്നുന്നു ഒരു കവിതാസമാഹാരം പ്രസിദ്ധീകരിച്ച കാലം. ഞങ്ങൾക്കെല്ലാം പ്രിയപ്പെട്ട മലയാളം മുൻഷിസാർ ഒരു സായംസന്ധ്യയിൽ സ്കൂളങ്കണത്തിൽ വച്ച് അയ്യപ്പപ്പണിക്കരോട് ശാസനാരൂപേണ പറഞ്ഞത് ഇന്നും ഓർക്കുന്നു. ആശാനും, ഉള്ളൂരും, വള്ളത്തോളുമൊക്കെ വായിച്ച് മനസ്സിലാക്കിയിട്ടു വേണം കവിതയെഴുത്ത് തുടങ്ങാൻ. അത്ര പതംവന്ന ഫലിതമായിരുന്നില്ലെങ്കിലും അതിന് മറുപടിയായി തന്റെ കവിതയും വേറിട്ടൊരു ശൈലിയാണെന്നും അനുകരണമല്ലെന്നും സാറിനോടു പറയുന്ന നിശ്ചയദാർഢ്യം ഇന്നു ഞാൻ തിരിച്ചറിയുന്നു. പിനിനീർപ്പൂക്കളുടെ ശൈലിയിൽ നിന്നും വേർപിരിഞ്ഞെങ്കിലും, പിന്നീട് പതം വന്ന് വികസിച്ച കാവ്യമീമാംസയിൽ സ്വന്തമായൊരു മാർഗ്ഗത്തിലൂടെ സമഗ്രമായ ഒരു കാഴ്ചപ്പാടിനു വഴിവെച്ചു കടന്നുപോയ വീഥികളിലെത്ര സഹയാത്രികർ! എത്ര വിദ്യാർത്ഥികൾ! ജീവിതത്തെത്തന്നെ, അറിവിന്റെ അറിയലാക്കി മാറ്റിയ ഈ ഏകതാനതയുടെ മൂല്യം വരുംകാലങ്ങളിലാണ് വാചാലമാവുക. അതിനുപാകമായ ശിഷ്യസമ്പത്തും, സുഹൃത്തുക്കളും ലോകമെമ്പാടും പരന്നുകിടക്കുന്നു.

ഈ ഓർമ്മക്കുറിപ്പ് അവസാനിപ്പിക്കുന്നതിനുമുമ്പ്, 64-ാം വയസ്സിൽ ഈ ലേഖകനെ യുവകവിയാക്കിയ ഒരു സ്വകാര്യസംഭവം കൂടെ പറയട്ടെ. 37 വർഷങ്ങൾക്കുമുൻപ് തുടങ്ങിയ കേരളകവിതയുടെ 2003 ലെ പ്രകാശനകർമ്മം കാവാലത്ത് നടക്കുന്നു. 1964 ലോ മറ്റോ സമന്വയം എന്ന ഒരു മാസികയിൽ ആമത്താലി എന്ന എന്റെ ഒരു കവിത പ്രസിദ്ധീകരിച്ചതൊഴിച്ച്, സ്വകാര്യ കുടുംബസദസ്സിലൊക്കെ മാത്രം കവിത ചൊല്ലിയിരുന്ന എന്റെ 'ജനനം ജീവിതം മരണം' എന്നൊരു കവിത പണിക്കർ ചേട്ടന്റെ കൈയ്യിൽപ്പെട്ടു. ആകെക്കൂടെ ഒരുകൂട്ടം അഭിപ്രായം മാത്രം പറഞ്ഞു. 'ഇതെന്റെ കൈയ്യിലിരിക്കട്ടെ. ഒരറിവിന്റെ അറിയലല്ലേ' എന്നാൽ, അതിനൊരു വെട്ടും തിരുത്തുമില്ലാതെ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞത് സമ്മേളനത്തിന് മുമ്പ് അത് വായിച്ച് ഉദ്ഘാടനകർമ്മം നടത്തണമെന്ന് പറഞ്ഞപ്പോഴാണ്. 68 വയസ്സായ എന്റെഅനുഭവം തന്നെ 15 വയസ്സായ അപർണ്ണ സുധയ്ക്കും, അതുപോലെ എത്ര ബാല-കൗമാര-യുവകവികൾക്കും കഴിഞ്ഞ മുപ്പത്തേഴു വർഷങ്ങളായി തോന്നണമെങ്കിൽ അതു തന്നെ കേരള കവിത തുടർന്നുകൊണ്ടുപോകുന്നവർക്ക് പ്രചോദനമാകട്ടെ.

ഇതുതന്നെയാണ് അയ്യപ്പണിക്കർക്കുള്ള ഒരു സ്മാരകവും. ●

"സാമൂഹ്യനാൾവഴിയും ഒരു കുടുംബ ചരിത്രവും" എന്ന ഈ കൃതി എഴുതിയ പ്രൊഫസർ കാവാലം വേലായുധപ്പണിക്കർ കേരളീയ ജീവിതത്തിന്റെ തനിമയാണ് തുറന്നുകാട്ടുന്നത്. നമുക്ക് മനഃശാസ്ത്രപരമായ ഒരു ചികിത്സയാണിത്. വേണ്ടവർക്കു വ്യക്തിത്വം വീണ്ടെടുക്കാൻ ഒരു വഴി, ഒരു തരം സ്വയം തോന്നിപ്പിക്കൽ (ആട്ടോസജസ്റ്റ്യൻ) എന്നുപറയാം. ചരിത്രരേഖയും തലമുറയുടെ അനുഭവവും ആണ് ഇതിലെ ഔഷധി. ഉൽക്കർഷഹേതുകമായ ഇത്തരം ഭാവ■മൊന്നും തന്റെ ഈ കുറിപ്പുകൾക്കുള്ളതായി ലേഖകൻ എങ്ങും സൂചിപ്പിക്കുന്നതേ ഇല്ല. ഉൽബോധിപ്പിക്കപ്പെടുന്നു എന്ന വിചാരം നമുക്കും ഉണ്ടാവില്ല. എല്ലാം സത്യസന്ധമായ മനുഷ്യാനുഭവത്തിന്റെ കഥനം ആയതിനാൽ വന്നുകൂടിയതാണ് ലഘുലേഖ എന്നപേരിൽ ബൃഹദ്കഥ.



വേലായുധപ്പണിക്കർ
കാവാലം





ISBN 81-7726-043-X

ആര്യഗായത്രി പബ്ലിക്കേഷൻ
കോട്ടയം